മഹാഭാരതം

# കർണ്ണപർവ്വം

എഴുത്തച്ഛൻ

വ്യാഖ്യാതാ:

എ.ഡി. ഹരിശർമ്മ

T61
H23

ശ്രീ മഹാഭാരതം

# കർണ്ണപർവ്വം

(കിളിപ്പാട്ട്)

★

DHARMARAM COLLEGE LIBRARY, BANGALORE.
19390
T64
H23

പ്രസാധകൻ:

**സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ**

എം. ആർ. ഏ. എസ്സ്.

★

[വില 1-25.

പരിഷ്കരിച്ച പതിപ്പ്

അച്ചടി:
പരിഷന്മുദ്രണാലയം, എറണാകുളം.

1963 ഏപ്രിൽ

# അവതാരിക

## തുഞ്ചത്തെഴുത്തച്ഛൻ

കേരളത്തിൽ കുടിൽ മുതൽ കൊട്ടാരംവരെ സാൎവ്വത്രികവും സാൎവ്വജനീനവുമായ സമാദരത്തെ സമാൎജ്ജിക്കാൻ സാധിച്ചിട്ടുള്ള ഒരൊററ പ്രാചീനകവി തുഞ്ചത്തെഴുത്തച്ഛനാകുന്നു. കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ ആ കവികുലഗുരു ഇന്നും ഭാഷാസാഹിത്യലോകത്തിൽ അത്യന്തം സമുന്നതമായ ഒരു സ്ഥാനത്തുതന്നെ സമുല്ലസിക്കുന്നു. ആ കവിവര്യന്റെ കിളിപ്പാട്ടുകൾ കേരളത്തിലെ ഓരോ ഗൃഹത്തിലും അന്നു കൊളുത്തിവെച്ച ഭക്തിദീപം ഇന്നും കെടാതെ സമുജ്ജ്വലിക്കുന്നു. കേരളീയൎക്കു് ആ മഹാന്റെ നേരെയുള്ള ബഹുമാനം എത്രമാത്രമാണെന്നു്, അവർ അദ്ദേഹത്തിനു നല്കിയ "മലയാളഭാഷയുടെ പിതാവു്" എന്ന സ്ഥാനംതന്നെ പ്രഖ്യാപനം ചെയ്യുന്നുണ്ടല്ലൊ. ഇത്രമാത്രം ആദരണീയനായ ഒരു മഹാപുരുഷന്റെ ജീവചരിത്രത്തെപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ ഇനിയും നമുക്കു കിട്ടിക്കഴിഞ്ഞിട്ടില്ലെന്നുള്ളതു്, കേരളീയർ ചരിത്രാംശങ്ങളെ—പ്രത്യേകിച്ചു് ജീവചരിത്രാംശങ്ങളെ—എഴുതി സൂക്ഷിക്കുന്ന വിഷയത്തിൽ പ്രദൎശിപ്പിക്കുന്ന ലജ്ജാവഹമായ അലസതയ്ക്കു് ഒരൊന്നാംതരം തെളിവാകുന്നു.

ബ്രിട്ടീഷ് മലബാറിൽ ചേൎന്ന പൊന്നാനിത്താലൂക്കിൽ തിരൂർ തീവണ്ടി സ്റ്റേഷനിൽനിന്നു് ഏകദേശം ഒരു നാഴിക തെക്കുപടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപമുള്ള തുഞ്ചൻപറമ്പിലാണു് എഴുത്തച്ഛന്റെ ജന്മസ്ഥലം എന്നു പരക്കെ വിശ്വസിക്കപ്പെട്ടുപോരുന്നു.

ആ ദിക്കുകാർ എഴുത്തച്ഛന്റെ നേരെയുള്ള ബഹുമാനത്തിന്റെ സൂചകമായി ആ പറമ്പിലെ മണ്ണാണത്രെ കുട്ടികളുടെ വിദ്യാരംഭത്തിനു് ഇന്നും ഉപയോഗിക്കുന്നതു്. അടുത്തകാലത്തു് അവിടെ ഒരു നല്ല 'തുഞ്ചൻ സ്മാരകം' സ്ഥാപിക്കാനുള്ള ശ്രമം തുടങ്ങീട്ടുള്ളതായുമറിയുന്നു. എഴുത്തച്ഛന്റെ ജന്മഭൂമിയെ സംബന്ധിച്ച ഒരേ ഒരു കാര്യത്തിൽ മാത്രമേ ജീവചരിത്രകാരന്മാർ ഭിന്നാഭിപ്രായമില്ലാത്തവരായി കണ്ടിട്ടുള്ളു.

കാലം, നാമധേയം, ജീവിതചര്യകൾ മുതലായവ അഭിപ്രായവ്യത്യാസങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വിധേയങ്ങളായിരിക്കയാണു്, ഇപ്പോഴും. എഴുത്തച്ഛന്റെ ജീവിതകാലം കൊല്ലം 600-ാമാണ്ടിടയ്ക്കാണെന്നു കേരളകൌമുദീകർത്താവും, 700-നും 800-നും മദ്ധ്യേയാണെന്നു ഭാഷാചരിത്രകാരനായ ഗോവിന്ദപ്പിള്ളയും, ക്രി: വ: 17-ാം ശതാബ്ദത്തിലാണെന്നു് ഡാക്ടർ ഗുണ്ടർട്ടും അഭിപ്രായപ്പെടുന്നു. എല്ലാം അനുമാനം മാത്രം. 750-നും, 825-നും മദ്ധ്യേ എഴുത്തച്ഛൻ ജീവിച്ചിരുന്നുവെന്നാണു് ഭാഷാസാഹിത്യചരിത്രകർത്താവായ ശ്രീ. ആർ. നാരായണപ്പണിക്കർ പറയുന്നതു്. 'നാരായണീയ'കർത്താവായ മേല്പത്തൂർ ഭട്ടതിരിയുടെ സമകാലീനനായിരുന്നു എഴുത്തച്ഛൻ എന്നുള്ള ഐതിഹ്യവും, (1) അദ്ധ്യാത്മരാമായണത്തെ സംബന്ധിച്ച 'പവിത്രകരഃ സൂര്യഃ' എന്ന കലിദിന സംഖ്യയുമാണു്, (2) ഈ കാലനിർണ്ണയത്തിൽ അദ്ദേഹം അവലംബിക്കുന്ന പ്രധാന പ്രമാണങ്ങൾ. പി. കെ. നാരായണപിള്ള ഇക്കാര്യത്തിൽ മി: പണിക്കരോടു വിയോജിക്കുന്നു. എഴുത്തച്ഛന്റെ ജീവിതകാലം മി: പണിക്കർ നിർദ്ദേശിക്കുന്നതിനേക്കാൾ അല്പംകൂടി മുൻപായിരിക്കണം എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. എഴുത്തച്ഛന്റെ

---

(1) 'ആയുരാരോഗ്യസൌഖ്യം' എന്ന കലിദിനസംഖ്യയനുസരിച്ചു്, നാരായണീയം എഴുതിത്തീൎന്നതു് കൊ. വ. 762-ൽ ആണെന്നു കാണാം.

(2) ഈ സംഖ്യ 787 ചിങ്ങത്തെ സൂചിപ്പിക്കുന്നു. അന്നാണത്രെ അദ്ധ്യാത്മരാമായണത്തിന്റെ മൂലം ആദ്യമായി കേരളത്തിൽ കൊണ്ടുവരപ്പെട്ടതു്.

സ്മാരകമായി ചിററൂരിൽ സ്ഥാപിച്ചിട്ടുള്ള ഗുരുമഠത്തിൽ എഴുത്തച്ഛൻ ബ്രാഹ്മണൎക്കു ഭൂദാനം ചെയ്ത സംഗതിയെ സൂചിപ്പിക്കുന്ന 'നാകസ്യാന്തനസൗഖ്യം' എന്ന ഒരു കലിദിനസംഖ്യ കാണുന്നുണ്ടെന്നും, അതു് കൊ. വ. 729-നേയാണു് സൂചിപ്പിക്കുന്നതെന്നും, അതുപോലെ എഴുത്തച്ഛൻ ഹരിനാമകീൎത്തനത്തിൽ 'അൻപോണമെൻമനസി ശ്രീ നീലകണ്ഠഗുരു' എന്നിങ്ങനെ സ്മരിക്കുന്ന തൃക്കണ്ടിയൂൎക്കാരനും ആൎയ്യഭടീയഭാഷ്യാദി ഗ്രന്ഥങ്ങളുടെ കൎത്താവുമായ നീലകണ്ഠസോമയാജി ജീവിച്ചിരുന്നതു് 676-ാമാണ്ടിടയ്ക്കാണെന്നുള്ളതിനു ആ ഗ്രന്ഥത്തിൽത്തന്നെ തെളിവുള്ളതിനാൽ (ഇതിനെപ്പററി അവതാരികയിൽത്തന്നെ മറെറാരിടത്തു വിസ്തരിച്ചു പറയുന്നുണ്ടു്.) എഴുത്തച്ഛന്റെ ജീവിതകാലവും അതിന്നടുത്തായിരിക്കണമെന്നും, ആണു് പി. കെ. നാരായണപിള്ള വാദിക്കുന്നതു്. ഇതനുസരിച്ചു നോക്കിയാൽ 750-നു കുറെ മുൻപുതന്നെ എഴുത്തച്ഛൻ അന്തരിച്ചിരിക്കണം.

'കണ്ണശ്ശന്മാരും എഴുത്തച്ഛനും' എന്ന പുസ്തകത്തിൽ തൽകൎത്താവായ വിദ്വാൻ കെ. ഈ. നാരായണപിള്ള അവർകളും ഇക്കാൎയ്യത്തിൽ ഖണ്ഡിതമായ ഒരഭിപ്രായം പുറപ്പെടുവിച്ചു കാണുന്നുണ്ടു്. തെലുങ്കുഭാഷയിലുള്ള ഒരു 'കല്യാണസുന്ദരരേഖ'യിൽ എഴുത്തച്ഛൻ 661-ൽ ജനിച്ചു എന്നു വിശദമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നു് അദ്ദേഹം പറയുന്നു. (3) അതുപോലെ, എഴുത്തച്ഛന്റെ ശിഷ്യനായ സൂൎയ്യനാരായണനെഴുത്തച്ഛൻ തന്റെ ഗുരുവിന്റെ ചരമത്തെ സൂചിപ്പിച്ചെഴുതിയ ഒരു പദ്യത്തിൽ 'ഹംസപ്രാപ്യന്നു സൗമ്യം' എന്ന കലിദിനസംഖ്യ കൊള്ളിച്ചിട്ടുണ്ടെന്നും, (4) അതനുസരിച്ചു കണക്കുകൂട്ടിയാൽ എഴുത്തച്ഛന്റെ ചര

(3) 'കണ്ണശ്ശന്മാരും എഴുത്തച്ഛനും' (പേജ് 88)

(4) ഭാസ്വത്തുഞ്ചാഖ്യസത്മന്യഖിലഗുണഗണശ്രേണിപൂൎണ്ണോവതീൎണ്ണഃ
ശ്രീമന്നീലാദ്യകണ്ഠാദ്വിദിതബഹുപഥഃ സൎവ്വശാസ്ത്രാഗമാനാം
അന്തേ ത്യക്ത്വാ ച ചിററൂർ പുരവരസവിധേ സൂൎയ്യനാരായണം മാം
'ഹംസപ്രാപ്യന്നു സൗമ്യം' പദമഗമദഹോ മൽഗുരു 'രാമനാമാ'

ഇതാണു് ഇവിടെ സൂചിപ്പിച്ചിട്ടുള്ള ചരമശ്ലോകം. 'കണ്ണശ്ശന്മാരും എഴുത്തച്ഛനും' (പേജ് 87, 89.)

മഗതി 732-ധനു 24-ാം നു- ഉത്രം നക്ഷത്രത്തിലാണെന്നു് കാണാമെന്നും അദ്ദേഹം പറയുന്നുണ്ടു്. ധനുമാസത്തിലെ ഉത്രം നക്ഷത്രത്തിൽ ചിററൂർ ഗുരുമഠത്തിൽ 'രാമാനുജജയന്തി' ആഘോഷിക്കയും ഉത്രം നക്ഷത്രത്തിൽ എഴുത്തച്ഛൻെറ ശ്രാദ്ധമൂട്ടിവരികയും ചെയ്യുന്നുണ്ടെന്നുള്ള സംഗതി തൻെറ അഭിപ്രായത്തെ ബലമായി പിൻതാങ്ങുന്ന ഒന്നാണെന്നുകൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

പേരിൻെറ കാര്യത്തിലും കുഴപ്പം ധാരാളമുണ്ടു്. 'രാമാനുജൻ' എന്ന പേരിലാണല്ലോ ഇപ്പോറം എഴുത്തച്ഛൻ അറിയപ്പെടുന്നതു്. എഴുത്തച്ഛൻ വിദേശങ്ങളിൽ സഞ്ചരിച്ചിരുന്ന കാലത്തു് വൈഷ്ണവനായ ഏതോ ഒരു രാമാനുജാചാര്യരുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്തിരുന്നുവെന്നും, ആ ഗുരുവിൻെറ പേരിൽ തനിക്കുള്ള ഭക്തിബഹുമാനങ്ങളുടെ ലക്ഷ്യമായി എഴുത്തച്ഛൻ ആ പേർതന്നെ സ്വീകരിച്ചതാണെന്നും, ചിലർ പറഞ്ഞുവരുന്നു. എത്രയോ ബാലിശമായ ഒരഭിപ്രായമാണിതു്. എഴുത്തച്ഛൻെറ സാക്ഷാൽ നാമധേയമാണു് നാം അന്വേഷിക്കുന്നതു്. വിദേശസഞ്ചാരത്തിനിടയിൽ രാമാനുജാചാര്യരുടെ ശിഷ്യനായിത്തീരുന്നതുവരെ അദ്ദേഹത്തിനു് ഒരു പേരും ഇല്ലായിരുന്നു എന്നു പറയുന്നതു് ശരിയാണോ? എന്നു മാത്രമല്ല, ഗുരുനാഥന്മാരുടെ പേരു ശിഷ്യന്മാർ നേരിട്ടുച്ചരിക്കാൻപോലും മടിച്ചിരുന്ന ആ പ്രാചീനകാലത്തു് എഴുത്തച്ഛൻ ഗുരുവിൻെറ പേരു സ്വയം സ്വീകരിക്കുക എന്നുള്ളതു് ഒരിക്കലും സംഭവ്യമല്ല. ഇതിനെല്ലാററിനും പുറമേ, സർവ്വാധികാര്യക്കാരായ പി. ഗോവിന്ദപ്പിള്ള ഭാഷാചരിത്രം എഴുതിത്തുടങ്ങിയ കാലത്തു്, 'അഗ്രജൻ മമ....രാമനാമാചാര്യനും' എന്നുള്ള രാമായണപ്രസ്താവത്തെ അടിസ്ഥാനമാക്കി, തിരുവനന്തപുരത്തെ ചില സഹൃദയന്മാർ കൂടിയാലോചിച്ചു് എഴുത്തച്ഛനു് 'രാമാനുജൻ' എന്ന പേരു സൃഷ്ടിച്ചുകൊടുത്തതാണെന്നു് മഹാകവി ഉള്ളൂർ സാക്ഷിപറകയും ചെയ്യുന്നു. 'രാമാനുജൻ' എന്ന പേരു് മലയാളികറം സാധാരണമായി ഉപയോഗിക്കാറില്ലെന്നുള്ള പച്ചപ്പരമാർത്ഥംകൂടി ആലോ

ചിച്ചാൽ, എഴുത്തച്ഛൻെറ സാക്ഷാൽ നാമധേയം വേറെ എന്തോ ആയിരുന്നു എന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

അതെന്തായിരിക്കാം? ശങ്കരൻ എന്നായിരുന്നു എഴുത്തച്ഛൻെറ പേരെന്നു ചിലർ പറഞ്ഞു കേട്ടിട്ടുള്ളതായി കവവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻ അവർകൾ 'തുഞ്ചത്തെഴുത്തച്ഛൻ' എന്ന പുസ്തകത്തിൽ പറഞ്ഞുകാണുന്നു. വെള്ളായ്ക്കൽ നാരായണമേനോൻ എഴുതിത്തുടങ്ങിയ 'ഭാഷാചരിത്ര'ത്തിലും ഇതുപോലെ പ്രസ്താവിച്ചിരുന്നതായി ഓക്കുന്നു. രണ്ടുകൂട്ടരും അതു തെളിയിക്കാൻ ശ്രമിച്ചിട്ടില്ല, മൂന്നാമതൊരാൾ ഈ അഭിപ്രായത്തോടു യോജിച്ചു കണ്ടിട്ടുമില്ല. "കരുണാകരനെഴുത്തച്ഛൻതന്നെയായിരിക്കുമോ സാക്ഷാൽ എഴുത്തച്ഛൻ" എന്നു്, ബ്രഹ്മാണ്ഡപുരാണം എഴുത്തച്ഛൻേറതാണെന്നു സ്ഥാപിക്കാനുള്ള സംരംഭത്തിനിടയിൽ പി. കെ. നാരായണപിള്ള സംശയിക്കുന്നു. അതിനടുത്തുതന്നെ 'അഥവാ സൂര്യനാരായണൻ എന്നു പറയുന്നതു് സാക്ഷാൽ എഴുത്തച്ഛൻതന്നെയായിരിക്കുമോ' എന്നു് അദ്ദേഹം വീണ്ടും സംശയിച്ചുകാണുന്നതിൽനിന്നു് അദ്ദേഹം പലതും സംശയിക്കയും അനുമാനിക്കയും ചെയ്യുന്നു എന്നു മാത്രമേ നാം മനസ്സിലാക്കേണ്ടതായിട്ടുള്ളു.

രാമൻ എന്നായിരുന്നു എഴുത്തച്ഛൻെറ സാക്ഷാൽ നാമധേയമെന്നുള്ള അഭിപ്രായമാണു് ഇനി ശേഷിക്കുന്നതു്. കരുണാകരനെഴുത്തച്ഛൻ നിർമ്മിച്ച (?) ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടിൻെറ അവസാനത്തിൽ കാണുന്ന,

രാമഭക്താഢ്യനാകും രാമശിഷ്യനാലിദം
സോമനാം കുണ്ഡപുരാധീശൻതന്നനുഗ്രഹാൽ

എന്ന വരികളാണു് 'രാമ'നാമപക്ഷപാതികൾക്കുള്ള അവലംബം. കരുണാകരനെഴുത്തച്ഛൻ, തന്നെപ്പററി 'രാമശിഷ്യൻ' എന്നു പറയുന്ന സ്ഥിതിക്കു് ഗുരുവിൻെറ നാമധേയം രാമൻ എന്നായിരിക്കണമല്ലോ എന്നു് ഇക്കൂട്ടർ വാദിക്കുന്നു. സാക്ഷാൽ എഴുത്തച്ഛൻതന്നെയാണു് കരുണാകരനെഴുത്തച്ഛൻെറ ഗുരുനാഥ

നൊങ്കിൽ ഈ വാദം ഭദ്രംതന്നെ. പക്ഷേ, 'അഗ്രജൻ മമ സതാം' എന്നു തുടങ്ങിയ വരികളിൽ എഴുത്തച്ഛൻതന്നെ സ്മരിക്കുന്ന 'രാമനാമാചാര്യൻ' കരുണാകരനെഴുത്തച്ഛൻേറയും ഗുരുവായിരുന്നു എന്നു വന്നുകൂടേ? ആ 'രാമനാമാചാര്യ'ന്ന് അനേകം അന്തേവാസികളുണ്ടായിരുന്നതായി എഴുത്തച്ഛൻതന്നെ പറയുന്നുമുണ്ടല്ലോ. ഇതിനെല്ലാററിനും പുറമേ, ജ്യേഷ്ഠൻെറ പേരു രാമൻ എന്നായിരുന്നു എന്നു് എഴുത്തച്ഛൻെറ പ്രസ്താവത്തിൽനിന്നു തന്നെ തെളിയുന്ന സ്ഥിതിക്കു്, അനുജൻെറ നാമധേയവും അതു തന്നെയാവുക സംഭവ്യവുമല്ല. രാമനാമാചാര്യനും അഗ്രജനും രണ്ടുപേരാണെന്നും, അഥവാ ഒരാളാണെങ്കിൽ തന്നെ ആ അഗ്രജൻ വലിയമ്മയുടേയോ മറേറാ മകനാണെന്നുവരാൻ പാടില്ലായ്കയില്ലെന്നും, അതുകൊണ്ടു് എഴുത്തച്ഛൻെറ പേരു രാമൻ എന്നുതന്നെയായിരുന്നു എന്നു പറയുന്നതിൽ അപാകമൊന്നുമില്ലെന്നും, ചിലർ പറയുന്നു. സൂര്യനാരായണനെഴുത്തച്ഛൻ രചിച്ചതായി മുകളിൽ സൂചിപ്പിച്ച ചരമശ്ലോകത്തിൽ 'ഹംസപ്രാപ്യന്നു സൗമ്യം പദമഗമദഹോ മൽഗുരു രാമനാമാ' എന്നു സ്പഷ്ടമായി പറഞ്ഞിരിക്കേ, എഴുത്തച്ഛൻെറ നാമധേയത്തെ സംബന്ധിച്ച യാതൊരു സംശയത്തിന്നും അവകാശമില്ലെന്നു് മി: കെ. ഈ. നാരായണപിള്ള വാദിക്കുന്നു. (5) തുഞ്ചത്തുഗുരുമഠം ഇരിക്കുന്ന സ്ഥലം ഒരു ചമ്പത്തു മന്നാടിയാർ സൂര്യനാരായണനെഴുത്തച്ഛൻെറ പേക്കു് തീറെഴുതിയ ആധാരത്തിൽ "വെട്ടത്തുനാട്ടു് തിരുക്കണ്ടിയൂർ ദേശത്തു് മുക്കാൽവട്ടത്തു് തുഞ്ചത്തിരാമനാക്കുവേണ്ടി ചൊൽ ചോഴത്തു ചൂരിയും (സൂര്യനാരായണൻ) കൊണ്ടാരുകൊണ്ടു" എന്നെഴുതിക്കാണുന്നുണ്ടെന്നും, അതു് എഴുത്തച്ഛൻെറ പേരിനെ സംബന്ധിച്ച സകല സംശയങ്ങളെയും പരിഹരിക്കുന്ന ഒരു രേഖയാണെന്നുംകൂടി മി: പിള്ള പറയുന്നുണ്ടു്. (6) എന്നാൽ മി: പിള്ള ഉദ്ധരിക്കുന്ന ഈവക രേഖ

(5) 'കണ്ണശ്ശന്മാരും എഴുത്തച്ഛനും' പേജ് 87, 88.

(6) ,, ,, ,, 86, 87.

കളുടെ വിശ്വാസ്യത ഇനിയും തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ എഴുത്തച്ഛന്റെ നാമധേയം ഇനിയും വിവാദഗ്രസ്തമായിരിക്കുന്നതേയുള്ളു.

എഴുത്തച്ഛന്റെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള വിവരങ്ങളും അജ്ഞാതങ്ങളായിത്തന്നെയാണിരിക്കുന്നതു്. പ്രാഥമിക പാഠങ്ങൾ സ്വദേശത്തുവെച്ചുതന്നെ കഴിഞ്ഞുവെന്നും യൗവനാരംഭത്തിനു മുൻപായി വിദേശങ്ങളിൽ സഞ്ചരിച്ച അവസരത്തിലാണു് ഉപരിവിദ്യാഭ്യാസം നടന്നതെന്നും പറയപ്പെടുന്നു.

"അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കുരുന്നിങ്കൽ വാഴ്ക **രാമനാമാചാര്യനും**
മുഖ്യന്മാരായ **ഗുരുഭൂതന്മാർ മററുള്ളോരും"**

എന്നുള്ള അദ്ധ്യാത്മരാമായണപ്രസ്താവത്തിൽനിന്നു് എഴുത്തച്ഛൻ ഒന്നിലധികം ഗുരുക്കന്മാരുടെ അടുക്കൽ വിദ്യ അഭ്യസിച്ചിരുന്നുവെന്നു നിസ്സംശയമായി തെളിയുന്നു. ആ ഗുരുക്കന്മാരുടെ കൂട്ടത്തിൽ ഒരു അഗ്രജനും ഉൾപ്പെടുന്നുണ്ടു്. അഗ്രജനെക്കൂടാതെതന്നെ ഒന്നിലധികം ഗുരുക്കന്മാർ അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു് 'മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും' എന്നു പറയുന്നതിൽനിന്നു തെളിയുന്നുണ്ടല്ലൊ. ഇവരുടെ കൂട്ടത്തിൽ ഒരു 'നീലകണ്ഠ'നും ഉൾപ്പെട്ടും. 'അൻപേണമെൻമനസി ശ്രീ നീലകണ്ഠഗുരു' എന്ന ഹരിനാമകീർത്തനത്തിലെ പ്രസ്താവം ഇതിനു തെളിവാകുന്നു. ഇത്രയും മാത്രമേ എഴുത്തച്ഛന്റെ ഗുരുഭൂതന്മാരെപ്പററി ആഭ്യന്തരമായ തെളിവുള്ളു. ഇതിൽത്തന്നെ ഭിന്നാഭിപ്രായങ്ങൾ ധാരാളമുണ്ടു്. മേലുദ്ധരിച്ച നാലുവരികളെ പലരും പലവിധത്തിൽ വ്യഖ്യാനിക്കുന്നു. "സത്തുക്കളായ വിദ്വാന്മാരിൽവെച്ചു് അഗ്രേസരനും എന്റെ ജ്യേഷ്ഠനും ഗുരുനാഥനും ആയ രാമനാമാചാര്യൻ അനേകം അന്തേവാസികളോടുകൂടി എന്റെ മനസ്സിൽ വാഴട്ടെ; മുഖ്യന്മാരായ മററു ഗുരുനാഥന്മാരും എന്റെ മനസ്സിൽ വാഴട്ടെ" എന്നാണു് മേല്പറഞ്ഞ വരികളുടെ അർത്ഥ

മെന്നു് ചിലർ പറയുന്നു. അങ്ങനെയായാൽ, ഗുരുഭൂതനായ ആ അഗ്രജൻെറ പേരു് രാമൻ എന്നായിരുന്നു എന്നു തെളിയും. പക്ഷെ, ഈ വ്യാഖ്യാനം ചിലക്കു സമ്മതമല്ല. രാമനാമാചായ്യനെ അഗ്രജനാക്കുന്നതിൽ ദൂരാന്വയദോഷമുണ്ടെന്നു് അവർ വാദിക്കുന്നു. "അനേകാന്തേവാസികളോടുകൂടി മൽഗുരുനാഥനായ അഗ്രജനും, രാമനാമാചാര്യനും, മുഖ്യന്മാരായ മററു ഗുരുഭൂതന്മാരും എൻെറ മനസ്സിൽ വാഴട്ടെ" എന്നാണു് വ്യാഖ്യാനിക്കേണ്ടതെന്നു് അവർ അഭിപ്രായപ്പെടുന്നു. ഇവിടെ കുഴപ്പം വദ്ധിക്കുന്നതേയുള്ളു. 'മററു ഗുരുഭൂതന്മാരെ'പ്പററി പൊതുവെ പറഞ്ഞിട്ടുള്ള സ്ഥിതിക്കു് രാമനാമാചാര്യനെമാത്രം നാമനിദ്ദേശപൂവ്വം സ്മരിച്ചതെന്തുകൊണ്ടു്? ഈ ചോദ്യത്തിനു് ആരും സമാധാനം പറഞ്ഞുകേട്ടിട്ടില്ല. നേരെമറിച്ചു്, അഗ്രജനും രാമനാമാചാര്യനും ഒരാളാണെന്നുള്ള അഭിപ്രായം സ്വീകരിച്ചാൽ ഇതിനുള്ള സമാധാനം എളുപ്പം പറയാൻ കഴിയും. അനേകാന്തേവാസികളോടു കൂടിയ ആ രാമനാമാചാര്യൻ തൻെറ അഗ്രജനുംകൂടിയായാൽ ആ മഹാത്മാവിൻെറ നാമധേയം പ്രത്യേകം സ്മരിക്കുന്നതിൽ ഔചിത്യമുണ്ടല്ലൊ. ദൂരാന്വയദോഷമുണ്ടെന്നുപറയുന്നതിൽ വലിയ അത്ഥമൊന്നുമില്ല; ഇതുപോലെയുള്ള പ്രയോഗങ്ങൾ എഴുത്തച്ഛൻെറ കിളിപ്പാട്ടുകളിൽനിന്നു ധാരാളം ഉദാഹരിക്കാൻ കഴിയും. നാലു നൂററാണ്ടുകൾക്കു മുൻപുണ്ടായ കവിതയാണു് അതെന്നുകൂടി ഈ അവസരത്തിൽ പ്രത്യേകം ഓത്തിരിക്കേണ്ടതുണ്ടു്.

ശ്രീ 'നീലകണ്ഠ'നാണു് നാമനിർദ്ദേശപൂവ്വം എഴുത്തച്ഛൻ സ്മരിച്ചിട്ടുള്ള മറെറാരു ഗുരു. ഇദ്ദേഹം ആര്യഭടീയഭാഷ്യകാരനായ നീലകണ്ഠസോമയാജിയാണെന്നു് പി. കെ. നാരായണപിള്ള അഭിപ്രായപ്പെടുന്നു. താൻ കുണ്ഡഗ്രാമജനാണെന്നും തന്ത്രസംഗ്രഹകത്താവാണെന്നും ഈ നീലകണ്ഠൻ ആര്യഭടീയത്തിൽ തുറന്നുപറഞ്ഞിട്ടുണ്ടു്. (കുണ്ഡഗ്രാമം എന്നുവെച്ചാൽ തൃക്കണ്ടിയൂർ എന്നത്ഥം.) തന്ത്രസംഗ്രഹം നിമ്മിച്ചതു് 676-ൽ ആണെന്നു് അതിലെ രണ്ടു കലിദിനസംഖ്യകൾകൊണ്ടു തെളിയുന്നതി

നാൽ, (7)തന്റെ മററു അനുമാനങ്ങളോടു് അതു വളരെ യോജി ച്ചിരിക്കുന്നുവെന്നും ആ നീലകണ്ഠസോമയാജിതന്നെയായിരിക്ക ണം ഹരിനാമകീർത്തനത്തിൽ സ്മരിക്കപ്പെട്ട 'ശ്രീ നീലകണ്ഠഗുരു' വെന്നും പി. കെ. ഉപപാദിക്കുന്നു. അങ്ങനെയാണെങ്കിൽ സം സ്കൃതത്തിലെ പ്രഥമപാഠങ്ങൾ മാത്രമല്ല, ഉപരിപാഠങ്ങളും എ ഴുത്തച്ഛൻ സ്വദേശത്തുവെച്ചുതന്നെയാണു് നിർവ്വഹിച്ചതെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എഴുത്തച്ഛന്റെ 'മുഖ്യന്മാരായ മററു ഗുരുഭൂത'ന്മാരെപ്പററി യാതൊരു വിവരവും ഇതേവരെ കിട്ടിക്കഴിഞ്ഞിട്ടില്ല.

## 'കല്യാണസുന്ദരരേഖ'

എഴുത്തച്ഛന്റെ ജനനത്തീയ്യതി രേഖപ്പെടുത്തീട്ടുണ്ടെന്നു പ റയപ്പെടുന്ന ഒരു 'കല്യാണസുന്ദരരേഖ'യെപ്പററിയും സൂര്യ്യനാ രായണനെഴുത്തച്ഛനെഴുതിയതും 'മൽഗുരു രാമനാമാ' എന്നവ സാനിക്കുന്നതുമായ ഒരു ചരമശ്ലോകത്തെപ്പററിയും ഈ അവതാ രികയുടെ ആദ്യഭാഗത്തു സൂചിപ്പിച്ചിട്ടുണ്ടല്ലോ (പേ: 4) എഴു ത്തച്ഛന്റെ **ജീവചരിത്രം സൃഷ്ടിക്കാൻ** പുറപ്പെട്ട മി: പി. ആർ. മേനോന്റെ പരിശ്രമഫലമായി ജന്മമെടുത്തവയാണു് ആവക രേഖകളെന്നു് ഒരെതിരഭിപ്രായമുണ്ടു്. കല്യാണസുന്ദര രേഖ സൃഷ്ടിക്കുന്നതിനായി മി: മേനോൻ കൂട്ടുപിടിച്ച ഒരു തമി ഴ് പണ്ഡിതന്റെ സാക്ഷ്യപത്രത്തോടുകൂടി ഈ വിഷയത്തെപ്പററി ശിരോമണി പി. കൃഷ്ണൻനായരവർകൾ 'രാജഹംസം മാസിക'

---

(7) 'ഹേ വിഷ്ണോ! നിഹിതം കൃത്സ്നം' എന്നു് ആ ഗ്രന്ഥത്തി ന്റെ ആരംഭത്തിലും 'ലക്ഷ്മീശനിഹിതധ്യാനൈഃ' എന്നു് അതിന്റെ അവസാനത്തിലും, രണ്ടു കലിദിനസംഖ്യകൾ കാണുന്നുണ്ടെന്നും, അവ യഥാക്രമം കൊല്ലവർഷം 676 മീനമാസം 27-ാംനു-യേയും, കൊ: വർഷം 676 മേടമാസം 1-ാംനു-യേയും കാണിക്കുന്നവയാണെന്നും, മഹോപാ ധ്യായ സാംബശിവശാസ്ത്രികൾ പറയുന്നു. (ശ്രീ സേതുലക്ഷ്മീപ്രസാ ദമാലയിലെ xii-ാം പുഷ്പമായി പ്രസിദ്ധീകരിക്കപ്പെട്ട ആര്യഭടീയം അവതാരിക പേജ് v.)

യിലും 'ദീപ'ത്തിലും(8)ചുണ്ടു് ഓരോ ലേഖനമെഴുതിയിരുന്നതു വായനക്കാരിൽ ചിലരെങ്കിലും ഓൎക്കുന്നുണ്ടായിരിക്കുമല്ലോ.

'കല്യാണസുന്ദരരേഖ'യുടെ അംശമായ ഒരെഴുത്തു് മി: കെ. ഈ. നാരായണപിള്ള 'കണ്ണശ്ശന്മാരും എഴുത്തച്ഛനും' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചുകാണുന്നുണ്ടു്. (9) കോഴിക്കോട്ടു സാമൂതിരിപ്പാട്ടു് എഴുത്തച്ഛനു് എഴുതിയതാണെന്നു പറഞ്ഞുകൊണ്ടാണു് അതുദ്ധരിച്ചിട്ടുള്ളതു്. എഴുത്തച്ഛൻ സാമൂതിരിയുടെ ഗുരുവായിരുന്നു എന്നു് അതിൽ സൂചിപ്പിച്ചിരിക്കുന്നു. 400കൊല്ലം മുൻപു് അതുലവീൎയ്യപരാക്രമശാലികളും അഭിമാനനിധികളുമായി നാടുവാണിരുന്ന 'കുന്നലക്കോനാതിരിമാർ' ചക്കാലനായർവൎഗ്ഗത്തിൽപ്പെട്ട എഴുത്തച്ഛനെ കുലഗുരുവായി സ്വീകരിച്ചിരുന്നു എന്നു വിശ്വസിക്കുക പ്രയാസമായി തോന്നുന്നു. "ശ്രീ ഗുരുചരണാരവിന്ദങ്ങളിലുണൎത്തിപ്പാൻ പൂന്തുറ മാനവിക്രമൻ" എന്നു് ആ എഴുത്തിന്റെ അവസാനത്തിൽ കാണുന്ന ഭാഗം അത്യത്ഭുതകരമായിട്ടേ, അന്നത്തെ ചരിത്രമറിയാവുന്നവൎക്കു തോന്നുകയുള്ളു.

രാമായണത്തിൽ എഴുത്തച്ഛൻ സ്മരിക്കുന്ന രാമനാമാചാൎയ്യനെസ്സംബന്ധിച്ച കുഴപ്പം പരിഹരിക്കുന്നതിനും മി: മേനോൻ 'പഴയരേഖ' കണ്ടുപിടിച്ചിട്ടുണ്ടു്. "ഇതി ശ്രീകുണ്ഡഗ്രാമജേന ഗാൎഗ്ഗ്യകുലതിലകേന ശ്രീ നീലകണ്ഠാത്മജേന ആര്യാംബാഗൎഭസംഭവേന.................. ...........രാമേണ വിരചിതം ലഘുരാമായണം" എന്നു് ഒരു പഴയ താളിയോലഗ്രന്ഥത്തിൽ കാണുന്നുണ്ടത്രെ. (10) ശ്രീ നീലകണ്ഠസോമയാജി എഴുത്തച്ഛന്റെ പിതാവാ

(8) രാജഹംസം മാസിക 112 മേടം, കൎക്കിടകം പു: 1, ല: 5, 8. ദീപം (പ്രതിദിനപത്രം)—112 മിഥുനം 6, 8.

(9) 'കണ്ണശ്ശന്മാരും എഴുത്തച്ഛനും' (പേജ് 81, 82.)

(10) തൃക്കണ്ടിയൂർക്കാരനും ഗാൎഗ്ഗ്യഗോത്രത്തിൽപ്പെട്ടവനും ശ്രീനീലകണ്ഠസോമയാജിയുടേയും ആര്യാംബയുടേയും മകനും ആയ രാമനാൽ ഉണ്ടാക്കപ്പെട്ടതു് എന്നൎത്ഥം. (മി: പി. ആർ. മേനോൻ 1939-ൽ പ്രസിദ്ധീകരിച്ച 'ലഘുരാമായണം' എന്ന പുസ്തകത്തിന്റെ മുഖവുര. പേജ് 2.)

ണെന്നുള്ളതു്, എഴുത്തച്ഛന്റെ മകളായ ശ്രീദേവി എഴുതിയ ഒരു പാട്ടിൽ (11)അദ്ദേഹത്തെപ്പററി മുത്തച്ഛൻ എന്നു പറയുന്നതിൽ നിന്നു തെളിയുന്നു. (12)ഇതിന്നു പുറമേ കരുണാകരനെഴുത്തച്ഛൻ ശിവരാത്രിമാഹാത്മ്യത്തിൽ,

രാമാനന്ദാഗ്രഹാരവർത്തിയായ് മഹാശാസ്ത്ര-
ധാമാവായ് ശ്രീ നീലകണ്ഠാത്മജനായ് ശ്രീമാനായ്
അദ്വൈതാചാര്യനായിട്ടാത്മാരാമനായ് സർവ്വ-
വിദ്യാപാരഗനായ രാമദേശികവര്യൻ

എന്നു തന്റെ ഗുരുനാഥനെ ഉദ്ദേശിച്ചു് പ്രത്യേകം എടുത്തുപറയുന്നുമുണ്ടു്. (13) അപ്പോൾ നീലകണ്ഠസോമയാജി എഴുത്തച്ഛന്റെ പിതാവു്; അദ്ദേഹത്തിനു് സജാതീയഭാര്യയായ ആര്യാംബയിൽ ജനിച്ച മകൻ രാമാചാര്യൻ, വിജാതീയഭാര്യയിൽ പിന്നീടു ജനിച്ച പുത്രൻ എഴുത്തച്ഛനും; അങ്ങനെ 'രാമാചാര്യൻ' എഴുത്തച്ഛന്റെ അഗ്രജനായി. ആ അഗ്രജന്റെ അടുക്കലും അനുജൻ വിദ്യാഭ്യാസം ചെയ്തിരുന്നു. ആ 'രാമാചാര്യൻ' വിജാതീയനായ സ്ഥിതിക്കു് ജ്യേഷ്ഠനും അനുജനും ഒരേ പേരു വരുന്നതിലുള്ള അനൗചിത്യവും പരിഹരിക്കപ്പെട്ടു. പോരേ തെളിവു്? ഇനിയും സംശയമുള്ളവരുണ്ടെങ്കിൽ അവർ ചമ്പത്തിൽ മന്നാടിയാരെഴുതിക്കൊടുത്ത തീറാധാരം വായിച്ചുനോക്കട്ടെ. (14) അതിലെ ഭാഷപോലും പഴയ തമിഴ കലർന്നതാണു്...............വാസ്തവം പറയുകയാണെങ്കിൽ, സകല സംശയങ്ങളേയും സമൂലം പരിഹരിക്കത്തക്കവിധം ഒന്നിനോടൊന്നു തൊടുത്ത നിലയിൽ മി: മേനോൻ പുറത്തു കൊണ്ടുവന്ന ഈവക രേഖകൾതന്നെയാ

---

(11) ആ പാട്ടും മി: മേനോന്റെ കൈവശം ഉണ്ടത്രെ!

(12) ലഘുരാമായണം മുഖവുര (പേജ് 3.)

(13) ഈ ശിവരാത്രിമാഹാത്മ്യവും മി: പി. ആർ. മേനോൻതന്നെയാണു് പ്രസാധനം ചെയ്തിട്ടുള്ളതു്.

(14) 'കണ്ണശ്ശന്മാരും എഴുത്തച്ഛനും' (പേജ് 85, 86.) ഈ തീറാധാരത്തെപ്പററിയാണു് മുൻപു് 8-ാം പേജിൽ സൂചിപ്പിച്ചിട്ടുള്ളതു്.

ണ് വായനക്കാരെ അക്കാൎയ്യത്തിൽ കൂടുതൽ സംശയാലുക്കളാക്കിത്തീൎക്കുന്നതു്.

## കിളിപ്പാട്ട്

തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയം ഇന്നു മലയാളികളുടെ മനസ്സിൽ പതിഞ്ഞുകിടക്കുന്നതു് കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലാണു്. ഈ കിളിപ്പാട്ടുവൃത്തങ്ങൾ എഴുത്തച്ഛനു് എവിടെനിന്നു കിട്ടി? തമിഴിൽ നിന്നാണെന്നു ചിലർ പറയുന്നു. അതിനു പറയത്തക്ക തെളിവൊന്നും അവർ കാണുന്നില്ലതാനും. തമിഴിലെ വല്ല വൃത്തങ്ങളും എഴുത്തച്ഛനു മാൎഗ്ഗദൎശകങ്ങളായി ഇരുന്നിരിക്കാൻ പാടില്ലായ്കയില്ല. അതുപോലെ, കേരളത്തിൽ അന്നു നിലവിലിരുന്ന പല ഗാനരീതികളും അദ്ദേഹത്തിനു വഴികാട്ടികളായിത്തീൎന്നു എന്നും വരാം; അതിനു തെളിവുണ്ടുതാനും. 'രാമകഥപ്പാട്ടു്', രാമചരിതം' മുതലായവയിലെ ചില വൃത്തങ്ങൾ കിളിപ്പാട്ടുവൃത്തങ്ങളോടു് സാമ്യം വഹിക്കുന്നവയായിട്ടുണ്ടു്.

"എന്നതു കേട്ടനേരമേറിന കോപത്തോടെ
നിന്ന വല്ലരക്കരോടു നിചിചരമന്നൻ ചൊന്നാൻ"

എന്ന രാമചരിതത്തിലെ 148-ാം വൃത്തം നോക്കുക. ഇതിലെ ഒന്നാമത്തെ വരി എഴുത്തച്ഛൻ ഉപയോഗിച്ചിട്ടുള്ള കേകാവൃത്തത്തിൽനിന്നു് ഒന്നുകൊണ്ടും ഭിന്നമല്ല. "നിന്ന വല്ലരക്കരോടാചരമന്നൻ ചൊന്നാൻ" എന്നു് അല്പമൊന്നു മാററിയാൽ രണ്ടാം വരിയും കേകാവൃത്തമായി.

"ചേവടിയൻപോടു ചേൎത്തു പണിന്തുടൻ
നീ വിളി ചെന്നു നിചാചരചേനയെ
ആമളവും വീരെന്താക്കമിയററകെ-
ൻറാവി തെളിന്തോരരക്കനോടേകിനാൻ"

എന്ന രാമചരിതത്തിലെ വരികൾക്കും (വൃത്തം 21) എഴുത്തച്ഛന്റെ കാകളീവൃത്തത്തിനും തമ്മിൽ എന്താണൊരു വ്യത്യാസം?

"വെലമതികമുള്ള തന്നോട്ട താരത്തെയും
വിരവൊട്ട കവൻകൊണ്ടിങ്ങനേ ചെഞ്ചമ്മേ
മലിവുമുരപെററ വെന്റുക്കളും മക്കളും
വലിയ പടയാളിമാരും പടക്കോപ്പുമായ്"

എന്ന രാമചരിതത്തിലെ 13-ാം വൃത്തം,

പരമപുരുഷൻ മഹാമായതൻ വൈഭവം
പറകയുമനാരതം കോക്കയും ചെയ്കിലോ

എന്നുള്ള എഴുത്തച്ഛൻെറ മണികാഞ്ചിവൃത്തത്തിൽ നിന്നു് ഒന്നു കൊണ്ടും ഭിന്നമല്ല. 'മണികാഞ്ചി'യിൽ നിന്നു് 'കളകാഞ്ചി' യിലേക്കു് അത്ര വലിയ അകലമൊന്നുമില്ലല്ലോ. ഇങ്ങിനെ പരിശോധിച്ചുനോക്കിയാൽ, തുഞ്ചത്താചാര്യൻ കേരളത്തിലെ പല പഴയ ഗാനരീതികളെ തേച്ചുമിനുക്കി പരിഷ്കരിച്ചു സ്വന്തം കൃതികളിൽ ഉപയോഗിക്കയാണു് ചെയ്തതു് എന്നു കാണ്മാൻ കഴിയും. ഇതൊക്കെ എങ്ങിനെയായാലും, കിളിപ്പാട്ടു് എന്ന ഒരു പുതിയ പ്രസ്ഥാനം ഭാഷയിൽ ആരംഭിച്ചതു് തുഞ്ചത്തെഴുത്തച്ഛനാണെന്നുള്ളതു നിസ്സംശയമാണു്. ദ്രാവിഡവൃത്തങ്ങൾക്കു പ്രചാരവും പ്രതിഷ്ഠയും ലഭിച്ചുതുടങ്ങിയതു് എഴുത്തച്ഛൻെറ കാലത്തിന്നു ശേഷമാണെന്നുള്ള പരമാൎത്ഥവും വിസ്മരിക്കത്തക്കതല്ല.

ഇതൊക്കെ ശരിതന്നെ. പക്ഷേ, താൻ കണ്ടുപിടിച്ച—അഥവാ പരിഷ്കരിച്ചു രൂപവല്ക്കരിച്ച—ആ പുതിയ രീതിക്കു് എഴുത്തച്ഛൻ '**കിളിപ്പാട്ടു്**' എന്നു നാമകരണം ചെയ്വാൻ എന്താണു് കാരണം എന്നുള്ള പ്രശ്നം ഇനിയും സമാധേയമായി അവശേഷിക്കുന്നു.

"ശ്രീരാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണേ!
ശ്രീരാമചരിതം നീ ചൊല്ലീടു മടിയാതേ.
ശാരികപ്പൈതൽതാനും വന്ദിച്ചു വന്ദ്യന്മാരെ
ശ്രീരാമസ്മൃതിയോടേ പറഞ്ഞുതുടങ്ങിനാൾ"

എന്ന രീതിയിലാണു് രാമായണം ആരംഭിക്കുന്നതു്. കിളിയെക്കൊണ്ടു കഥ പറയിക്കുന്ന ഈ രീതി എഴുത്തച്ഛൻ എവിടെ

നിന്നു സ്വീകരിച്ചു? അതിന്നു് എന്താണു കാരണം? ഈ ചോദ്യത്തിന്നു് അവനവന്റെ സരസ്വതീവിലാസംപോലെ ഓരോരുത്തർ ഓരോ സമാധാനം പറയുന്നു. അവനവൻ പറയുന്നതിലാണു് കൂടുതൽ യുക്തിയുള്ളതെന്നു് ഓരോരുത്തനും അഭിമാനിക്കയും ചെയ്യുന്നു. വാസ്തവം എന്താണെന്നു് എങ്ങിനെയാണറിയുക?

തനിക്കു് അറം എന്ന കവിതാദോഷം പററാതിരിക്കുന്നതിനുവേണ്ടിയാണു് എഴുത്തച്ഛൻ കിളിയെക്കൊണ്ടു കഥ പറയിച്ചതു് എന്നുള്ള ഒററ കാരണം മാത്രമേ, ആദ്യകാലത്തു പറഞ്ഞുകേട്ടിരുന്നുള്ളു. പിന്നീടു് ഓരോരുത്തർ ഓരോന്നു പറഞ്ഞുണ്ടാക്കി. ഇപ്പോൾ അവയുടെ എണ്ണം പത്തോ അതിലധികമോ ആയിത്തീൎന്നിട്ടുണ്ടു്. അവയിൽ മിക്കതും വെറും ബാലിശങ്ങളായ കെട്ടുകഥകളാണെന്നു പ്രഥമശ്രവണത്തിൽത്തന്നെ മനസ്സിലാക്കാം.

(1) കവിക്കു് അറം ബാധിക്കാതിരിക്കുന്നതിനുവേണ്ടി കിളിയെക്കൊണ്ടു കഥപറയിച്ചു എന്നുള്ളവാദം പഴയകാലത്തെ ആസ്തിക്യബുദ്ധിക്കും മാമൂൽപ്രിയതക്കും യോജിച്ചതുതന്നെ. പക്ഷേ, "തനിക്കു പററുമെന്നു ശങ്കിച്ച ദോഷമോ ദോഷങ്ങളോ കിളിക്കും പററുമെന്നു് എഴുത്തച്ഛൻ എന്തുകൊണ്ടു് സംശയിച്ചില്ല? തന്റെ പ്രവൃത്തിയുടെ ദോഷഫലം പാവപ്പെട്ട ഒരു കിളിയുടെ തലയിൽ ചുമത്തുവാൻ പരമഭക്തനും പരിപാവനചരിതനുമായ എഴുത്തച്ഛൻ വിചാരിക്കുമോ?" എന്നുള്ള പ്രശ്നങ്ങൾ ഇവിടെ മുന്നോട്ടുവരുന്നു. അറം എന്നുള്ള കവിതാദോഷത്തെപ്പററിയുള്ള പ്രസ്താവംതന്നെ ശരിയാണോ എന്നും, ആണെങ്കിൽത്തന്നെയും അങ്ങനെയൊരു കണ്ടുപിടുത്തം ഉണ്ടായതു് എഴുത്തച്ഛന്നു മുൻപോ പിൻപോ എന്നും ഉള്ള ചോദ്യങ്ങൾ ഇതിന്നു പുറമേ വേറെയും കിടക്കുന്നു.

(2) "സരസ്വതീദേവിയുടെ കൈയിൽ ഒരു തത്തയുണ്ടു്. അതിനെ ഉദ്ദേശിച്ചാണു് കവി ശുകത്തെ വിളിക്കുന്നതു്. സരസ്വതീദേവിയുടെ കിളിയാണു് കവിതപാടുന്നതെന്നു വരുമ്പോൾ വായനക്കാർ ആ കവിതയ്ക്കുള്ള ദോഷമൊന്നും കാണുകയില്ല.

ഈ ഉദ്ദേശംത്തോടുകൂടിയാണു് എഴുത്തച്ഛൻ കിളിയെക്കൊണ്ടു് കഥ പറയിക്കുന്നതു്." ഇതാണു് രണ്ടാമത്തെ പക്ഷം. "കവിത എഴുത്തച്ഛനല്ല കിളിയാണു് പാടുന്നതു്; അതുകൊണ്ടു് അതിലുള്ള ദോഷങ്ങൾക്കെല്ലാം ഉത്തരവാദി കിളിയാണു്" എന്നു വിശ്വസിക്കത്തക്കവണ്ണം വായനക്കാരെല്ലാം അത്രമാത്രം മന്ദബുദ്ധികളാണെന്നു് എഴുത്തച്ഛൻ വിചാരിച്ചതായി കരുതുന്നതുതന്നെ മഹാപാപമാകുന്നു.

(3) പുരാണേതിഹാസങ്ങൾ വിവൎത്തനം ചെയ്വാൻ തനിക്കധികാരമില്ലെന്നു് എഴുത്തച്ഛനു വിശ്വാസമുണ്ടായിരുന്നു എന്നും അതിനുള്ള പരിഹാരമാൎഗ്ഗമായി അദ്ദേഹം പൈങ്കിളിയെ കൂട്ടുപിടിച്ചതാണെന്നുമാണു് മറെറാരുപക്ഷം. ഇതിൻെറ കഥയും തഥൈവ. എഴുത്തച്ഛനു് അധികാരമില്ലാത്ത പ്രവൃത്തിയാണു് പുരാണേതിഹാസവിവൎത്തനം എന്നു വിശ്വസിക്കുന്നവർ, കിളിയെ നടുക്കുനിൎത്തിയതുകൊണ്ടുമാത്രം തൃപ്തിപ്പെടുകയില്ലെന്നുള്ളതു് അനുക്തസിദ്ധമാകുന്നു.

(4) ഭഗവാൻ ശുകരൂപത്തിൽ പ്രത്യക്ഷമായിട്ടാണു് എഴുത്തച്ഛനു് ജ്ഞാനോപദേശം ചെയ്തതെന്നും, അതിനെ അനുസ്മരിച്ചു് അദ്ദേഹം ശുകത്തെക്കൊണ്ടു ജനങ്ങൾക്കു ജ്ഞാനോപദേശം ചെയ്യിച്ചുവെന്നും, വേറൊരുകൂട്ടർ പറയുന്നു. ഇതിനു സമാധാനം പറയേണ്ടതു വിശ്വാസമാണു്. ഭഗവാൻ ശുകരൂപത്തിൽ പ്രത്യക്ഷമായി എന്നു വിശ്വസിക്കാൻ തയ്യാറുള്ളവൎക്കു് ഈ അഭിപ്രായം സ്വീകാൎയ്യമാകാം. പക്ഷേ, എഴുത്തച്ഛൻെറ പേരുപോലും സംശയഗ്രസ്തമായിക്കിടക്കേ, 400 കൊല്ലം മുൻപു് എഴുത്തച്ഛനു് ഭഗവാൻ ശുകരൂപത്തിൽ പ്രത്യക്ഷമായ സംഗതി മാത്രം കണ്ണുകൊണ്ടു കണ്ടതുപോലെ അത്ര സൂക്ഷ്മമായി പറഞ്ഞാൽ അതു കണ്ണുമടച്ചു വിശ്വസിക്കുക പ്രയാസമായി തോന്നുന്നു. ഇനി കുറെ കഴിയുമ്പോൾ ഇതിനും പ്രമാണമായി ഒരു സംസ്കൃതശ്ലോകം ഉണ്ടാകുമോ എന്തോ?

(5) തമിഴിലെ പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി എന്നീ വൃത്തങ്ങളെ അനുകരിച്ചാണു് എഴുത്തച്ഛൻ കിളിപ്പാട്ടുവൃത്തങ്ങൾ

നിർമ്മിച്ചതെന്നും, അങ്ങനെ നാമസാമ്യംകൊണ്ടു് അദ്ദേഹത്തിന്റെ കവിതകൾ കിളിപ്പാട്ടുകളായതാണെന്നും ആണു് അഞ്ചാമതൊരഭിപ്രായമുള്ളതു്. ഇതും ശരിയല്ല. തമിഴിലെ വൃത്തങ്ങളെ അനുകരിച്ചാണു് കിളിപ്പാട്ടുവൃത്തങ്ങൾ നിർമ്മിച്ചതെന്നുള്ള വാദം ഇന്നു ദുർബ്ബലമായിത്തീർന്നിരിക്കയാണു്. ഇനി അഥവാ വാദത്തിനുവേണ്ടി അങ്ങനെയല്ലെന്നു സമ്മതിച്ചാൽത്തന്നെ, വൃത്തത്തിന്റെ നാമസാമ്യംകൊണ്ടു് കിളിപ്പാട്ടു് എന്നപേരു്സ്വീകരിച്ച എഴുത്തച്ഛൻ പെട്ടന്നു് അതു മറന്നു് പൈങ്കിളിയെ വിളിച്ചു് "പഞ്ചസാര ഗുളം പാലും പഴങ്ങളും" വേണ്ടുവോളം ഭക്ഷിക്കവാൻ പറയുമെന്നു് എങ്ങിനെയാണു് വിശ്വസിക്കുക? എഴുത്തച്ഛനു് അത്ര പെട്ടെന്നു് 'സ്മൃതിഭ്രംശം' വന്നുവെന്നോ? ഇതിനെല്ലാററിനും പുറമെ, പൈങ്കിളിക്കണ്ണിയും പരാപരക്കണ്ണിയുമെഴുതിയ 'തായുമാനവർ' എഴുത്തച്ഛനെ അപേക്ഷിച്ചു് അർവ്വാചീനനാണെന്നുള്ളതും വിസ്മരിക്കത്തക്കതല്ല.

(6) "പുരാണകഥകളിൽ അധികവും പറയുന്നതു്ശുകബ്രഹ്മഷിയാണല്ലോ. അദ്ദേഹത്തിന്റെ പ്രതിനിധിയായിട്ടാണു് എഴുത്തച്ഛൻ ശുകത്തെ സ്വീകരിച്ചതു്." ഇതു നവീനമായ ഒരഭിപ്രായമാകുന്നു. ഇതിലെ ബാലിശത്വം സ്പഷ്ടമത്രെ! ശുകം എന്ന രണ്ടക്ഷരം കണ്ടു ഭ്രമിച്ചു ശുകബ്രഹ്മഷിയുടെ സ്ഥാനത്തു് എഴുത്തച്ഛൻ ഒരു ശുകത്തെ പിടിച്ചിരുത്തി എന്നു പറയുന്നതിൽ യാതൊരു യുക്തിയും ഔചിത്യവും കാണുന്നില്ല.

(7) ഗഹനങ്ങളായ രാമായണഭാരതാദികളുടെ അത്ഥം തനിക്കു ശരിക്കു മനസ്സിലായിട്ടില്ലെന്നും, വല്ലവരും പറയുന്നതു കേട്ടു തത്ത ഏററുപാടുന്നതുപോലെ, താനും കാര്യം മനസ്സിലാക്കാതെ എന്തോ ചിലതൊക്കെ ഏററുപറയുന്നു എന്നേയുള്ളവെന്നും, എങ്കിലും വിഷയമാഹാത്മ്യംകൊണ്ടു് അതു് കിളിയുടെ ശബ്ദംപോലെ വായനക്കാക്കു മധുരമായിത്തോന്നുമെന്നും ധ്വനിപ്പിച്ചുകൊണ്ടാണു് കിളി പാടുന്നതായി എഴുത്തച്ഛൻ സങ്കല്പിച്ചിട്ടുള്ളതു് എന്നു് ഇനിയൊരുകൂട്ടർ പറയുന്നു. ഈ കെട്ടുകഥ

വിനയത്തെ തെളിയിക്കാൻ കൊള്ളാം. ഒടുവിൽ അല്പം ഔദ്ധത്യവും സ്ഫുരിക്കുന്നില്ലെന്നില്ല.

(8) "കഥാകഥനരൂപത്തിലുള്ള കാവ്യങ്ങളിൽ കവികൾ പ്രായേണ ആത്മാംശത്തെ വായനക്കാരുടെ ശ്രദ്ധയിൽ നിന്നു് കഴിയുന്നതും അകററിനിർത്തുന്നതു് സ്പൃഹണീയംതന്നെ. അവിശ്വാസശക്തിയുടെ താൽകാലികനിവൃത്തിക്കു് ഇതു സഹായമായിത്തീരുന്നതു് പ്രത്യേകിച്ചും പുരാണേതിഹാസകഥാകഥനത്തിലാണു്. ഈ ഉദ്ദേശത്തോടുകൂടി അനുഭവസ്ഥന്മാരായ വല്ലവരെക്കൊണ്ടോ അകൃത്രിമസ്വഭാവികളെക്കൊണ്ടോ കഥകൾ പറയിക്കുന്നതു് എല്ലാക്കാലത്തുമുള്ള ഒരു കൗശലമാണു്. വേതാളങ്ങളും സാലഭഞ്ജികകളും മററും കഥകൾ പറയുന്ന അനേകം ഗ്രന്ഥങ്ങൾ തമിഴിലും സംസ്കൃതത്തിലും എഴുത്തച്ഛൻ വായിച്ചിരിക്കാനിടയുണ്ടു്. നന്ദനം മുതലായ ദിക്കുകളിലും മററും യഥേഷ്ടം സഞ്ചരിച്ചു് അനേകം സംഗതികൾ ഗ്രഹിച്ചിട്ടുള്ള ഒരു ഉത്തമ പതത്രിയായ ശുകത്തെക്കൊണ്ടു് കഥകൾ പറയിച്ചതിൻെറ ഉപപത്തി ഏകദേശം ഇതായിരിക്കണമെന്നാണു് തോന്നുന്നതു്. രാമായണഭാരതാദി കഥകളെ എഴുത്തച്ഛൻ പൂർണ്ണമായി വിശ്വസിച്ചിരുന്നുവെന്നുള്ളതു നിസ്സംശയമാണു്. പതിനേഴാംനൂററാണ്ടിലെ ജനതയും അതു ദൃഢമായി വിശ്വസിച്ചിരുന്നിരിക്കണം. ആ സ്ഥിതിക്കു് "അവിശ്വാസശക്തിയുടെ താല്ക്കാലികനിവൃത്തിക്കു"വേണ്ടി ശ്രമിക്കേണ്ട ആവശ്യം എഴുത്തച്ഛനു നേരിട്ടിരിക്കാൻ ഇടയില്ല. ഇരുപതാംനൂററാണ്ടിലിരുന്നുകൊണ്ടു് പതിനേഴാം നൂററാണ്ടിലേക്കു് തിരിഞ്ഞുനോക്കിയപ്പോൾ ഒരു സഹൃദയനു് അങ്ങനെ തോന്നി എന്നേ ഇതിനർത്ഥമുള്ളു.

(9) "പത്മപുരാണത്തിൽ, ബാലികയായ സീതയ്ക്കു കേൾക്കുന്നതിനായി വാല്മീകിവിരചിതമായ രാമായണം രണ്ടാശ്രമശുകങ്ങൾ മിഥിലയിൽചെന്നു് പാടിയതായി രേഖപ്പെടുത്തീട്ടുണ്ടു്. ഭാവനാസൃഷ്ടമായ ഒരു കിളിയെ അഭിസംബോധനം ചെയ്തു് അതിൻെറ പിറകിൽ മറഞ്ഞുനില്ക്കുന്നതിന്നു് എഴുത്തച്ഛ

നെ പ്രേരിപ്പിച്ചതു്, ഒരു പക്ഷേ, പത്മപുരാണത്തിലെ ഈ രാമായണകഥാപ്രസ്താവമായിരിക്കാം." ഇതാണു് കിളിപ്പാട്ടു് എന്ന പേരിന്റെ ആഗമനത്തെപ്പറ്റി പറഞ്ഞുകേൾക്കാനിടയായ പുതിയ ഒരഭിപ്രായം. "കവി, സംഭാഷണാക്ഷമങ്ങളായ പക്ഷിമൃഗാദികൾക്കു് ഭാഷ കൊടുക്കുമ്പോൾ, അവയിൽക്കൂടി സംസാരിക്കുമ്പോൾ, സാധാരണ ശ്രോതാക്കൾക്കുളവാകുന്ന ഔത്സുക്യം മാത്രമാണു് കലാവിഷയകമായി അതിലുള്ള ലാഭം. നമ്മുടെ അപരിഷ്കൃതനായ പുള്ളുവൻപോലും അവന്റെ വീണയെ അഭിസംബോധനം ചെയ്തു് പാട്ടുപാടിക്കുന്നതായി കേൾക്കാം. കലാശില്പജ്ഞനായ എഴുത്തച്ഛൻ, സ്വഭാവന പൊൻചിറകുകൊടുത്ത മനോധർമ്മത്തെത്തന്നെ ഒരു കിളിയാക്കി. ആ അപൂർവ്വരചനയ്ക്കു്, വാല്മീക്യാശ്രമത്തിൽനിന്നു് വിദേഹാരാമത്തിൽ പറന്നുവന്നു് സീതയ്ക്കു കേൾക്കുവാൻ രാമായണകഥ പാടിയ പത്മപുരാണത്തിലെ കീരയുഗളം പുരാണജ്ഞനായ കവിക്കു് പ്രേരകമായിത്തീർന്നിരിക്കാം." എന്നാണു് ഈ അഭിപ്രായത്തെ പരാമർശിച്ചു് ജി. ശങ്കരക്കുറുപ്പവർകൾ പറയുന്നതു്. (15)

ഇതിലും അഭിപ്രായഭേദത്തിനു വകയില്ലെന്നില്ല. പത്മപുരാണത്തിലെ പാതാളഖണ്ഡം 57-ാമദ്ധ്യായത്തിലാണു് ഈ കീരയുഗളത്തിന്റെ കഥ പറഞ്ഞിട്ടുള്ളതു്. ശ്രീരാമൻ പട്ടാഭിഷേകം കഴിഞ്ഞു രാജ്യഭാരം ചെയ്യുന്ന കാലത്താണു് വാല്മീകി മഹർഷി രാമായണം നിർമ്മിച്ചതു് എന്നുള്ളതിനു തെളിവുണ്ടു്. അതു് ആദ്യമായി പഠിപ്പിച്ചതു സീതയുടെ മക്കളായ കുശലവന്മാരെയാണുതാനും. അവർ പാടുന്നതു കേട്ടാണു് കീരയുഗളം അതു പഠിച്ചതു്. ആ സ്ഥിതിക്കു് "കീരയുഗളം ഗാനംചെയ്ത രാമായണകഥ കേട്ട സീതയ്ക്കു ശ്രീരാമനിൽ അനുരാഗം ജനിച്ചു" എന്നു പറഞ്ഞാൽ എങ്ങനെയാണു് ശരിയാവുക? ഈ പൂർവ്വാപരവൈരുദ്ധ്യം വിസ്മരിച്ചു്, 'കിളികൾ പാട്ടുപാടി' എന്നുള്ള പത്മപുരാണപ്രസ്താവം, പൈങ്കിളിയെക്കൊണ്ടു കഥ പറയി

(15) ലേഖമാല (പേജ് 113).

ക്കാൻ എഴുത്തച്ഛനു പ്രേരകമായിത്തീൻ എന്നുള്ള ഭാഗം മാത്രം സ്വീകരിച്ചാലേ ഈ അഭിപ്രായത്തിനു് ഉപപത്തികല്പിക്കാൻ നിവൃത്തിയുള്ളു.

(10) കിളിയെക്കൊണ്ടു പാട്ടുപാടിക്കുന്ന സമ്പ്രദായം, ഭക്തിവിഷയകങ്ങളായ കൃതികളിൽ ശൈവസമയാചാര്യന്മാർ തമിഴ്സാഹിത്യത്തിൽ സ്വീകരിച്ചിട്ടുള്ള ഒന്നാണ്. ആ ആചാര്യന്മാരിൽ ചിലർ കിളിയെ സന്ദേശഹരനായി ഭഗവൽസന്നിധാനത്തിലേക്കു പറഞ്ഞയച്ചിട്ടുള്ളതായും കാണുന്നുണ്ടു്. തമിഴിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചിരുന്ന എഴുത്തച്ഛൻ തമിഴിലെ ആ രീതി മലയാളത്തിൽ സംക്രമിപ്പിച്ചതായിരിക്കാം.

ഇങ്ങനെ, "പൈങ്കിളിയുടെ ആഗമനത്തെക്കുറിച്ചു് എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നാലും, അതിൻെറ കളാലാപമാധുര്യത്തെപ്പററി ആക്ഷംതന്നെ ഭിന്നാഭിപ്രായമുള്ളതായി കാണുന്നില്ല. തുഞ്ചൻെറ ആ പൈങ്കിളി പഞ്ചമരാഗത്തിൽ പാടിയ പാട്ടുകൾ ഇന്നും കേരളീയാന്തരീക്ഷത്തിൽ മാററൊലിക്കൊണ്ടുതന്നെയിരിക്കുന്നു." മഹാകവി വള്ളത്തോൾ എഴുത്തച്ഛനെ അഭിസംബോധന ചെയ്തുകൊണ്ടു്,

"തൻകിടാവിനോടൊപ്പമങ്ങുന്നു താലോലിച്ച
പൈങ്കിളിപ്പിടയുടെ പഞ്ചമസ്വരാലാപം
ഇരുളിൽ മങ്ങിയ ലോകത്തെയുണർത്തിയി-
ട്ട,രുണപ്രഭ വീശും സുപ്രഭാതത്തെക്കാട്ടി.
അപ്പഞ്ചവൎണ്ണത്തത്തതൻ ചിറകടി നല്ലൊ-
രത്ഭുതവിശറിയായ് കൈരളീദേവിക്കഹോ!
സഞ്ചിതമധുരിമസാരമാമതിൻ കിളി-
ക്കൊഞ്ചലോ മുൻ കേൾക്കാത്ത വീണവായനയായി!"

എന്നു പാടിയിട്ടുള്ളതു് അതിശയോക്തി ലേശംപോലുമില്ലാത്ത ഒരു പുതിയ പരമാൎത്ഥം മാത്രമാണ്.

## പുതിയ പ്രസ്ഥാനമായതെങ്ങനെ?

കിളിപ്പാട്ടുരീതി മുൻപുതന്നെ കേരളത്തിലുണ്ടായിരുന്നുവെങ്കിൽ എഴുത്തച്ഛൻെറ കാലത്താണു് അതൊരു പ്രസ്ഥാനമായി

ത്തീന്നതെന്നു പറയുന്നതിനു് എന്താണത്ഥം? രൂപവൽക്കരണം, രൂപസൗന്ദര്യം, പ്രചാരം എന്നീ ധമ്മങ്ങളെ അടിസ്ഥാനമാക്കിയിട്ടാണു് ഒരു പ്രസ്ഥാനത്തെ നിണ്ണയിക്കേണ്ടതു്. കിളിപ്പാട്ടു് എഴുത്തച്ഛൻെറ കാലത്തു് ഒരു പ്രസ്ഥാനമായിത്തീന്നതെങ്ങനെയാണെന്നറിയണമെങ്കിൽ, അതിൻെറ ഘടനയേയും വൈശിഷ്ട്യത്തേയും പ്രചാരത്തേയുംപററി അല്പമൊന്നാലോചിക്കേണ്ടിയിരിക്കുന്നു.

കേക, കാകളി, മണികാഞ്ചി മുതലായ വൃത്തങ്ങളുടെ പൂവ്വരൂപം 'രാമചരിത'ത്തിലുണ്ടെന്നു നാം കണ്ടുകഴിഞ്ഞുവല്ലൊ. പക്ഷെ കടലിൽ കായം കലക്കിയതുപോലെ, അയിരക്കണക്കിലുള്ള വരികളുടെ ഇടയിൽ അങ്ങുമിങ്ങുമായി അത്തരം ചില ഈരടികൾ യാദൃച്ഛികമെന്ന നിലയിൽ നാം കണ്ടുമുട്ടുന്നു എന്നേയുള്ളു. ഒരു 'പടലം' മുഴുവൻ ആ വൃത്തം ഉപയോഗിച്ചതായി കാണുന്നില്ല. മേലുദ്ധരിച്ച വരികളുടെ മേലും കീഴുമുള്ള വരികൾ പരിശോധിച്ചാൽ അവയ്ക്കു നമ്മുടെ വൃത്തങ്ങളോടു് അത്ര അധികം സാദൃശ്യമുള്ളതായി തോന്നുകയില്ല. ആ സമ്പ്രദായം മാററി ഒരു കാണ്ഡം — അഥവാ ഒരു പവ്വം — മുഴുവൻ തുല്യമായ ഒരേ വൃത്തം ഉപയോഗിക്കാൻ തുടങ്ങിയതു് എഴുത്തച്ഛനാണു്. ആ പുതുമ അന്നത്തെ കേരളീയരെ --- ഉയന്നതരക്കാരെ മാത്രമല്ല, സാധാരണന്മാരെപ്പോലും — പ്രത്യേകം ആകഷിച്ചിരിക്കണം; ഭക്തന്മാരെ ആനന്ദത്തിൽ ആറാടിക്കുന്ന ഗാനാത്മകതയും അക്കായ്യത്തിൽ എഴുത്തച്ഛനെ വളരെ സഹായിച്ചിരുന്നിരിക്കണം. വൃത്തസംബന്ധിയായ ഈ പുതുമയും എഴുത്തച്ഛൻെറ പ്രസന്നമായ രചനയും, ഭക്തിദ്യോതകങ്ങളായ പുരാണകഥകളും ഇടകലന്നു് കിളിപ്പാട്ടുകൾക്കു് ഒരു പുതിയ രൂപസൗന്ദര്യത്തെ ഉളവാക്കി. കലാപരമായ ഈ സൗന്ദര്യം കിളിപ്പാട്ടുകളെ മററു പ്രസ്ഥാനങ്ങളിൽനിന്നും വ്യാവത്തിപ്പിച്ചു. ഭാഷയുടെ പ്രസന്നത, വിഷയത്തിൻെറ പരിശുദ്ധി, ഭക്തിയുടെ മാധുയ്യം എന്നീ ഗുണങ്ങൾ നിമിത്തം എഴുത്തച്ഛൻെറ കിളിപ്പാട്ടുകൾ, പണ്ഡിത

പാമരഭേദമെന്യേ കേരളീയജനതയുടെ നിത്യപാരായണത്തിനു വിഷയമായിത്തീരുകയും, തദ്വാരാ വളരെ വേഗത്തിൽ പ്രചുര പ്രചാരത്തിലെത്തിച്ചേരുകയും ചെയ്തു. ഇങ്ങിനെയാണ് തുഞ്ചത്താചാര്യന്റെ കാലത്ത് കിളിപ്പാട്ട് ഒരു നവീനപ്രസ്ഥാനമായിത്തീന്നത്.

## എഴുത്തച്ഛന്റെ പരിഷ്കാരങ്ങൾ

"മലയാളഭാഷയുടെ പരിഷ്കത്താവ്" എന്ന നിലയിൽ എഴുത്തച്ഛന്റെ നാമധേയം കേരളീയക്ക് എന്നും സ്മരണീയമായിരിക്കും. കിളിപ്പാട്ട് എന്ന ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചതിൽ മാത്രമല്ല അദ്ദേഹം തന്റെ വ്യക്തിമാഹാത്മ്യം പ്രദശിപ്പിച്ചിട്ടുള്ളത്. ഭാഷയും കവിതാരീതിയും അന്ന് ഒരു പുതിയ രൂപംതന്നെ കൈക്കൊണ്ടു. ആസ്തിക്യബുദ്ധിക്ക് ഇന്നത്തേക്കാൾ ദൃഢതയുണ്ടായിരുന്ന അക്കാലത്ത് ഭക്തിരസപ്രധാനങ്ങളായ എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾക്ക് ജനസാമാന്യത്തിന്റെ ഇടയിൽ സാവ്വത്രികമായ പ്രചാരം സിദ്ധിച്ചതിൽ അത്ഭുതപ്പെടാനില്ല. വാസ്തവത്തിൽ എഴുത്തച്ഛന്റെ നാമധേയം ജനതാഹൃദയങ്ങളിൽ അത്രമാത്രം ദൃഢതയോടുകൂടി പതിയുന്നതിനുള്ള പ്രധാന കാരണം ഇതാണെന്നാണ് എനിക്കു തോന്നുന്നത്. നല്ല മലയാളപദങ്ങളും ലളിതങ്ങളായ സംസ്കൃതപദങ്ങളും ഇടകലത്തി ആകഷകമായ ഒരു പുതിയഭാഷാരീതി പ്രചാരത്തിൽ വരുത്തിയതും ജനസാമാന്യത്തെ ആകഷിച്ചിരിക്കണം. പക്ഷേ, ആ രീതിയുടെ ഉപജ്ഞാതാവ് എഴുത്തച്ഛനാണെന്നു പറയുന്നതിൽ 'കൃഷ്ണഗാഥ' ഒരു വലിയ പ്രതിബന്ധമായി നില്ക്കുന്നു. എന്നാൽ കിളിപ്പാട്ടുകളിലെത്തിയപ്പോൾ ആ രീതി ഔചിത്യപൂവ്വം പരിഷ്കരിക്കപ്പെട്ടുവെന്നുള്ളത് പരമാത്ഥമാണുതാനും.

മററു ഭാഷകളെ അനുകരിച്ചും ഉപജീവിച്ചും മലയാളഭാഷയിൽ പല ഗ്രന്ഥങ്ങളും അതിനു മുൻപുതന്നെ ഉണ്ടായിക്കഴിഞ്ഞിരുന്നുവെങ്കിലും, ആ സമ്പ്രദായത്തിനു് ഒരു നിലയും വില

യും സമ്പാദിച്ചുകൊടുത്തതു് തുഞ്ചത്തെഴുത്തച്ഛനാണു്. ആ കവികുലഗുരുവിൻെറ കാലടികളെ പിൻതുടൎന്നു് സംസ്കൃതത്തിൽനിന്നു് പില്ക്കാലത്തു മലയാളത്തിലേക്കു പകൎന്ന ഗ്രന്ഥങ്ങൾക്കു കൈയും കണക്കുമില്ല. തന്മൂലം നമ്മുടെ ഭാഷ എത്രമാത്രം പരിപുഷ്ടിയെ പ്രാപിച്ചിട്ടുണ്ടെന്നു് എളുപ്പം പരിച്ഛേദിക്കാവുന്നതുമല്ല.

ഇങ്ങനെ പലവിധത്തിലും തുഞ്ചത്താചാൎയ്യൻ ഭാഷാഭിമാനികൾക്കു പ്രാതഃസ്മരണീയനായ ഒരു പുണ്യപുരുഷനാകുന്നു; എന്നുവെച്ചു് അദ്ദേഹത്തിനെ പുകഴ്ത്തുന്നതിന്നു് അവാസ്തവപ്രസ്താവനകളെ കൂട്ടുപിടിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല; അതിൻെറ ആവശ്യവുമില്ല. മലയാളത്തിലെ അക്ഷരമാല പുതുക്കിയതു് എഴുത്തച്ഛനാണെന്നും തന്നിമിത്തമാണു് അദ്ദേഹത്തിന്നു് 'മലയാളഭാഷയുടെ പിതാവു്' എന്ന പേരുണ്ടായതെന്നും പലരും വിശ്വസിക്കുന്നുണ്ടു്. "സംസ്കൃതവല്ലഭയായിച്ചമഞ്ഞ മലയാളഭാഷയ്ക്കു് തമിഴിൻെറ ജീൎണ്ണവും വൎണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം ഒട്ടും പൎയ്യാപ്തമല്ലെന്നായി..........അതിനാൽ മലയാളഭാഷ സംസ്കൃതദത്തമായ ആൎയ്യ എഴുത്തു് ഇക്കാലത്തു സ്വീകരിച്ചു" എന്നു കേരളപാണിനിപോലും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു പരമാൎത്ഥത്തിൽ നിന്നു വളരെ അകന്ന ഒരു അഭിപ്രായമാണു്: കൃഷ്ണഗാഥ മുതലായ പല കൃതികളും അതിനു മുമ്പുണ്ടായിക്കഴിഞ്ഞിരുന്നു. അവയെല്ലാം മലയാളലിപിയിലല്ലേ എഴുതപ്പെട്ടിരിക്കുന്നതു്? ഇന്നത്തെ ലിപികളിൽ എഴുതപ്പെട്ടവയും എഴുത്തച്ഛനു മുമ്പുണ്ടായിട്ടുള്ളവയുമായ അനവധി കൃതികൾ ഇന്നു ഗ്രന്ഥപ്പുരകളിൽനിന്നു കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. അവയും മേല്പറഞ്ഞ അഭിപ്രായത്തെ മൌനഭാഷയിൽ പ്രതിഷേധിക്കുകയാണു് ചെയ്യുന്നതു്.

ഭാഷയെ തമിഴിൻെറ ദാസ്യത്തിൽനിന്നു മോചിപ്പിച്ചു് സംസ്കൃതത്തിൻെറ വല്ലഭയാക്കിത്തീൎത്തു; സംസ്കൃതവിഭക്ത്യന്തങ്ങളായ പദങ്ങൾ മണിപ്രവാളത്തിലും പ്രയോഗിച്ചുതുടങ്ങി;

സംസ്കൃതപദങ്ങളെ മലയാളവിഭക്തികൾ ചേർത്തു പ്രയോഗിച്ചു; എന്നിങ്ങനെ വേറേയും ചില പരിഷ്കാരങ്ങളുടെ കർത്തൃത്വം ചിലർ എഴുത്തച്ഛൻെറ തലയിൽ കെട്ടിവെയ്ക്കാൻ ശ്രമിക്കുന്നതായി കണ്ടിട്ടുണ്ട്. അതും ശരിയല്ല. എഴുത്തച്ഛനു മുൻപുള്ള കവികൾതന്നെ ഇതൊക്കെ ചെയ്തുകഴിഞ്ഞിരുന്നു. എന്നാൽ ആ വക സമ്പ്രദായങ്ങളെല്ലാം തേച്ചു മിനുക്കി ആരേയും ആകർഷിക്കത്തക്കവിധം കമനീയങ്ങളാക്കിത്തീർത്ത്, അവയ്ക്കു ശരിയായ പ്രചാരം സമ്പാദിച്ചുകൊടുത്തതു് തുഞ്ചത്തെഴുത്തച്ഛനാണെന്നുള്ളതു നിർവ്വിവാദമാണ്. ഇക്കാര്യത്തിൽ അദ്ദേഹം തികച്ചും ശ്ലാഘയെ അർഹിക്കുന്നുമുണ്ട്.

## എഴുത്തച്ഛൻെറ ഭക്തി

ഭക്തിയുടെ പ്രകാശത്തിൽക്കൂടി ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു നയിക്കണമെന്നുള്ളതായിരുന്നു എഴുത്തച്ഛൻെറ ഉദ്ദേശമെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഹൈന്ദവസംസ്കാരത്തെ, അതിൻെറ പാരമ്പര്യത്തിനു കോട്ടം തട്ടാതെ സൂക്ഷിക്കേണ്ട ആവശ്യം നേരിട്ട ഒരു കാലമായിരുന്നു അതു്. അതിനുവേണ്ടി കാലം തന്നെ നിയോഗിച്ച ഒരു ദിവ്യദൂതനായിരുന്നു എഴുത്തച്ഛൻ. ഒരു ചിന്തകൻ പറയുന്നതു നോക്കുക:-

“ഭാരതത്തിൻെറ സാംസ്കാരികചരിത്രം അദ്ധ്യയനം ചെയ്യുന്ന ഒരു ജിജ്ഞാസുവിനു് 15, 16 ഈ ശതാബ്ദങ്ങളുടെ പ്രാധാന്യം വിഗണിക്കാവുന്നതല്ല. മറുനാട്ടിൽനിന്നു വന്ന മാഹമ്മദശക്തിക്കു ഹൈന്ദവരാജ്യലക്ഷ്മിയെ ഏതാണ്ടു കൈപ്പിടിയിൽ ഒതുക്കാൻ കഴിഞ്ഞു; എന്നിട്ടും ഭാരതീയാത്മാവു്, ഭാരതീയ സംസ്കാരം, തലകുനിച്ചു് അലസമായിരുന്നില്ല. ഭക്തിയുടെ ആയസകവചം ധരിച്ചുകൊണ്ടു് അതു ആസേതുഹിമാചലം പ്രത്യക്ഷമാവാൻ തുടങ്ങി; ജനതാഹൃദയത്തിൽനിന്നു് വിക്ലബതയെ നാടുകടത്തി അവിടെ ആത്മബോധത്തിൻെറ ചെങ്കോൽ നടത്താൻ ഒരുങ്ങി. ആദ്ധ്യാത്മികമായ ഈ നവോത്ഥാനം

അതിൻെറ പ്രകാശനത്തിന്ന് ഉയൻന്ന ജാതിക്കാരുടേയും പണ്ഡിതന്മാരുടേയും മാത്രം ആരാധനാപാത്രമായ സംസ്കൃതത്തെയല്ല അവലംബിച്ചതു്; സാധാരണജനങ്ങളുടെ ഹൃദയത്തിലേയ്ക്കു കടന്നുചെല്ലാൻ നിപുണമായ പ്രാദേശികഭാഷകളെയാണ്. അതിനാൽ ഭക്തിപരിമളം പ്രസരിക്കുന്ന സാഹിത്യങ്ങരം ആ ഭാഷകളിലൊക്കെ മൊട്ടിടുവാനും വിടൎന്നുവരുവാനും ആരംഭിച്ചു. നാമദേവൻ, കബീർ, ചൈതന്യൻ മുതലായ ഭക്തകവികരം ഈ പ്രസ്ഥാനത്തിൻെറ ഓരോ ദേശത്തിലെ പ്രകാശകന്മാരാണ്. ഇവരുടെ പരമ്പരയിലേക്ക് കേരളത്തിൻെറ അഭിമാനാവഹമായ സംഭാവനയാണ്, പതിനാറാം ശതകത്തിൽ ജീവിച്ചിരുന്ന തുഞ്ചത്തെഴുത്തച്ഛൻ" (16)

വളരെ അൎത്ഥഗൎഭമായൊരു അഭിപ്രായമാണിതു്. എഴുത്തച്ഛൻ വിധിയേയും ദൈവത്തേയുംപററി പറഞ്ഞു പറഞ്ഞു് കേരളീയജനതയെ അസ്തപൗരുഷമാക്കിത്തീക്കുകയാണ് ചെയ്തതെന്നു് അഭിപ്രായപ്പെടുന്ന ചില ആധുനികന്മാർ ഇതിനെപ്പററി മനസ്സിരുത്തി ചിന്തിച്ചു നോക്കേണ്ടതാണ്. അനേകം നൂററാണ്ടുകരംക്കു മുൻപു നടന്ന ഒരു സംഗതിയെപ്പററി എന്തെങ്കിലും അഭിപ്രായം പറയുമ്പോരം, അതിന്ന് ഇന്നത്തെ പരിതസ്ഥിതികളെ മാനദണ്ഡമാക്കുന്നതു് ഉചിതമായിരിക്കയില്ലെന്നുള്ള പരമാൎത്ഥം ചിലർ വിസ്മരിക്കുന്നതുപോലെ തോന്നുന്നു.

"ഹൃദയത്തിൻെറ സംസ്കാരമനുസരിച്ച് ഓരോരുത്തൻേറയും സ്വഭാവത്തിന്ന് ഓരോ അംശത്തിൽ സ്ഥിരതയും ഏകാഗ്രതയും കാണാവുന്നതാണ്. ദേശാഭിമാനിയുടെ വാക്കിലും പ്രവൃത്തിയിലും ലൗകികമായ സ്വരാജ്യസ്നേഹം വെളിപ്പെട്ടുകാണുന്നതുപോലെ, ഈശ്വരഭക്തൻെറ വാക്കിലും പ്രവൃത്തിയിലും നിൎമ്മലമായ ഭഗവൽപ്രേമം പ്രകാശിച്ചുകൊണ്ടിരിക്കും. തുഞ്ചത്തെഴുത്തച്ഛൻ സംസ്കാരസമ്പന്നനായ ഒരു പരമഭക്തനായിരുന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിൻെറ കൃതികളിൽ ആദ്യവസാനം ഭക്തിഭാവം വിളയാടുന്നതായി കാണുന്നതു്."

(16) ജി. ശങ്കരക്കുറുപ്പ് 'ലേഖമാല' പേജ് 108, 109

തനിക്ക സിദ്ധിച്ച ആദ്ധ്യാത്മികസംസ്കാരത്തിനു യോജിച്ച വിധം, തത്വചിന്തകൾക്കുകൂടി ഇടംകിട്ടുന്നവയും ഭക്തിക്കോ ശാന്തിക്കോ സ്ഥായിയായ സ്ഥാനമുള്ളവയുമായ ഇതിവൃത്തങ്ങളെ മാത്രമേ എഴുത്തച്ഛൻ പ്രതിപാദ്യവിഷയങ്ങളായി അംഗീകരിച്ചിട്ടുള്ളു. തജ്ജ്മമല്ലു വാല്മീകിരാമായണത്തെ അവഗണിച്ച് അദ്ധ്യാത്മരാമായണത്തെ സ്വീകരിച്ചതു കലാപരമായ ഒരു പരാജയമായിപ്പോയി എന്നു വാദിക്കുന്ന കൂട്ടർ ഈ പരമാർത്ഥത്തിന്റെ നേരെ കണ്ണടച്ചുകളയുകയാണ് ചെയ്യുന്നതു്. സംസ്കാരപരമായ വിജയം കൈവരിക്കുന്നതിനുവേണ്ടി ആ കവിവര്യൻ അദ്ധ്യാത്മരാമായണത്തെ കൂടുതൽ ബഹുമാനിക്കുകയാണുണ്ടായതെന്നുള്ള സത്യാംശത്തെ ഇവർ മനഃപൂർവ്വം മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്നു.

സന്ദർഭവശാൽ ഒരു ഈശ്വരനാമം ഉച്ചരിക്കേണ്ട ഘട്ടംവന്നാൽ അനേകം വിശേഷണപദങ്ങൾ കൂട്ടിച്ചേർത്തു് അതിനു് ഒരു സ്തോത്രത്തിന്റെ രൂപം കൊടുക്കുന്നതു എഴുത്തച്ഛന്റെ ഭക്തിക്കുള്ള മറെറാരു ദൃഷ്ടാന്തമാകുന്നു. ആ സ്ഥാനത്തു് മൂലത്തിൽ 'ശ്രീരാമൻ' എന്നോ 'ശ്രീകൃഷ്ണൻ' എന്നോ ഒരൊററപ്പദം മാത്രമേ കാണുകയുള്ളു. രാമായണത്തിലും ഭാരതത്തിലും ഇതിനു് അനവധി ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. രണ്ടു കൃതികളിൽനിന്നും ഓരോ ഉദാഹരണംമാത്രം ഇവിടെ ഉദ്ധരിക്കാം.

സുന്ദരകാണ്ഡത്തിൽ സീതയെ കണ്ടു മടങ്ങിവരുന്ന ഹനൂമാനും കൂട്ടുകാരും സുഗ്രീവന്റെ മധുവനം തകർത്ത വിവരം അറിഞ്ഞ ശ്രീരാമൻ, ഉദ്ദേശിച്ച കാര്യം സാധിച്ചതിലുള്ള സന്തോഷംകൊണ്ടാണ് അവർ അങ്ങിനെ ചെയ്തതെന്നൂഹിച്ച്, അവരെ വേഗത്തിൽ തന്റെ മുൻപിൽ വരുത്താൻ സുഗ്രീവനോടാജ്ഞാപിക്കുന്നു. സുഗ്രീവൻ അതനുസരിച്ച് ഹനൂമാന്റെ അടുക്കലേക്ക് ദൂതന്മാരെ അയയ്ക്കുന്നു. ആ ഘട്ടത്തിൽ,

"........ ..........അംഗദാദികളപ്പോഴേ
ഹനൂമാനേ മുന്നിലാക്കിപ്പാഞ്ഞെത്തിയതിവേഗമായ്
രാമസുഗ്രീവർതൻ മുന്നിൽച്ചെന്നു വീണു വണങ്ങിനാർ"

ഷ്യന്നു മാത്രമേ മൂലത്തിൽ കാണുന്നുള്ളു. "സുഗ്രീവന്റെ ആജ്ഞയനുസരിച്ചു് പുറപ്പെട്ട ഹനൂമാനും കൂട്ടരും രാമസുഗ്രീവന്മാരെ ചെന്നു നമസ്കരിച്ചു." എന്നാണല്ലോ ഈ വരികളുടെ അർത്ഥം. **രാമൻ** എന്ന ഒരൊററ വാക്കു മാത്രമേ ഇവിടെയുള്ളൂ. ഈ ഭാഗത്തു് എഴുത്തച്ഛൻ എന്താണു് പറയുന്നതെന്നു നോക്കുക:

"അനിലതനയാംഗദജാംബവാദിക-
ളഞ്ജസാ സുഗ്രീവഭാഷിതം കേൾക്കയാൽ
പുനരവരുമതുപൊഴുതു വാച്ച സന്തോഷേണ
പൂർണ്ണവേഗം നടന്നാശു ചെന്നീടിനാർ.
പുകൾപെരിയ പുരുഷമണി രാമൻ തിരുവടി
പുണ്യപുരുഷൻ പുരുഷോത്തമൻ പരൻ
പുരമഥനഹൃദി മരുവുമഖിലജഗദീശ്വരൻ
പുഷ്കരനേത്രൻ പുരന്ദരസേവിതൻ
ഭുജഗപതിശയനനമലൻ ത്രിജഗൽപരി-
പൂർണ്ണൻ പുരുഹൂതസോദരൻ മാധവൻ
ഭുജഗനിവഹാശനവാഹനൻ കേശവൻ
പുഷ്കരപുത്രീരമണൻ പുരാതനൻ
ഭുജഗകുലഭൂഷണാരാധിതാംഘ്രിദ്വയൻ
പുഷ്കരസംഭവപൂജിതൻ നിർഗ്ഗുണൻ
ഭുവനപതി മഖപതി സതാംപതി **മൽപതി**
പുഷ്കരബാന്ധവപുത്രപ്രിയസഖി
ഭുജബലവതാം വരൻ പുണ്യജനാന്തകൻ
ഭൂപതിനന്ദനൻ ഭൂമിജാവല്ലഭൻ
ഭുവനതലപാലകൻ ഭൂതപഞ്ചാത്മകൻ
ഭൂരിഭൂതിപ്രദൻ പുണ്യജനാർച്ചിതൻ
ഭുജഭവകുലാധിപൻ പുണ്ഡരീകാനനൻ
പുഷ്പബാണോപമൻ ഭൂരികാരുണ്യവാൻ
ദിവസകരപുത്രനും സൗമിത്രിയും മുദാ
ദിഷ്ടപൂർണ്ണം ഭജിച്ചന്തികേ സന്തതം
വിപിനഭുവി സുഖതരമിരിക്കുന്നതു കണ്ടു

വീണുവണങ്ങിനാർ വായുപുത്രാദികൾ;
പുനരഥ ഹരീശ്വരൻതന്നെയും വന്ദിച്ചു."

എഴുത്തച്ഛൻെറ ധാരാവാഹിയായ വാക്പ്രവാഹത്തിന്നു് ഇങ്ങനെയുള്ള ഘട്ടങ്ങളിൽ യാതൊരലംഭാവവുമില്ല.

ഗ്രന്ഥത്തിൻെറ വലുപ്പം നിമിത്തം സംക്ഷേപണത്തിൽ വളരെ ശ്രദ്ധിക്കേണ്ടി വന്നിട്ടുള്ള ഭാരതത്തിലും ഇതിനു ധാരാളം ഉദാഹരണങ്ങളുണ്ടു്. രാമായണത്തിൽനിന്നു മേലുദ്ധരിച്ച ദൃഷ്ടാന്തത്തിൽ മൂലത്തിലെ ഒരു പദം അനവധി പദങ്ങളായി പരത്തുകയാണല്ലോ ചെയ്തിട്ടുള്ളതു്. മൂലത്തിൽ ഒററ പദംപോലും പ്രയോഗിച്ചിട്ടില്ലാത്ത സന്ദർഭങ്ങളിലും, എഴുത്തച്ഛൻ ചിലപ്പോൾ ഇത്തരത്തിലുള്ള ഈശ്വരപര്യായങ്ങൾ കോരിവാരിച്ചൊരിഞ്ഞിട്ടുണ്ടെന്നുള്ളതിനു ഭാരതത്തിൽ ദൃഷ്ടാന്തങ്ങളുണ്ടു്. ആസ്തികപർവ്വത്തിൽ, 'സർപ്പദംശനമേററു മരിക്കട്ടേ' എന്നു്, തൻെറ പുത്രൻ പരീക്ഷിത്തിനെ ശപിച്ച വിവരം ശമീകമഹർഷി ശിഷ്യനായ ഗൗരമുഖൻ മുഖേന ആ മഹാരാജാവിനെ അറിയിക്കുന്ന ഒരു ഘട്ടമുണ്ടു്. ആ അവസരത്തിൽ, രാജാവു് ആ മുനിശിഷ്യനെ മടക്കി അയച്ചു് മന്ത്രിമാരെ വിളിച്ചുവരുത്തി ഭാവിയെപ്പററി ആലോചിച്ചു എന്നു മാത്രമാണു് മൂലത്തിൽ പറഞ്ഞിട്ടുള്ളതു്. കിളിപ്പാട്ടിൽ എഴുത്തച്ഛൻ ആ ഭാഗം അല്പം വിസ്തരിക്കുന്നുണ്ടു്. "ദ്രോണപുത്രൻെറ ബ്രഹ്മാസ്ത്രത്തിൽനിന്നു് എന്നെ രക്ഷിച്ച ഭഗവാൻ എനിക്കു ശരണമായിട്ടുണ്ടു്." എന്നു തുടങ്ങുന്ന നീണ്ട ഒരു വിചാരഗതി ആ അവസരത്തിൽ പരീക്ഷിത്തിൻെറ മനസ്സിൽ കടന്നുകൂടിയതായി എഴുത്തച്ഛൻ പറയുന്നു. ഒടുവിൽ,

"പാണ്ഡവർ മരിച്ചോരെനിക്കു മരണത്തി-
ലുണ്ടോ ഭയമിന്നു? നന്നായിതെത്രയും!"

എന്ന നിലയിലെത്തിച്ചേരുന്നു, ആ ചിന്താഗതി. അതു കഴിഞ്ഞു് നാം കാണുന്നതെല്ലാം ഈശ്വരൻെറ മായാവിലാസമാത്രമാണെന്നും, ഈശ്വരേച്ഛപോലെയല്ലാതെ ഒന്നും സംഭവിക്കു

യില്ലെന്നുംകൂടി പരീക്ഷിത്തിനെക്കൊണ്ടു പറയിച്ചിട്ടാണ് എഴുത്തച്ഛൻ ആ ഭാഗം അവസാനിപ്പിക്കുന്നത്. അതിവിടെ ഉദ്ധരിക്കാം:—

"ദുഃഖവും സൗഖ്യവും മൃത്യുവും ജന്മവും
സ്വർഗ്ഗം നരകം ജരാനര ശീതോഷ്ണം
ഇത്യാദ്യനേകവിധം ദ്വന്ദ്വജാലങ്ങൾ
മിഥ്യയത്രേ മഹാമായാഗുണവശാൽ.
അദ്വയനവ്യയൻ പൂർണ്ണനേകൻ പരൻ
നിത്യൻ നിരുപമൻ നിർഗ്ഗുണൻ നിഷ്കളൻ
നിശ്ചലൻ നിർമ്മലൻ നിസ്പൃഹൻ നിർമ്മമ-
നച്യുതനാദ്യനനന്തനാനന്ദാത്മാ
നിർവ്വികാരൻ നിരാകാരൻ നിരാധാരൻ
നിർവ്വികല്പൻ നിരാഖ്യാനൻ നിരാമയൻ
സത്യജ്ഞാനാനന്താനന്ദാമൃതൻ മായാ-
കൃത്യകർത്താ ഭർത്താ ഹർത്താ ജഗൽപിതാ
വേദസ്വരൂപൻ വേദാർത്ഥസാരാത്മകൻ
വേദവേദാംഗ വേദാന്ത വേദ്യൻ പരൻ
ശുദ്ധൻ പരമൻ പരാപരനീശ്വരൻ
കൂടസ്ഥനവ്യക്തനാദിനാഥൻ ശിവൻ
ശാന്തനാത്മാരാമനാത്മപ്രിയൻ ജഗൽ-
കാന്തനാത്മപ്രദൻ വിശ്വപതി ഹരി
കൃഷ്ണൻ യദുപതി സൽപതി **മൽപതി**
വൃഷ്ണികുലപതി പത്മാലയാപതി
വിഷ്ണു ധരാപതി വൃന്ദാരകപതി
ജിഷ്ണുപതി ശൗരി ധർമ്മപതി വിഭു
യജ്ഞപതി പാണ്ഡുപുത്രഗതി പതി
സുജ്ഞനിനാം പതി ദേവൻ പശുപതി
ഗോപതി ഗോപീജനപതി ഗോപതി
ഗോപകുലപതി പത്മവിലോചനൻ

ദേവകീനന്ദനനെന്നുള്ളിൽ വാഴുന്ന
ദേവദേവൻ തനിക്കൊത്തതെല്ലാം വരും."

വേദാന്തതത്വപ്രതിപാദകങ്ങളായ ഈവക ഭാഗങ്ങളോ, ഈശ്വരൻെറ ഒരൊററ നാമംപോലുമോ, ആ ഘട്ടത്തിൽ വ്യാസൻ പരീക്ഷിത്തിനെക്കൊണ്ടു പറയിക്കുന്നില്ലെന്നും, അതെല്ലാം എഴുത്തച്ഛൻെറ 'സ്വന്തം കൃതി'യാണെന്നും, ഓർത്താൽ, ആ കവിവര്യൻ എത്രമാത്രം ആസ്തികനും ഭക്തനുമായിരുന്നു എന്നു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. ഭീഷ്മപൎവ്വം, കൎണ്ണപൎവ്വം, സ്ത്രീപൎവ്വം മുതലായ ഭാഗങ്ങളിലും ഇത്തരം ദൃഷ്ടാന്തങ്ങൾ ധാരാളം കാണാം.

എഴുത്തച്ഛൻ ഭക്തിപാരവശ്യംകൊണ്ടു ചിലപ്പോൾ കഥാസന്ദർഭത്തേയും തന്നെത്തന്നെയും വിസ്മരിച്ചുപോകാറുണ്ടെന്നുള്ളതിനും ദൃഷ്ടാന്തങ്ങളുണ്ടു്. സുന്ദരകാണ്ഡത്തിൽനിന്നു മുകളിൽ (പേജ് 28) ഉദ്ധരിച്ച വരികളിലെ **മൽപതി** എന്ന പ്രയോഗം നോക്കുക.

"............മായാമയനീശ്വരനെൻെറയുള്ളിൽ
സന്തതമിരുന്നരുളീടിന നാരായണൻ-
തന്തിരുവടിയോടും കൂടവേ ധൎമ്മാത്മജൻ"

എന്നു ഭാരതം ശാന്തിപൎവ്വത്തിൽ പ്രയോഗിച്ചുകാണുന്നു. കൎണ്ണപൎവ്വത്തിലാകട്ടേ, ഒരു പടികൂടിക്കടന്നു്,

"നീറന്ന പീലികൾ നിരക്കവേ കുത്തി
.....................................................
പദസരോരുഹയുഗവുമെന്നുടെ
ഹൃദയംതന്നിലങ്ങിരിക്കുംപോലെയ-
മ്മണിവൎണ്ണൻതന്നെത്തെളിഞ്ഞു കണ്ടു ഞാൻ"

എന്നിങ്ങനെ ഭഗവാനെ നേരിട്ടു കണ്ടതായിപ്പോലും എഴുത്തച്ഛൻ വൎണ്ണിച്ചിരിക്കുന്നു. കാളിയമർദ്ദനത്തിൽ കാളിയൻ ശ്രീകൃഷ്ണനെ ദംശിച്ചതായി വൎണ്ണിക്കുന്ന ഘട്ടത്തിൽ "കല്മഷനാകുമോ തോന്നുമല്ലോ" എന്നു സങ്കടപ്പെട്ടു്, വീണ്ടും ആ ദുഷ്ടജന്തുവിൻെറ

ദംശനമേല്ക്കാതിരിക്കുന്നതിനായി, '**തെളിഞ്ഞെൻ മനഃപങ്കജേ വാഴ്ക പോകാതെ സ്സത്തും**' എന്നു് എഴുത്തച്ഛൻ ശ്രീകൃഷ്ണനെ തൻെറ ഹൃദയക്ഷേത്രത്തിലേക്കു് ക്ഷണിക്കുകകൂടി ചെയ്യുന്നു. ഭക്തികൊണ്ടുള്ള ആത്മവിസ്മൃതിയാണല്ലോ ഇവിടെയെല്ലാം തെളിഞ്ഞു കാണുന്നതു്.

## തർജ്ജമയുടെ രീതി

എഴുത്തച്ഛൻ ഒരു വെറും തജ്ജമക്കാരനാണെന്നും, ഒരു കവിയുടെ നിലയിൽ അദ്ദേഹത്തെ അത്രയൊന്നും ബഹുമാനിക്കാനില്ലെന്നും, ഇന്നു ചിലർ വാദിച്ചുതുടങ്ങിയിട്ടുണ്ടു്. ഇക്കൂട്ടർ സത്യത്തെക്കാറം അധികം കോംവിയെ വിശ്വസിക്കുന്നവരാകുന്നു. ഒരു ലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങളുള്ള വ്യാസൻെറ മഹാഭാരതവും എഴുത്തച്ഛൻെറ ആ ചെറിയ ഭാരതം കിളിപ്പാട്ടും ഒത്തുവായിച്ചുനോക്കീട്ടുള്ളവർ എഴുത്തച്ഛനെ ഒരു വെറും തജ്ജമക്കാരൻെറ നിലയിലേക്കു് താഴ്ത്തുവാൻ ഒരിക്കലും ധൈര്യപ്പെടുകയില്ല. 10 സർഗ്ഗങ്ങളിലായി 355 പദ്യങ്ങളെക്കൊണ്ടു് വ്യാസൻ വർണ്ണിച്ചിട്ടുള്ള "സൗഗന്ധികകഥ" എഴുത്തച്ഛൻ 20 ഈരടികളിൽ ഒതുക്കിയിരിക്കുന്നു. ഇതുപോലെയാണു് ഭാരതത്തിൽ മിക്ക ഭാഗങ്ങളുടേയും നില. തൃണാഗ്രത്തിൽ തൂങ്ങിനില്ക്കുന്ന ഒരു തുള്ളി വെള്ളത്തിൽ ചുററുമുള്ള പ്രകൃതി മുഴവൻ പ്രതിഫലിച്ചുകാണുന്നതുപോലെ, മൂലകഥയിലെ സാരാംശം മുഴവൻ എഴുത്തച്ഛൻെറ കിളിപ്പാട്ടിലും അടങ്ങിയിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അതുകൊണ്ടു് ആ ആചാര്യൻ ഒരു വെറും തജ്ജമക്കാരനാണെന്നു പറയുന്നതു ശരിയാണോ? ഏകാഗ്രതയ്ക്കു ലോപം വരുത്താതെ മുഖ്യഭാഗങ്ങളെ പ്രകാശിപ്പിച്ചും, അമുഖ്യഭാഗങ്ങളെ ചിലപ്പോറം ത്യജിച്ചും ചിലപ്പോറം സംക്ഷേപിച്ചും, രസഭാവാദികളിലും ഔചിത്യത്തിലും പ്രത്യേകം ശ്രദ്ധ പതിപ്പിച്ചും എഴുതിത്തീർത്തിട്ടുള്ള ഭാരതം കിളിപ്പാട്ടു് എഴുത്തച്ഛൻെറ കവനകലാമമ്മജ്ഞതയെ മൗനഭാഷയിൽ പ്രഖ്യാപനം ചെയ്യുന്നില്ലേ?

അദ്ധ്യാത്മരാമായണം ഒട്ടുമുക്കാലും ഒരു ശരിത്തർജ്ജമയാണെന്നുള്ളതു ശരിതന്നെ. ഒരു പക്ഷേ, അതായിരിക്കാം എഴുത്തച്ഛൻെറ ആദ്യത്തെ കൃതി. എന്നാൽ ആ കവിവര്യൻെറ ഔചിത്യബോധവും കലാമർമ്മജ്ഞതയും ആ ആദ്യ കൃതിയിൽപോലും ആദ്യവസാനം തെളിഞ്ഞുകാണുന്നുണ്ടെന്നുള്ളതു് ഒരു പരമാൎത്ഥം മാത്രമാകുന്നു. ഭാരതത്തിൽ ഈ ഗുണം നല്ലപോലെ തെളിഞ്ഞു കാണാം. ഒന്നുരണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

സംഭവപൎവ്വത്തിലുള്ള ദേവയാനീചരിതത്തിൽ കചൻ ശുക്രശിഷ്യനായി കഴിഞ്ഞുകൂടിയ കാലത്തെപ്പററി വ്യാസൻ പറഞ്ഞിട്ടുള്ളതു് ഇങ്ങിനെയാണു്:

"ഉപാദ്ധ്യായൻ ദേവയാനിയിവക്ച്ചേ്നചെയ്യവേ
അവക്കാരാധനസ്സ്ഥായിട്ടാ യുവാവു യുവക്രമേ
പാട്ടും തുള്ളും ചൊല്ലു,മേവമിണക്കീ ദേവയാനിയെ
യൗവനാഢ്യ ദേവയാനി കന്യ പാടാമ്പടിക്കവൻ
ഫലപുഷ്പപ്രേരണത്താൽ സന്തോഷിപ്പിച്ചു ഭാരത!
നിയമവ്രതമാണ്ടോരാ വിപ്രനേദ്ദേവയാനിയും
ആടിയും പാടിയും ഗൂഢം ഗാഢം പരിചരിച്ചതേ
അഞ്ഞൂറു വൎഷമിവണ്ണം..................."

കഴിഞ്ഞു; വ്യാസനു് ഇത്രമാത്രമേ പറയാനുള്ളു. ഇതിൽ സൂചനകൾ പലതുണ്ടെന്നു സമ്മതിക്കാം; പക്ഷേ എഴുത്തച്ഛൻെറ വൎണ്ണനയുടെ വെളിച്ചത്തിൽ ഈ ഭാഗം തീരെ നിഷ്പ്രഭമായിത്തീരുന്നു.

"ശുക്രനും ദേവയാനിയാകിയ കുമാരിക്കു-
മുൾക്കാമ്പു തെളിയുമാറിരുന്നാനവൻതാനും
ദേവയാനിക്കു വേണ്ടുമോരോരോ പരികൎമ്മ-
മേതുമേ മടിയാതെ ചെയ്തിടും കചൻതാനും.
അവൾക്കുമതുമൂലം കചനിലൊരുനാളു-
മിളക്കം വരാതൊരു രാഗവുമുണ്ടായ്വന്നു.
കന്യകതാനും ബ്രഹ്മചാരിയാം കചനുമായ്
നന്നായി രമിച്ചു വാണീടിനാർ നിരന്തരം.

കാനനംതോറും പശുവൃന്ദത്തെ മേച്ച പിന്നെ
നാനാപുഷ്പങ്ങൾ പുല്ലും സമിദാദികളെല്ലാം
കൊണ്ടുവന്നീടുമവൻ, മിണ്ടാതെയിരിക്കുമ്പോൾ
കണ്ടിക്കാർകുഴലിയാം ദേവയാനിയുമായി
കണ്ട കാനനംതോറും നടന്നു കളിച്ചീടും
കുണ്ഠതകൂടാതെ തൻവിദ്യയും പഠിച്ചീടും.
യൗവനമിരുവർക്കുമാരംഭിച്ചിരിക്കുന്നു,
ദിവ്യത്വമുണ്ടാകയാൽ വൃത്തിയും രക്ഷിച്ചീടും
വേണുനാദങ്ങളോടും താളങ്ങൾ മേളങ്ങളും
വീണവായന നല്ല വക്രോക്തിവിശേഷവും
വ്യംഗ്യങ്ങൾ പലതരം ധ്വനികളിവയെല്ലാം
മംഗലമാകുംവണ്ണം നന്നായിപ്പറകയും
അന്യോന്യം കളിച്ചുവരിരുന്നാർ പലകാലം
കന്യകതാനും ബ്രഹ്മചാരിയും പിരിയാതെ.
ആടിടുന്നവനിലും പാടീടുന്നവനിലും
ഗൂഢമാം നാരീവൃത്തം മറയ്ക്കുന്നവനിലും
ഇഷ്ടമായുള്ള വസ്തു കൊടുക്കുന്നവനിലും
കണ്ട ഭൂഷണമെല്ലാമണിയുന്നവനിലും
കണ്ടാൽ നല്ലവനിലും കേളിയുള്ളവനില്ലു-
മുണ്ടാകുമല്ലോ മധുവാണികൾക്കനുരാഗ-
മുണ്ടല്ലോ കചനേവമാദിയാം ഗുണമെല്ലാം
അഞ്ഞൂറുസംവത്സരം കഴിഞ്ഞു കചനേവം."

ഇതാണോ ശരിത്തർജ്ജമ! എഴുത്തച്ഛൻെറ ലോകപരിചയത്തേയും നിരീക്ഷണപാടവത്തേയും പ്രഖ്യാപനം ചെയ്യുന്ന ഈ ഭാഗം ആ കവിപുംഗവൻെറ ഔചിത്യപൂർണ്ണമായ വിപുലനസമ്പ്രദായത്തിനുള്ള ഒരു നല്ല ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണു്.

ശകുന്തളോപാഖ്യാനവും നമുക്കൊന്നു പരിശോധിക്കാം. ശാകുന്തളം നാടകത്തിൽ കണ്വൻ ശകുന്തളയെ ഭർത്തൃഗൃഹത്തി

ലേക്ക പറഞ്ഞയയ്ക്കുന്ന സന്ദർഭം കാളിദാസൻ വളരെ ഹൃദയാകർഷകമായിട്ടാണല്ലോ വർണ്ണിച്ചിട്ടുള്ളതു്. ഭാരതം മൂലത്തിൽ ആ ഭാഗം വിവരിക്കപ്പെട്ടിട്ടുള്ളതു് തീരെ നിർവ്വികാരമായ രീതിയിലാണു്.

"സുകൃതത്തിൻ ചിഹ്നമുള്ളീശ്ശകുന്തളയെയിന്നുടൻ
സുതനോടും ഭർത്തൃഗേഹമതിങ്കൽ കൊണ്ടണയ്ക്കുവിൻ.
സ്ത്രീകൾക്ക ബന്ധുഗേഹത്തിലാകാ പാർപ്പു പെരുത്തുനാൾ
കീർത്തിചാരിത്ര്യധർമ്മഘ്നമത്രേ, കൊണ്ടാക്കുവിൻ ക്ഷണം.
അവ്വണ്ണമെന്നാശ്ശിഷ്യന്മാരേവരും പുത്രനൊത്തഹോ
ശകുന്തളയെ മുമ്പാക്കി ഹസ്തിനാപുരി പൂകിനാർ.

കാളിദാസന്റെ ശാകുന്തളം വായിച്ചിട്ടുള്ള ഒരു സഹൃദയനു് ഈ വരികൾ വായിച്ചാൽ എന്താണു തോന്നുക? മർമ്മസ്പൃശിയായ ആ പിതൃപുത്രീവിരഹഘട്ടത്തെ—ഏതു മനുഷ്യന്റേയും ഹൃദയത്തെ സ്പർശിക്കുന്ന വാത്സല്യം എന്ന ഭാവത്തെ വിജയാശ്ലിഷ്ടമാംവിധം വർണ്ണിക്കാൻപററിയ ആ ഒന്നാന്തരം സന്ദർഭത്തെ—ഏതാനും ചില നിർജ്ജീവപദങ്ങളെക്കൊണ്ടു വിവരിക്കുക എന്നതു് കവിതാധർമ്മത്തിന്റെ പ്രഥമപാഠമെങ്കിലും അറിയാവുന്ന ഒരാൾ ചെയ്യുന്ന കൃത്യമല്ല. കവികുലഗുരുവായ എഴുത്തച്ഛന്റെ കാര്യം പറയാനുണ്ടോ? കാളിദാസന്റെ കാലടികളെ പിൻതുടർന്നുകൊണ്ടു് അദ്ദേഹം ആ ഘട്ടം വർണ്ണിക്കുന്നതു നോക്കുക:

"താതനാം മുനിവരൻ പുത്രിയോടരുൾചെയ്താൻ
നീ തവ ഭർത്താവിനെച്ചെന്നു കാണണമിനി
സ്വാതന്ത്ര്യം നാരിമാർക്കില്ലെന്നല്ലോ ചൊല്ലീടുന്നു.
താതൻതാൻ രക്ഷിക്കേണം കൗമാരവയസ്സിങ്കൽ
ഭർത്താവു രക്ഷിക്കേണം യൗവനവയസ്സിങ്കൽ
പുത്രൻതാൻ രക്ഷിക്കേണം വാർദ്ധക്യവയസ്സിങ്കൽ.
ദേവകൾക്കെല്ലാം വിഷ്ണു ദേവതയല്ലോ ഭൂമി
മൂർഖനാകിലും ഭർത്താ നാരിമാർക്കെല്ലാം ദൈവം.
ചേതസാ വാചാ വൃത്യാ കർമ്മണാ ഭർത്താവിനെ-
സ്സാദരം ശുശ്രൂഷിക്ക നല്ലതു നിങ്ങൾക്കെല്ലാം.

അതിലും പതിവ്രതമാരാകും കുലസ്ത്രീകൾ-
ക്കതിനുമീതേയൊരു ധർമ്മമില്ലറിക നീ.
ഗതിയും വരുമിഹ ലോകസൗഖ്യവും വരും
പതിശുശ്രൂഷണം കൊണ്ടെന്നു ചൊല്ലുന്നു വേദം.
പുത്രനും നീയുംകൂടിപ്പോകണം മടിക്കാതെ
വൃദ്ധതാപസന്മാരും ശിഷ്യരും തുണപോരും.
താതനെപ്പിരിയുന്ന ദുഃഖംകൊണ്ടവളപ്പോൾ
ചൂതേലും മുലതന്മേലിററിററു വീണീടുന്ന
നേത്രാംബു തുടച്ചഭിവാദ്യവും ചെയ്തു തൊഴു-
താജ്ഞയാ പ്രദക്ഷിണം ചെയ്തു തൻപുത്രനോടും
ഗൽഗദാക്ഷരത്തോടു യാത്രയും ചൊല്ലി മെല്ലെ
നിർഗ്ഗമിപ്പതിനാശു തുനിഞ്ഞു ശകുന്തളാ.
മുനിയും തനയനെ മടിയിലെടുത്തുവെ-
ച്ചനുമോദത്തോടണച്ചാശ്ലേഷംചെയ്തു നന്നായ്
തലയിൽ പലവുരു ചുംബിച്ചു ചൊല്ലീടിനാൻ
'പലനാൾ വാഴ്ക ഭുവി ഗുണവാനായ് നീ'യെന്നും
പലവുമാശീർവചനാദികൾ ചെയ്തു പിന്നെ-
കലശങ്ങളും ജപിച്ചീടിനാൻ പിന്നെത്തൻെറ
മകളെക്കരംകൊണ്ടു തടവീ മന്ദംമന്ദം
'സുഖമായ് വരികെ'ന്നു പറഞ്ഞോരനന്തരം
അശ്രുക്കൾ പൊഴിക്കയുമൂൾക്കനം വിടുകയും
നിശ്വാസം വരികയും നിസ്സഹം ചിന്തിക്കയും,
മാനുഷഭാവംകൊണ്ടു മാമുനിക്കതുനേരം
മാനസഖേദം പെരുതുണ്ടായിതെന്നേ വേണ്ടു."

മൂലത്തിനും പരിഭാഷയ്ക്കുമുള്ള അന്തരം സ്പഷ്ടമാകയാൽ അതിനെപ്പററി അധികം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

ലക്ഷത്തിൽപരം ശ്ലോകങ്ങളടങ്ങിയ മഹാഭാരതത്തിലെ കഥകൾ മിക്കതും ചുരുക്കിപ്പറയുന്ന കിളിപ്പാട്ടിൽ സംക്ഷേപണത്തിനുള്ള ഉദാഹരണങ്ങൾ സ്പഷ്ടമത്രെ. പത്തു സർഗ്ഗങ്ങളിലാ

യി 355 പദ്യങ്ങളെക്കൊണ്ടു വ്യാസൻ വർണ്ണിച്ച 'സൗഗന്ധിക കഥ' എഴുത്തച്ഛൻ വെറും ഇരുപതു് ഈരടികളിൽ ഒതുക്കിയ ദൃഷ്ടാന്തം മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. (പേജ് 32 നോക്കുക) ഇതുതന്നെയാണ് മിക്ക കഥകളുടേയും രീതി.

ഇങ്ങനെ ഉത്തമനായ ഒരു കലാകാരൻെറ നിലയിൽ ഔചിത്യദീക്ഷയ്ക്കുവേണ്ടി സംക്ഷേപണത്തേയും വിപുലനത്തേയും സന്ദർഭോചിതമായി സ്വീകരിച്ചിട്ടുള്ള തുഞ്ചത്താചാര്യൻ ഒരു **വെറും തർജ്ജമക്കാര**നാണെന്നു പറഞ്ഞാൽ എങ്ങനെയാണ് അതു കണ്ണുമടച്ചു സമ്മതിച്ചുകൊടുക്കുക?

## അലങ്കാരങ്ങൾ

തുഞ്ചത്തെഴുത്തച്ഛൻ സ്വതേ ഒരലങ്കാരപ്രിയനല്ല. മററു ഭാഷയിലുള്ള ഒരു കൃതി മലയാളത്തിലേക്കു വിവർത്തനം ചെയ്യുമ്പോൾ സ്വന്തം അലങ്കാരപ്രയോഗസാമർത്ഥ്യം പ്രകടിപ്പിക്കാനുള്ള അവസരവും പുരുങ്ങുമല്ലോ. എങ്കിലും, ഏതെങ്കിലും ഒരു കഥാസന്ദർഭത്തെ കൂടുതൽ ഉജ്ജ്വലമാക്കിത്തീർക്കേണ്ട ഘട്ടം വന്നാൽ, ഏററവും ഉചിതങ്ങളായ അലങ്കാരങ്ങളെ കൂട്ടുപിടിക്കുന്നതിനു് എഴുത്തച്ഛൻ തീരെ മടിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ പറയാം.

ശ്രീരാമൻ മിഥിലയിൽവെച്ചു ശൈവമായ ചാപത്തെ ഭഞ്ജിച്ചതിനുശേഷമുണ്ടായ അവസ്ഥ മൂലത്തിൽ ഇങ്ങനെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

രണ്ടായ്മുറിഞ്ഞൊരച്ചാപം കണ്ടിട്ടു മിഥിലാധിപൻ
ഗാഢമാലിംഗനംചെയ്താൻ പ്രൌഢൻ ശ്രീരാമചന്ദ്രനെ
മുത്തുമാലകളും നല്ല പൊൻചിലമ്പുകളും മുദാ
കർണ്ണപത്രങ്ങളും പൂണ്ടു സർവ്വാഭരണയുക്തയായ്
മൂടിപ്പുതച്ച വസ്ത്രാന്തർവ്യഞ്ജിതസ്തനിയായുടൻ
വന്നു ദക്ഷിണഹസ്തത്തിലേന്തും പൊൻമണിമാലയെ
രാമനിൽചേർത്തഹോ സീതസന്തോഷിച്ചാൾ സവിസ്മയം.

ഇനി തുഞ്ചത്തെഴുത്തച്ഛൻ ഈ ഭാഗം, കിളിപ്പാട്ടിൽ എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നതെന്നു നമുക്കു പരിശോധിക്കാം.

"ജനകൻ ജഗൽസ്വാമിയാകിയ ഭഗവാനെ-
ജ്ജനസംസദി ഗാഢാശ്ലേഷവും ചെയ്താനല്ലോ.
ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ;
മൈഥിലി മയിൽപ്പേടപോലെ സംഭ്രമം പൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നു ചേതസി ജനകനും;
സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദം
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലേ വരണാർത്ഥമാലയുമിട്ടീടിനാൾ."

ഇതിൽ ഏതു ചിത്രമാണ് കൂടുതൽ ആകർഷകമായിട്ടുള്ളതെന്നു വായനക്കാർതന്നെ തീരുമാനിക്കട്ടെ. ഭിന്നമനഃസ്ഥിതിയോടുകൂടിയ രംഗവാസികൾക്കുണ്ടായ സംഭ്രമകൗതുകാദിവികാരങ്ങളെ തെളിയിക്കുവാൻ, എഴുത്തച്ഛൻ പ്രയോഗിച്ച ഉപമ എത്രമാത്രം പ്രയോജനപ്പെട്ടുന്നുണ്ടെന്നു ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടതാണ്. സ്വർണ്ണാഭരണവിഭൂഷിതയായി കയ്യിൽ വരണമാലയുമേന്തി ശ്രീരാമന്റെ മുമ്പിൽ വന്നുനില്ക്കുന്ന ലജ്ജാവനതമുഖിയായ സീതയുടെ ആ ചിത്രം എത്ര മനോജ്ഞമായിരിക്കുന്നു! വരണമാലയണിയിക്കുന്നതിനു മുമ്പായി സീതയെക്കൊണ്ട് ഒരു നേത്രോല്പലമാലയണിയിച്ച എഴുത്തച്ഛൻ ഒന്നാംതരം ഒരു കലാകാരനല്ലെന്നു് നിഷ്പക്ഷപാതിയായ ഒരു നിരൂപകൻ പറയുമെന്നു തോന്നുന്നില്ല.

ലങ്കാദഹനം, മൂലകൃതിയിൽ വളരെ വേഗത്തിൽ കഴിയുന്നു. (17) നമ്മുടെ ഇടയിൽ ഒരു സാധാരണ ഗൃഹം അഗ്നിക്കി

---

(17) ചാടിച്ചാടിനടന്നഗ്നികത്തുമാ നീണ്ട വാലിനാൽ
കപീശ്വരൻ ഭസ്മമാക്കി ലങ്കാപുരമശേഷവും
(അദ്ധ്യാത്മരാമായണം മൂലം)

രയായാൽ ഇതിലധികം ചുട്ടും വെളിച്ചവും ബഹളവുമുണ്ടാകും. മൂലഗ്രന്ഥകാരൻെറ ഈ മനോധമ്മദാരിദ്ര്യം എഴുത്തച്ഛനു് തീരെ പിടിച്ചില്ല.

"കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചു കത്തിച്ചു വദ്ധിപ്പിച്ചിതഗ്നിയും
.......................................................
അനലശിഖകളുമനിലസുതഹൃദയവും തെളി-
ഞ്ഞാഹന്ത വിഷ്ണുപദം ഗമിച്ചു തദാ.
വിബുധപതിയോടു നിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയൎന്നുചെന്നു മുദാ.
ഭുവനതലഗതവിമലദിവ്യരത്നങ്ങളാൽ
ഭൂതിപരിപൂൎണ്ണമായുള്ള ലങ്കയും
പുനരനിലസുതനിതി ദഹിപ്പിച്ചിതെങ്കിലും
ഭൂതിപരിപൂൎണ്ണമായ് വന്നിതത്ഭുതം."

എന്നിങ്ങനെ ദീപ്തമായ ഭാഷയിൽ അദ്ദേഹം അതിനു വ്യക്തമായ ഒരു രൂപം നൽകി. ഇവിടെ ആ കവിശ്രേഷ്ഠൻ പ്രയോഗിച്ചിട്ടുള്ള അലങ്കാരങ്ങളുടെ ഔചിത്യം, ആലോചിക്കുന്തോറും നമ്മുടെ മനസ്സിനെ പിന്നെയും പിന്നെയും ആകൎഷിക്കുന്നതായി കാണാം.

അദ്ധ്യാത്മരാമായണത്തിൻെറ കഥയാണു് ഇതുവരെ പറഞ്ഞതു്. ഭാരതപരിഭാഷയ്ക്കുള്ള പരിശ്രമം, സമുദ്രത്തിലെ വെള്ളം ഒരു ചെറിയ തോട്ടിൽക്കൂടി ഒഴുക്കിവിടുന്നതുപോലെയും, ചുററുമുള്ള വിശാലമായ പ്രകൃതി ഒരു ചെറിയ ആലേഖ്യത്തിൽ പ്രദൎശിപ്പിക്കുന്നതുപോലെയും, ശ്രമസാദ്ധ്യമായ ഒന്നാകയാൽ, താദൃശമായ ഒരു പരിശ്രമത്തിനിടയ്ക്കു് അലങ്കാരങ്ങളെ സംബന്ധിച്ചു് സ്വാതന്ത്ര്യം പ്രകാശിപ്പിക്കുവാനുള്ള സന്ദൎഭം എഴുത്തച്ഛനു് അത്രയധികമൊന്നും കിട്ടിക്കാണുകയില്ല. എങ്കിലും കിട്ടിയ സന്ദൎഭങ്ങൾ ആ കവികുലഗുരു വെറുതേ കളഞ്ഞിട്ടില്ല.

"കോകിലാണ്ഡവും ഭരിച്ചീടുന്നു വാത്സല്യത്താൽ
കാകന്മാരാത്മീയമെന്നോർത്തുമെത്ര ചിത്രം!"
"മത്തേഭൻ പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും ശുദ്ധജലംതന്നിലേ കളിച്ചാലും."
"ക്ഷീരമാംസാദി ഭുജിച്ചീടിലുമമേധ്യത്തെ-
പ്പാരാതെ ഭുജിക്കേണം സാരമേയങ്ങൾക്കെല്ലാം."
(ശകുന്തളോപാഖ്യാനം)

"പ്രളയകാലത്തു ദിനകരബിംബ-
മളവില്ലാതോളമുദിച്ചതുപോലെ"
"തപനമണ്ഡലം ഝടിതി ഭൂമിയിൽ
പതനം ചെയ്തതു കണക്കെ........"
"തെരുതെരെ ചില ശരനിരകളെ
പെരുമഴപോലെ ചൊരിഞ്ഞു മാരുതി" (കർണ്ണപർവ്വം)
"വാഴപ്പഴം താനശിപ്പാൻ കരയുന്ന
ബാലക്കിടാങ്ങളെപ്പോലേ തുടങ്ങൊലാ"
"പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് വന്നുടൻ കൂട്ടമൊരുനേരം
ഓരോ കഥയും പറഞ്ഞു രസിച്ചവർ
പോവോരവരവർ മുമ്പുപിമ്പെന്തിതിൽ?"
"പക്ഷികളൊക്കെപ്പലവഴി വന്നൊരു
വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരം വസി-
ച്ചൊക്കെയോരോവഴി പിന്നെപ്പറന്നുപോം."
"പർണ്ണങ്ങൾ വായുവശത്താലൃണങ്ങിയാൽ
വന്നൊരേടത്തു കൂടും ചില വായുനാ
പിന്നെയും തങ്ങളിൽ വേറാ,മതുപോലെ
വന്നുകൂടീടുമൊരേടത്തു ജന്തുക്കൾ" (സ്ത്രീപർവ്വം)
"സലിലധരനികരമടമഴപൊഴിയുമവ്വണ്ണം
സായകപംക്തികൾ തൂകിത്തുടങ്ങിനാർ"
"ഗിരിമുകളിൽ മഴപൊഴിയുമതനുസമമെയ്തിതു
കീറീ ശരീരം ധൃതരാഷ്ട്രപുത്രനും"

"പല മലകളൊരുമയോട്ട മലകളൊട്ട പൊരുവതിനു
പാഞ്ഞടുക്കും വണ്ണമേററിതഞ്ചാംദിനം"
"കടലൊടടൽകരുതുമൊരു കടലൊട്ട സമാനമായ്
കാണായി പാണ്ഡവന്മാർപടക്കൂട്ടവും." (ഭീഷ്മപർവ്വം)

എന്നു തുടങ്ങിയ അലങ്കാരങ്ങരം എഴുത്തച്ഛൻെറ ഭാവനയിൽനിന്നു ജന്മമെടുത്തവയാകുന്നു.

"പഴതോ പുതുതോ വസ്ത്രം കൈവെടിഞ്ഞിട്ടു പുരുഷൻ
മററു വസ്ത്രമെടുക്കുമ്പോലത്രേ ദേഹിക്കു ദേഹവും"
(സ്ത്രീപർവ്വം)

എന്ന മൂലശ്ലോകം

"ജീർണ്ണവസ്ത്രം കളഞ്ഞമ്പോട്ടമാനുഷർ
പൂർണ്ണശോഭം നവവസ്ത്രം ധരിച്ചീടും;
ജീർണ്ണദേഹം കളഞ്ഞവ്വണ്ണം ദേഹികരം
പൂർണ്ണശോഭം നവദേഹങ്ങരം കൊള്ളുന്നു"

എന്നും,

"മുകുരത്തിൽ തന്മുഖത്തിൻ വികൃതസ്ഥിതി കാണ്കിലോ
തിരിച്ചറിഞ്ഞിട്ടും, താനും പരനും തമ്മിലന്തരം"
(ശകുന്തളോപാഖ്യാനം)

എന്ന മൂലശ്ലോകം,

കണ്ണാടികാണ്മോളവും തന്നുടെ മുഖമേററം
നന്നെന്നു നിരൂപിക്കുമേററവും വിരൂപന്മാർ;
മററുള്ള ജനങ്ങരംക്കു കുററങ്ങരം പറഞ്ഞീടും
മുററും തന്നുടെ കുററമൊന്നറിയുകയുമില്ല"

എന്നും മററും വികസിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലും എഴുത്തച്ഛൻെറ ചമൽകാരബോധം തെളിഞ്ഞുകാണുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, കൃഷ്ണഗാഥാകർത്താവിനോട്ട താരതമ്യപ്പെടുത്തിയാൽ, "അലങ്കാരപ്രയോഗവിഷയത്തിൽ എഴുത്തച്ഛൻ കേവലം ഉദാസീനനാണെ"ന്നുള്ള സാഹിത്യപഞ്ചാനനൻെറ അഭിപ്രായത്തോട്ട യോജിക്കേണ്ടതായിട്ടാണിരിക്കുന്നത്.

## രസഭാവാദികൾ

ഒരു ഗ്രന്ഥം മററൊരു ഭാഷയിൽനിന്നു മലയാളത്തിലേയ്ക്കു പകർത്താൻ ഒരുങ്ങുന്ന ഒരാൾക്കു് രസഭാവാദികളെ സംബന്ധിച്ചു സ്വാതന്ത്ര്യം പ്രദർശിപ്പിക്കുന്നതിനുള്ള അവസരം വളരെ വിരളമായിരിക്കുമെന്നുള്ളതു സ്പഷ്ടമാണു്. എങ്കിലും, കിട്ടിയ സന്ദർഭങ്ങളെ ഔചിത്യത്തോടുകൂടി വിനിയോഗിക്കുന്നതിൽ എഴുത്തച്ഛൻ വളരെ മനസ്സിരുത്തീട്ടുണ്ടു്. ഈശ്വരവിഷയകമായ രതിയുടെ കാര്യത്തിൽ ആ ആചാര്യൻ പ്രദർശിപ്പിച്ചിട്ടുള്ള പ്രത്യേകത നാം കണ്ടുകഴിഞ്ഞു. മററു ഭാവങ്ങളേയും രസങ്ങളേയും സംബന്ധിച്ചും ഇതേ നിലയാണു് നമുക്കു കാണാൻ കഴിയുന്നതു്. ശൃംഗാരരസത്തിൻെറ കാര്യംപോലും ഇതിൽനിന്നു വ്യത്യസ്തമല്ല. ഒരു ഉദാഹരണം പറയാം. യയാതിചരിതം വർണ്ണിക്കുമ്പോൾ ശർമ്മിഷ്ഠ യയാതിയെ ധ്യാനിച്ചു നില്ക്കുന്നതായി പറയുന്ന ഒരു ഘട്ടം ഭാരതത്തിലുണ്ടു്. ശർമ്മിഷ്ഠ,

ദേവയാനിക്കുണ്ണിയുണ്ടാ,യേവമെൻ യൗവനം വൃഥാ
അവളനു വരിച്ചമ്മട്ടവനേ ഞാൻ വരിക്കുവാൻ

എന്നു വിചാരിച്ചു നില്ക്കുന്ന അവസരത്തിൽ, യയാതി യാദൃച്ഛികമായി അവളുടെ മുമ്പിലെത്തി എന്നു മാത്രമേ മൂലത്തിൽ പറഞ്ഞു കാണുന്നുള്ളു. പരിഭാഷകൻ അത്രയുംകൊണ്ടു തൃപ്തിപ്പെടുന്നില്ല.

അന്നവളൊരു ദിനം നന്നായിക്കുളിച്ചുവ-
ന്നുന്നതസ്തനങ്ങളും മെല്ലവേ നോക്കി നോക്കി,
ദന്തശോധനചെയ്തു ബന്ധൂകസമാധരി
പന്തൊക്കും കൊങ്കത്തടത്തിങ്കൽ കുങ്കുമം ചാർത്തി
ഭംഗിയിൽ കുറിയിട്ടു കുങ്കുമതിലകം തൊ-
ട്ടംഗജൻതഴപോലെ പൂങ്കുഴലഴിച്ചിട്ടു
നിർമ്മലമായുള്ളൊരു വസ്ത്രവുമുടുത്തുംകൊ-
ണ്ടംബുജമിഴികളിലഞ്ജനമതും ചേർത്തു
കുണ്ഡലഷണ്ഡം മിന്നും ഗണ്ഡമണ്ഡലത്തിങ്കൽ
കുണ്ഡലീഫണംപോലെ പത്തിക്കീററതും ചേർത്തു

സ്വർണ്ണഭൂഷണങ്ങളുമൊക്കവേയണിഞ്ഞൊരു
കണ്ണാടിതന്നിൽ മുഖപത്മവും നോക്കി നോക്കി
നല്ലൊരു പുരുഷനെച്ചിന്തിച്ചു ചിന്തിച്ചുള്ളി-
ലുല്ലാസം ചേർന്നോരശോകത്തെയും ചാരിനിന്നു.

എന്നിങ്ങനെ, ശർമ്മിഷ്ഠയുടെ ആകൃതിയും പ്രകൃതിയും മനോമോഹനമായവിധം രസാനുഗുണമായി അദ്ദേഹം ചിത്രീകരിക്കുന്നു. ശകുന്തളോപാഖ്യാനത്തിലുമുണ്ട് ഇത്തരത്തിലുള്ള ചിലവരികൾ. കണ്വൻ ശകുന്തളയെ യാത്രയയയ്ക്കുന്ന ഭാഗം തന്നെ അതിനു് ഒരുദാഹരണമാണു്.

"തുട്ടുതുടെപ്പൊടിച്ചുടനുടനടൻ
ചുട്ടചുടെത്തിളച്ചുരുവിയാറപോൽ
തുട്ടുതുടേ വന്ന രുധിരപൂരത്തെ
കുട്ടകുടെക്കുടിച്ചലറിയാടിയും
പെരുവെള്ളംപോലെ വരുന്ന ശോണിത-
മൊരുതുള്ളിപോലും പുറത്തുപോകാതെ
കവിണ്ണു നന്നായിക്കിടന്നുകൊണ്ടുടൻ
കവിൾത്തടം നന്നായ് നിറച്ചിറക്കിയും
മദിച്ചു മാരുതി ചിരിച്ചു ചൊല്ലിനാൻ
മുതിന്നിതു നാവുമുദരവുമെല്ലാം.
കുടൽമാല മെല്ലെന്നെടുത്തു കൊണ്ടുടൻ
തുടൽമാല പോലെ കഴുത്തിലിട്ടുകൊ-
ണ്ടുടൽക്കളെമെല്ലാം പൊടിപെടും വണ്ണ-
മുടനുടൻ ചാടിത്തുടമേലേ തച്ചും"

എന്നുള്ള കർണ്ണപർവ്വത്തിലെ വരികൾ ഭയാനകരസത്തിനു് ഒന്നാംതരം ദൃഷ്ടാന്തമാകുന്നു. രസാനുഗുണമായ ശബ്ദപ്രയോഗവിഷയത്തിലും എഴുത്തച്ഛൻ മനസ്സിരുത്തീട്ടുണ്ടെന്നുള്ളതിനു് ഈ ഭാഗം നല്ല ഒരു തെളിവാണല്ലോ. രസഭാവാദികളെ പ്രകാശിപ്പിക്കുന്ന വിഷയത്തിൽ തുഞ്ചത്തെഴുത്തച്ഛൻ പ്രദർശിപ്പിച്ചിട്ടുള്ള പാടവത്തിന്റെ **ദിങ്മാത്രദർശനമാണിതു്.** രീതി മനസ്സിലാക്കാൻ ഇതു ധാരാളം മതിയല്ലോ.

**ഭാഷാരീതി**

നല്ല മലയാള പദങ്ങളും ലളിതങ്ങളായ സംസ്കൃപദങ്ങളും ഇടകലർത്തിയ ഒരുപുതിയ മണിപ്രവാളരീതി **സൃഷ്ടിച്ചതു്** എഴുത്തച്ഛനാണെന്നു പലരും ധരിച്ചുവെച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളവും ഒരു ഉപജ്ഞാതാവെന്നതിനേക്കാളധികം പരിഷ്കർത്താവെന്ന നിലയിലുള്ള ബഹുമതിയാണു് എഴുത്തച്ഛൻ അർഹിക്കുന്നതു്. പ്രാചീനകൃതിയായ ലീലാതിലകത്തിലുദ്ധരിച്ചിട്ടുള്ള പല ഉദാഹരണ പദ്യങ്ങളിലും 'നല്ല മണിപ്രവാളം' കാണുന്നുണ്ടു്. മണിപ്രവാളത്തെപ്പററിയുള്ള നിർവ്വചനവും മററും അതിൽ വിശദമായി പറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണു്. നമ്മുടെ ചമ്പൂകാരന്മാരും അപൂർവ്വമായിട്ടെങ്കിലും ആ രീതി അംഗീകരിച്ചിട്ടില്ലെന്നു പറയാൻ നിവൃത്തിയില്ല.

ആകർണ്ണ്യ നാരദഗിരാ സുരലോകനാഥാഃ
മൈഥീസ്വയംവരമഹം മഹിതം ധരായാം
ആലോകിതും കുതുകിനോ യയുരാത്തലീലം
ധമ്മേന്ദ്രവഹ്നിവരുണാ ധരണീം വിമാനൈഃ

എന്നിങ്ങനെ തനി സംസ്കൃതത്തിലും,

സത്യം വെടിഞ്ഞു സമയത്തെ മറന്നിദാനീം
ധിക്കാരമിത്തൊഴിലെടുത്തതു ഞാനറിഞ്ഞേൻ?
ഒക്കും കണക്കരികിലിന്നു വരായ്കിലിന്നേ
കിഷ്കിന്ധ മറെറാരുവനാക്കുമതില്ല വാദം

എന്നിങ്ങനെ നല്ല മലയാളത്തിലും,

നീലോല്പലച്ഛവി കലൻ നിലങ്ങൾതോറും
നീളെപ്പരന്നു ശുശുഭേ ശശിപാദജാലം,
മേളം കലൻ യമുനാനദിയോടുകൂടി
മേളിച്ച ജഹ്നുതനയാജലമെന്നപോലെ

എന്നിങ്ങനെ നല്ല മണിപ്രവാള രീതിയിലും ഉള്ള പദ്യങ്ങൾ ചമ്പൂക്കളിൽ കാണുന്നുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും,

ചമ്പൂകാരന്മാർ താരതമ്യേന സംസ്കൃതപ്രണയികളായിരുന്നു എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്.

എഴുത്തച്ഛൻ പദങ്ങളുടെ ചേരുവയിൽ അല്പം പരിഷ്കരിച്ച ഒരു രീതിയാണു് അംഗീകരിച്ചതു്. ചമ്പൂകാരന്മാർ സംസ്കൃതത്തിനു കല്പിച്ച സ്ഥാനം എഴുത്തച്ഛൻ മലയാളത്തിനു കൊടുത്തു; സംസ്കൃതത്തെ തീരെ അവഗണിച്ചുമില്ല. ചമ്പുക്കളിൽ കണ്ടതുപോലെ മൂന്നുതരത്തിലുള്ള ഭാഷാരീതി എഴുത്തച്ഛന്റെ കിളിപ്പാട്ടിലും കാണുന്നുണ്ടു്.

ഗത്വാ ഭാർഗ്ഗവകർമ്മശാലാം താം പാർത്ഥൗ പൃഥാം
നത്വാ താം യാജ്ഞസേനീമർജ്ജുനവൃകോദരൗ
'ലബ്ധേയമദ്യ ഭിക്ഷേ'ത്യുക്ത്വാഥാവേദയതാം
തത്രൈവ കുടീം ഗത്വാ സാ ത്വനവേക്ഷ്യ കുന്തീ
പുത്രാൻ 'ഭുഞ്ജീധ്വ'മിതി പ്രോവാച സപ്രമോദം.
പശ്ചാൽ സാ കുന്തീ പ്രസമീക്ഷ്യ കന്യകാം കൃഷ്ണാം
അച്ഛാംഗീം 'കഷ്ടം മയാ ഭാഷിത'മിത്യുവാച.
സ്വച്ഛവാദിനീ കുന്തീ തദനു ചിന്തയന്തീ.

(സംഭവപർവ്വം)

എന്നിങ്ങനെ തനി സംസ്കൃതത്തിലും,

തേരും കൊടിയും കുടയും കുതിരയും
പോരിലഴിഞ്ഞിതു വില്ലും മുറിഞ്ഞിതു
രണ്ടു പരിഷയ്ക്കുമപ്പോളുളതു കണ്ടു
കൊണ്ടാടിനാർ കണ്ടുനിന്നവരൊക്കവേ
വാളും പരിചയും കൈക്കൊണ്ടിരുവരും
ചീളെന്നു പൊങ്ങിനാരാകാശവീഥിയിൽ.
ചിത്രയുദ്ധം ചെയ്തു ചത്താനലംബുസൻ
ചത്തിതു ചിത്തവും കൌരവർക്കന്നേരം

(ദ്രോണപർവ്വം)

എന്നിങ്ങനെ നല്ല മലയാളത്തിലും,

കുതുകമതിലധികതരമകതളിരിലെങ്കിലോ
കുറിടുവാൻ കുറഞ്ഞൊന്നു ചുരുക്കി ഞാൻ

അഘമകലുമഖിലജഗദധിപതികഥാമൃത-
മാജീവനാന്തം ഭുജിച്ചിലുണ്ടായ്പുരാ.
പകലിരവു പദകമലകതളിരിൽ നണ്ണുകിൽ
പങ്കജാക്ഷൻ കനിഞ്ഞെന്തു ചെയ്യാത്തതും?
ഭയമരണഭയവിഹതി വിരവൊടരുളീടുവാൻ
ഭക്തവാത്സല്യമീവണ്ണമില്ലാക്ഷമേ.

(ഭീഷ്മപർവ്വം)

എന്നിങ്ങനെ നല്ല മണിപ്രവാളത്തിലും ഉള്ള വരികൾ മഹാഭാരതത്തിൽതന്നെ കാണാം. എങ്കിലും പൊതുവേ നോക്കിയാൽ, മലയാളത്തിനു പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള **നല്ല മണിപ്രവാള** രീതിയാണു് എഴുത്തച്ഛൻ അധികം ഇഷ്ടപ്പെട്ടിരുന്നതു് എന്നുവേണം പറയാൻ. അന്നത്തെ നിലയ്ക്കു് പുതുമയിലേയ്ക്കുള്ള പുതിയ കാൽവെപ്പായിരുന്നു അതെന്നു സമ്മതിക്കണം. ഏതു പരിഷ്കാരത്തിന്റെയും ആരംഭം അങ്ങനെയാണല്ലൊ.

## എഴുത്തച്ഛന്റെ കൃതികൾ

(1) അദ്ധ്യാത്മരാമായണം, (2) മഹാഭാരതം, (3) ഭാഗവതം, (4) ഹരിനാമകീർത്തനം, (5) ദേവീമാഹാത്മ്യം, (6) ചിന്താരത്നം, (7) ശിവപുരാണം, (8) ഇരുപത്തിനാലുവൃത്തം, (9) കേരളനാടകം, (10) ശതമുഖരാമായണം, (11) പാതാളരാമായണം എന്നീ പതിനൊന്നു കൃതികൾ എഴുത്തച്ഛന്റേതായിട്ടുണ്ടെന്നാണു് ഭാഷാചരിത്രകർത്താവായ പി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടതു്. (ഇവയിൽ ഒടുവിലത്തെ മൂന്നു കൃതികൾ എഴുത്തച്ഛന്റേതാണെന്നു തീർത്തുപറയാൻ നിവൃത്തിയില്ലെന്നു് അദ്ദേഹംതന്നെ എടുത്തുപറയുന്നുമുണ്ടു്.) പിൽക്കാലത്തു് മററു ചിലർ ഉത്തരരാമായണം, കൈവല്യനവനീതം, ബ്രഹ്മാണ്ഡപുരാണം എന്നീ കൃതികളുടെ കർത്തൃത്വംകൂടി എഴുത്തച്ഛനിൽ അർപ്പിച്ചു. എഴുത്തച്ഛന്റെ കൃതികളെ സംബന്ധിച്ചു് ചരിത്രകാരന്മാർ തമ്മിലുള്ള അഭിപ്രായവ്യത്യാസം ഇനിയും അവസാനിച്ചിട്ടില്ല.

അദ്ധ്യാത്മരാമായണം, മഹാഭാരതം ഈ രണ്ടു കൃതികളുടെ കാൎയ്യത്തിൽ മാത്രമേ അഭിപ്രായൈക്യമുള്ളതായി കാണുന്നുള്ളു. ശിവപുരാണത്തിൻേറയും പാതാളരാമായണത്തിൻേറയും കാൎയ്യവും തീരുമാനിക്കപ്പെട്ടതായി കണക്കാക്കാം. എന്തുകൊണ്ടെന്നാൽ, ഇവയിൽ ഒന്നാമത്തെ കൃതി കുഞ്ചൻനമ്പ്യാരുടേതാണെന്നും, രണ്ടാമത്തേതു് കോട്ടയത്തു കേരളവൎമ്മ രാജാവിൻെറ കൃതിയാണെന്നും, തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. 'സീതാവിജയം' എന്നുകൂടി പേരുള്ള ശതമുഖരാമായണത്തിൻെറ കർത്തൃത്വം ഇനിയും സംശയഗ്രസ്തമായിരിക്കയാണു്. കൈവല്യനവനീതം, കേരളനാടകം, ഇരുപത്തിനാലുവൃത്തം, ഇവ എഴുത്തച്ഛൻേറതാകാനിടയില്ലെന്നു് ഒട്ടുമുക്കാലും തീരുമാനിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ചില കൃതികളെ സംബന്ധിച്ചു ചരിത്രകാരന്മാർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങരം താഴെ വിവരിക്കാം.

**1 ഭാഗവതം.** മദ്രാസ് ക്രിസ്ത്യൻ കോളേജ് പണ്ഡിതരായിരുന്ന സത്യാൎത്ഥിയാണു് ഭാഗവതം എഴുത്തച്ഛൻേറതല്ലെന്നുള്ള വാദം ആദ്യമായി അവതരിപ്പിച്ചതു്. പി. കെ. നാരായണപിള്ളയും ആ അഭിപ്രായത്തോടു യോജിക്കുന്നു. മൂലത്തിനും ഭാഷാന്തരത്തിനും തമ്മിലുള്ള വ്യത്യാസവും, ചില അബദ്ധപ്രയോഗങ്ങളുമാണു് ഇവർ ചൂണ്ടിക്കാണിക്കുന്ന കാരണങ്ങരം. ഇത്തരത്തിലുള്ള വ്യതിയാനവും മററും രാമായണത്തിലും കാണുന്നുണ്ടെന്നുപറഞ്ഞു നാരായണപ്പണിക്കർ ഈ അഭിപ്രായത്തെ എതിർക്കുന്നു. ഭാഗവതം ദശമസ്കന്ധം വരെ മാത്രമേ എഴുത്തച്ഛൻ നിൎമ്മിച്ചിട്ടുള്ളു എന്നു് ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. ദശമസ്കന്ധം ശ്രുതിഗീതാദ്ധ്യായം മുതല്ക്കുള്ള ഭാഗമെങ്കിലും എഴുത്തച്ഛൻേറതായിരിക്കാനിടയില്ലെന്നു് പി. കെ. തീൎത്തുപറയുന്നു. അതേ സ്കന്ധത്തിലെ കാളിയമർദ്ദനംവരെയുള്ള ഭാഗം മാത്രമേ എഴുത്തച്ഛൻേറതായിട്ടുള്ളുവെന്നും അതിനുശേഷമുള്ള ഭാഗം മറെറാരു കവിയുടേതാകാനിടയുണ്ടെന്നും ആണു് ഉള്ളൂരിൻെറ അഭിപ്രായം. ഇതാണു് ഭാഗവതത്തെസ്സംബന്ധിച്ച വാദപ്രതിവാദത്തിൻെറ ഇന്നത്തെ നില.

**2 ഇരുപത്തിനാലുവൃത്തം.** ഇതു് എഴുത്തച്ഛന്റെ കൃതിയാണെന്നു് ഗോവിന്ദപ്പിള്ളയെ അനുകരിച്ചുകൊണ്ടു് പി. കെ. നാരായണപിള്ള ആദ്യം വാദിച്ചു. നാരായണപ്പണിക്കർ അതിനെ എതിർത്തു. പുനം നിർമ്മിച്ച രാമായണചമ്പുവിന്റെ അനുകരണം സർവ്വത്ര കാണുന്നുണ്ടെന്നുള്ളതാണു് പണിക്കർ ഇതിനു പറഞ്ഞ കാരണം. ഒടുവിൽ പി. കെ. ഈ അഭിപ്രായത്തോടു യോജിച്ചു പ്രസ്തുത കൃതി എഴുത്തച്ഛന്റേതാകാൻ ഇടയില്ലെന്നു തന്നെയാണു് ഉള്ളൂരിന്റേയും അഭിപ്രായം.

**3 ഉത്തരരാമായണം** ഇതു കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നാണു് ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിൽ പറയുന്നതു്. അങ്ങനെയല്ലെന്നും, അതു് എഴുത്തച്ഛന്റെ കൃതിയായിരിക്കണമെന്നും പി. കെ. അഭിപ്രായപ്പെട്ടു. പണിക്കരാകട്ടേ, അതു നമ്പ്യാരുടെ കൃതിയായിരിക്കാനിടയില്ലെന്നും, എന്നാൽ എഴുത്തച്ഛന്റേതാണോ എന്നതു സംശയാസ്പദമാണെന്നും വാദിച്ചു. പി കെ. വീണ്ടും ചില യുക്തികൾ കാണിച്ചു് "ഉത്തരരാമായണം കിളിപ്പാട്ടു് എഴുത്തച്ഛന്റെ കൃതിയാണെന്നുതന്നെ ദൃഢമായി വിശ്വസിക്കുന്നു." അദ്ധ്യാത്മരാമായണത്തിലെ ചില വരികൾ അതേരൂപത്തിൽ ഉത്തരരാമായണത്തിൽ കാണുന്നതിനാലും മററും പ്രസ്തുത കൃതി എഴുത്തച്ഛന്റേതാണെന്നുതന്നെ ഉള്ളൂരും അഭിപ്രായപ്പെടുന്നു.

**4 ദേവീമാഹാത്മ്യം.** എഴുത്തച്ഛന്റെ മനോധർമ്മവിലാസം കാണുന്നില്ല. ദേവീനാമമാച്ചാരണത്തിൽ ഉദാസീനതയും കാണുന്നു. എഴുത്തച്ഛന്റേതാകാൻ ഇടയില്ല. ഇതാണു് പി. കെ. യുടെയും പണിക്കരുടെയും അഭിപ്രായം. എന്നാൽ, "രാമനാചാര്യനുമാവോളം തുണയ്ക്കേണം'' എന്ന ഗുരുവന്ദനയുള്ള ഈ കൃതി എഴുത്തച്ഛന്റേതാണെന്നുള്ളതിനെപ്പററി സംശയിക്കുവാനില്ല" എന്നാണു് ഉള്ളൂർ പറയുന്നതു്. "ഭാഷാരീതിയും എഴുത്തച്ഛന്റെ കാലത്തേതുതന്നെയാണെന്നു സ്പഷ്ടമായി കാണാവുന്നതാണെ"ന്നുകൂടി അദ്ദേഹം അഭിപ്രായപ്പെടുന്നു.

**5 ചിന്താരത്നം.** ഇതു് എഴുത്തച്ഛൻ മകളെ പഠിപ്പിക്കുന്നതിനുവേണ്ടി എഴുതിയതാണെന്നു ശങ്കരനെഴുത്തച്ഛനും, മരുമകളെ പഠിപ്പിക്കുവാനെഴുതിയതാണെന്നു് നാരായണപ്പണിക്കരും പറഞ്ഞുകാണുന്നു. തിരുവനന്തപുരം, തൃശ്ശൂർ, തൃക്കാരിയൂർ എന്നീ സ്ഥലങ്ങളിലുള്ളതുൾപ്പെടെ ഭാരതത്തിലെ മിക്ക മഹാക്ഷേത്രങ്ങളേയും പററി പറയുന്ന ഘട്ടത്തിൽ, സ്വദേശത്തുള്ള ദേവാലയങ്ങളെ സ്മരിച്ചുകാണാത്തതിനാലും, ബ്രാഹ്മണരെക്കൊണ്ടു ചെയ്യിക്കുന്ന ഹോമകർമ്മാദികൾ തങ്ങളുടെ മുക്തിക്കു കാരണമായിത്തീരുമെന്നു വിചാരിക്കുന്നവർ വെറും മൂഢന്മാരാണെന്നു് ബ്രാഹ്മണനിന്ദാരൂപത്തിലുള്ള ഒരു പ്രസ്താവം അതിലൊരിടത്തു കാണുന്നതിനാലും, ചിന്താരത്നം എഴുത്തച്ഛൻേറതാണെന്നു പറയാൻ നിവൃത്തിയില്ലെന്നാണു് പി. കെ. നാരായണപിള്ള പറയുന്നതു്. ഉള്ളൂർ ഈ അഭിപ്രായത്തോടു യോജിക്കുന്നു.

**6 ബ്രഹ്മാണ്ഡപുരാണം.** ഇതു കരുണാകരനെഴുത്തച്ഛൻേറതാണെന്നാണു് ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിട്ടുള്ളതു്. നാരായണപ്പണിക്കരും ഈ അഭിപ്രായത്തോടു യോജിക്കുന്നു. എന്നാൽ പി. കെ. യാകട്ടേ, പ്രസ്തുത കൃതിയിലെ 'രാമഭക്താഢ്യനായ രാമശിഷ്യനാൽ വിരചിതം' എന്ന പ്രയോഗത്തിനു്, 'രാമഭക്തനും രാമൻെറ ശിഷ്യനുമായ ഗ്രന്ഥകാരനാൽ നിർമ്മിക്കപ്പെട്ടതു്'' എന്ന അർത്ഥം സ്വീകരിച്ചു്, പ്രസ്തുത കൃതി രാമാനുജനെഴുത്തച്ഛൻേറതുതന്നെയല്ലേ എന്നു സംശയിക്കുന്നു. 'കവിതാരീതി നോക്കിയാൽ ബ്രഹ്മാണ്ഡപുരാണത്തിനു തുഞ്ചൻെറ കൃതിയാകുവാൻതക്ക സ്വരൂപയോഗ്യതയുണ്ടെ'ന്നഭിപ്രായപ്പെട്ടുകൊണ്ടു് ഉള്ളൂർ പി. കെ. യോടു യോജിക്കുന്നു.

**7 കൈവല്യനവനീതം.** പ്രസ്തുത കൃതി കടിയങ്കുളം ശ്രുപ്പമേനോൻേറതാണെന്നാണു് ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം. അതു് എഴുത്തച്ഛൻെറ കൃതിയാണെന്നു് ഒന്നാമതായി അഭിപ്രായപ്പെട്ടതു് കെ. എസ്. ശങ്കരനെഴുത്തച്ഛനാണു്. ചരി

ത്രകാരന്മാരിൽ മററാരുംതന്നെ ആ അഭിപ്രായത്തോടു യോജി ച്ചു കാണുന്നില്ല.

8 **ശതമുഖരാമായണം.** വസിഷ്ഠൻ ശതാനന്ദനുപ ദേശിക്കുന്ന 'സീതാവിജയ'ത്തെ അടിസ്ഥാനമാക്കി രചിക്ക പ്പെട്ട പ്രസ്തുതകൃതി അനൗചിത്യപൂർണ്ണവും അബദ്ധജടിലവും നിർവ്വികാരമായ വർണ്ണനകൾകൊണ്ടു നിറഞ്ഞതുമാകയാൽ, എഴു ത്തച്ഛൻേറതല്ലെന്നു നിർണ്ണയിക്കുന്നതിൽ അപാകമില്ലെന്നാണ് മിക്ക നിരൂപകന്മാരുടെയും അഭിപ്രായം. എന്നാൽ "ശ്രീരാമ ചരിതവും പാടിസ്സഞ്ചരിക്കുന്ന ശാരികപ്പൈതലേ നീ ചൊ ല്ലേണമെന്നോടിപ്പോൾ" എന്ന വരികൾ എഴുത്തച്ഛൻ തൻേറ മധുരസ്വരയായ ശാരികയോടുതന്നെ പറയുന്നതുപോലെ തോ ന്നുന്നു എന്നു പറഞ്ഞുകൊണ്ടു് ഉള്ളൂർ ഈ അഭിപ്രായത്തോടു വിയോജിക്കുന്നു.

9 **ഹരിനാമകീർത്തനം.** പ്രസ്തുത കൃതി എഴുത്തച്ഛ ൻേറതാണെന്നുള്ള കാര്യത്തിൽ ഏകാഭിപ്രായക്കാരാണ് മിക്ക ചരിത്രകാരന്മാരും. ഉള്ളൂർ മാത്രം സംശയിച്ചു് ഇക്കൂട്ടത്തിൽ നിന്നു് അല്പം അകന്നുനില്ക്കുന്നു. "അതിൻേറ പ്രാണേതൃത്വം അ വിജ്ഞാതമെന്നു കരുതുന്നതാണ് ആശാസ്യ"മെന്നു് അദ്ദേഹം 'കേരളസാഹിത്യചരിത്ര'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'രച നാഗുണം ആദ്യന്തം വിരള'മാണെന്നുള്ളതാണ് ഇതിനു പറയുന്ന കാരണം. ഇതു ശരിയാണെങ്കിൽ, പ്രസ്തുത കൃതിയിലെ 'അൻ പേണമെൻമനസി ശ്രീ നീലകണ്ഠഗുരു' എന്ന വരിയെ അടി സ്ഥാനമാക്കി ചരിത്രകാരന്മാർ സ്വീകരിച്ചിട്ടുള്ള അനുമാനങ്ങ ളെല്ലാം പുനഃപരിശോധനയ്ക്കു വിധേയമാകേണ്ടിവരും.

---

## മഹാഭാരതം

വിശ്വമഹാഗ്രന്ഥങ്ങളിൽ അഗ്രിമസ്ഥാനത്തെ അലങ്കരി ക്കുന്ന ഒരു കലാസൃഷ്ടിയാണ് മഹാഭാരതം. പ്രസ്തുതകൃതി നല്കി

DHARMARAM COLLEGE LIBRARY, BANGALORE. 19390

ട്ടുള്ള സംഭാവനകൾ, പ്രാദേശികസാഹിത്യങ്ങളുടെ പരിപോഷണത്തിനു് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നു് പറഞ്ഞറിയിക്കാവതല്ല. മഹാഭാരതത്തിലെ ആഖ്യാനങ്ങളേയും ഉപാഖ്യാനങ്ങളേയും ഉപജീവിച്ചുകൊണ്ടു് രൂപമെടുത്തിട്ടുള്ള കാവ്യനാടകാദികൃതികൾ അസംഖ്യങ്ങളത്രെ. ഭവഭൂതി, ഭാസൻ, കാളിദാസൻ മുതലായ കവീന്ദ്രന്മാർപോലും മഹാഭാരതത്തെയാണു് പ്രാധാന്യേന ഉപജീവിച്ചിട്ടുള്ളതു്.

ഭാരതം ഒരു ഇതിഹാസമാകുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവയെ ഉപദേശിക്കുന്നതും കഥായുക്തവുമായ പൂർവ്വചരിത്രമാണു് ഇതിഹാസം.

"ധർമ്മാർത്ഥകാമമോക്ഷാണാമുപദേശസമന്വിതം
പൂർവ്വവൃത്തം കഥായുക്തമിതിഹാസം പ്രചക്ഷതേ"

ഇതാണു് ഇതിഹാസലക്ഷണം. ഈ ലക്ഷണം മഹാഭാരതത്തിൽ തികച്ചും യോജിച്ചിരിക്കുന്നു. ചന്ദ്രവംശജന്മാരായ പാണ്ഡവന്മാരുടെയും കൗരവന്മാരുടേയും കഥയാണു് ഭാരതത്തിൽ പ്രപഞ്ചനം ചെയ്തിട്ടുള്ളതു്. പ്രസ്തുതകൃതി പതിനെട്ടു പർവ്വങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ പർവ്വത്തിന്റേയും പേരും അതിലടങ്ങിയ കഥാസംക്ഷേപവും താഴെ ചേർക്കുന്നു.

**1 ആദിപർവ്വം** ഇതിനു് സംഭവപർവ്വമെന്നുകൂടി പേരുണ്ടു്. ചന്ദ്രവംശോൽപത്തി, ശന്തനു ഭീഷ്മർ ചിത്രാംഗദ വിചിത്രവീര്യന്മാർ ധൃതരാഷ്ട്രർ പാണ്ഡു വിദുരർ എന്നിവരുടെ ഉൽഭവം, കൗരവന്മാരും പാണ്ഡവന്മാരും, അവർ തമ്മിലുള്ള കലഹം, അരക്കില്ലം, പാണ്ഡവന്മാരുടെ വനവാസം, പാഞ്ചാലീസ്വയംവരം, പാണ്ഡവന്മാരുടെ അർദ്ധരാജ്യാഭിഷേകം, സുഭദ്രാഹരണം, ഖാണ്ഡവദാഹം മുതലായവ.

**2 സഭാപർവ്വം.** മയൻ പാണ്ഡവന്മാർക്കായി സഭാമണ്ഡപം നിർമ്മിക്കുന്നതു്, ജരാസന്ധവധം, രാജസൂയം, ചൂതുകളി, പാണ്ഡവന്മാരുടെ വനയാത്ര Etc,

**3 വനപർവ്വം.** വനവാസം, കിമ്മീരവധം, പാശുപതലബ്ധി, സൗഗന്ധികാഹരണം, കർണ്ണൻെറ കവചകുണ്ഡലങ്ങൾ ഇന്ദ്രൻ അപഹരിക്കുന്നതു് etc.

**4 വിരാടപർവ്വം.** പാണ്ഡവന്മാരുടെ അജ്ഞാതവാസം, കീചകവധം, ഗോഗ്രഹണം, ഉത്തരാസ്വയംവരം etc.

**5 ഉദ്യോഗപർവ്വം.** ഇരുകൂട്ടരുടേയും യുദ്ധത്തിനുള്ള ഒരുക്കം, ഭഗവദ്ദൂത്യ മുതലായതു്.

**6 ഭീഷ്മപർവ്വം.** ഭീഷ്മരുടെ സേനാധിപത്യത്തിൽ നടക്കുന്ന പത്തുദിവസത്തെ യുദ്ധമാണു് ഇതിലെ പ്രധാന പ്രതിപാദ്യം. ഭീഷ്മർ ശരശയനം പ്രാപിക്കുന്നതോടുകൂടി ഈ പർവ്വം അവസാനിക്കുന്നു. ഭഗവൽഗീത ഭീഷ്മപർവ്വത്തിലെ ഒരു ഭാഗമത്രെ.

**7 ദ്രോണപർവ്വം.** ദ്രോണാചാര്യരുടെ സേനാധിപത്യത്തിൽ നടക്കുന്ന അഞ്ചുദിവസത്തെ യുദ്ധം. അഭിമന്യുവധം, ഘടോൽകചമരണം, ദ്രോണരെ ധൃഷ്ടദ്യുമ്നൻ കൊല്ലുന്നതു് മുതലായവയാണു് പ്രധാന ഭാഗങ്ങൾ.

**8 കർണ്ണപർവ്വം.** കർണ്ണൻെറ ആധിപത്യത്തിൽ നടക്കുന്ന രണ്ടു ദിവസത്തെ യുദ്ധം. കർണ്ണൻെറ ആത്മപ്രശംസ, ശല്യരുടെ മുള്ളുവാക്കു്, ധർമ്മപുത്രരുടെ പരിഭവം, അർജ്ജുനൻെറ കോപം മുതലായവ ഈ പർവ്വത്തിലടങ്ങിയിരിക്കുന്നു.

**9 ശല്യപർവ്വം.** ശല്യൻെറ ആധിപത്യത്തിൽ നടക്കുന്ന ഒരു ദിവസത്തെ യുദ്ധത്തിൻെറ കഥ. ദുശ്ശാസനവധം, ധർമ്മപുത്രൻ ശല്യരെ കൊല്ലുന്നതു് etc.

**10 സൗപ്തികപർവ്വം.** സുയോധനൻ ഭീമസേനൻെറ അടിയേററു് കാലൊടിഞ്ഞു വീഴുന്നതു്, അശ്വത്ഥാമാവിൻെറ കോപം, ദുര്യോധനൻെറ മരണം etc.

11 **സ്ത്രീപർവ്വം.** ഗാന്ധാരി മുതലായ സ്ത്രീകളുടെ വിലാപവും വിദുരരുടെയും മററും സാന്ത്വനവും.

**12 ശാന്തിപർവ്വം.** ശരശയനത്തിൽ കിടക്കുന്ന ഭീഷ്മർ ധർമ്മപുത്രക്കു ജ്ഞാനോപദേശം ചെയ്യുന്നതു്.

**13 അനുശാസനപർവ്വം.** ശ്രീകൃഷ്ണൻെറ ധർമ്മോപദേശവും ഭീഷ്മരുടെ മരണവും.

14 **അശ്വമേധികപർവ്വം.** പാണ്ഡവന്മാരുടെ അശ്വമേധവൃത്താന്തവും നകുലോപാഖ്യാനം മുതലായ കഥകളും.

15 **ആശ്രമവാസപർവ്വം.** ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി മുതലായവർ കാട്ടിലേക്കു പോകുന്നതും അവിടെവെച്ച കാട്ടുതീയിൽപ്പെട്ടു മരിക്കുന്നതും.

**16 മൗസലപർവ്വം.** യാദവന്മാർ ആഭ്യന്തരകലഹം മൂലം നശിക്കുന്നതു്. ശ്രീകൃഷ്ണൻെറ സ്വർഗ്ഗാരോഹണം, ദ്വാരക സമുദ്രത്താൽ ആക്രമിക്കപ്പെടുന്നതു് etc.

17 **മഹാപ്രസ്ഥാനികപർവ്വം.** ദുഃഖിതരായ പാണ്ഡവന്മാരുടെ ഭൂപ്രദക്ഷിണവും ഹിമാലയാരോഹണവും.

**18 സ്വർഗ്ഗാരോഹണപർവ്വം.** ദേവദൂതൻ ധർമ്മപുത്രരെ പരീക്ഷിക്കുന്നതും പരീക്ഷയിൽ ധർമ്മപുത്രർ ജയിക്കുന്നതും. പാണ്ഡവന്മാരുടെ സ്വർഗ്ഗാരോഹണം.

---

## കർണ്ണപർവ്വം

മഹാഭാരതം ഇങ്ങനെ 18 പർവ്വങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നതിൽ 8-ാമത്തേതാണല്ലൊ കർണ്ണപർവ്വം. ഭീഷ്മരുടെ നേതൃത്വത്തിൽ പത്തുദിവസവും, ദ്രോണരുടെ നേതൃത്വത്തിൽ അഞ്ചു ദിവസവും യുദ്ധം കഴിഞ്ഞതിൻെറ ശേഷം, കർണ്ണൻെറ സേനാനായകത്വത്തിൽ രണ്ടുദിവസം നടന്ന യുദ്ധത്തിൻെറ വിശദവിവരങ്ങളാണു് ഈ പർവ്വത്തിലെ ഉള്ളടക്കം.

കൃഷ്ണൻ, ധർമ്മപുത്രർ, അർജ്ജുനൻ, കർണ്ണൻ, ശല്യർ, ദുര്യോധനൻ എന്നിവരാണ് ഈ പർവ്വത്തിലെ പ്രധാന കഥാപാത്രങ്ങൾ. കർണ്ണൻെറ ആത്മപ്രശംസ, ശല്യരുടെ മുള്ളുവാക്കുകൾ, ശ്രീകൃഷ്ണൻെറ നയോപായം, അർജ്ജുനൻെറ സമരചതുരത മുതലായവ ഇതിൽ ഭംഗിയായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. ധർമ്മപുത്രരും അർജ്ജുനനുമായുണ്ടായ വാഗ്വാദം അസ്വാഭാവികമോ, അഥവാ അല്പം ബാലിശമോ ആയിപ്പോയില്ലേ എന്നു സംശയം.

"ഭാരതം യഥാർത്ഥത്തിൽ നടന്നിട്ടുള്ള കാര്യങ്ങളുടെ ശരിയായ ചിത്രമല്ല. പാണ്ഡവന്മാർ കല്പിതകഥാപുരുഷന്മാർ തന്നെ. യുധിഷ്ഠിരൻ സത്സ്വഭാവത്തിനും, ഭീമൻ അപരിഷ്കൃതശക്തിക്കും, നകുലസഹദേവാദികൾ മററോരോ ഗുണങ്ങൾക്കും ദൃഷ്ടാന്തങ്ങളാകുന്നു" എന്നുള്ള രമേശചന്ദ്രദത്തൻെറ അഭിപ്രായം ചിന്തനീയമാകുന്നു.

## കർണ്ണപർവ്വത്തിലെ വൃത്തം

കേക, കാകളി, കളകാഞ്ചി, അന്നനട എന്നിങ്ങനെ നാലുതരം വൃത്തങ്ങളാണ് എഴുത്തച്ഛൻ പ്രാധാന്യേന പ്രയോഗിച്ചിട്ടുള്ളതു്. കർണ്ണപർവ്വത്തിലെ വൃത്തം അന്നനടയാകുന്നു. ലക്ഷണം താഴെ ചേർക്കാം.

> ലഘു പൂർവ്വം ഗുരു പരമിമട്ടിൽ ദ്വ്യക്ഷരം ഗണം
> ആറെണ്ണം, മദ്ധ്യയതിയാലർദ്ധിതം, മുറി രണ്ടിലും
> ആരംഭേ നിയമം നിത്യ,മിതന്നനടയെന്ന ശീൽ.

'പാടിനീട്ടാം ലഘുക്കളെ' എന്നു ദ്രാവിഡവൃത്തങ്ങളെ സംബന്ധിച്ച് പ്രത്യേക നിയമമുള്ളതിനാൽ, രണ്ടാമത്തെ അക്ഷരം ഗുരുവായിരിക്കണമെന്നുള്ള നിയമം, പാടിനീട്ടി ശരിപ്പെടുത്തുകയാണ് മിക്ക ദിക്കിലും ചെയ്യാറുള്ളതു്. ഉദാഹരണം:—

> ഹര ഹര ഹര ശിവ ശിവ ശിവ!
> പുരഹര മുരഹര നതപദ!

# ശ്രീമഹാഭാരതം

# കർണ്ണപർവ്വം

(കിളിപ്പാട്ട്)

---

## മുഖവുര

ഹര! ഹര! ഹര! ശിവ! ശിവ! ശിവ!
പുരഹര! മുരഹാരനതപദ!

---

## പദാർത്ഥസൂചി

[എല്ലാം പർവ്വങ്ങളുടേയും ആരംഭത്തിൽ വിഷ്ണുസ്തുതിയാണ് സാധാരണ കാണുന്നതു്. കർണ്ണപർവ്വത്തിന്റെ കഥ മാത്രമേ അതിൽനിന്നു വ്യത്യസ്തമായിട്ടുള്ളു. ശിവസ്തുതിയോടുകൂടിയാണ് പ്രസ്തുതപർവ്വം ആരംഭിക്കുന്നതു്. ഇതിനു മുമ്പിലത്തെ ദ്രോണപർവ്വം അവസാനിക്കുന്നതു് ശിവമാഹാത്മ്യവർണ്ണനയോടുകൂടിയാണ്. ദ്രോണവധവാർത്ത കേട്ടു ദുഃഖിച്ച ധർമ്മപുത്രാദികളെ സമാശ്വസിപ്പിക്കുന്നതിനായി വേദവ്യാസൻ ചെയ്യുന്ന ശിവമഹിമാനുവർണ്ണനമാണതു്.

"കേവലൻ ചന്ദ്രചൂഡൻ ത്രിപുരാന്തകൻ
ഗോവിന്ദസേവിതൻ ഗോപതിവാഹനൻ
സേവിപ്പവർക്കു ജയത്തെ വരുത്തിടും
ദേവദേവനിതില്ലൊരു സംശയം.
ഭാവനയാ ഹൃദി ഭക്തി പൂണ്ടെപ്പൊഴും
സേവിച്ചുകൊള്ളുവിനെന്നരുൾചെയ്തൊരു
വേദവ്യാസൻമൊഴി കേട്ടു തെളിഞ്ഞവർ
ഖേദവും തീർത്താർ ഗുരുമരണോത്ഭവം."

ഭവമൃതിഭയഹര! സ്മരഹര!
ഭവ! മൃഡ! വൃഷദ്ധ്വജ! വിഷാശന!
ഗിരീശ! ശങ്കര! ദുരിതനാശന!
ഗിരിനിലയന! ഗിരിജാവല്ലഭ!
പര! പര! പര! പരമ! പാഹിമാം
പരമാനന്ദമെന്നതേ പറയാവൂ.

ശുകതരുണി! നിൻ വചനപീയൂഷ-
സുഖപാനമോദലഹരികൊണ്ടു ഞാൻ

---

എന്നാണു് ആ ഭാഗം. ശിവപ്രസാദംകൊണ്ടു ശത്രുസംഹാരം സാധിക്കാമെന്നു തെളിയിക്കയാണു് വേദവ്യാസൻ ഇതുകൊണ്ടു ചെയ്യുന്നതു്. അതിനെ അനുസ്മരിച്ചുകൊണ്ടായിരിക്കണം, എഴുത്തച്ഛൻ പ്രസ്തുതപൎവ്വം ശിവസ്തുതികൊണ്ടു് ആരംഭിക്കാമെന്നുവെച്ചതു്.]

പുരഹരൻ=ത്രിപുരങ്ങളെ സംഹരിച്ചവൻ. (ഈ പുരാണകഥ പിന്നാലേ വിവരിക്കപ്പെടുന്നുണ്ടു്.) മുരഹരനതപദൻ=മുരഹരനാൽ (വിഷ്ണുവിനാൽ) നതമായ (വണങ്ങപ്പെട്ട) പദങ്ങളോടു കൂടിയവൻ. ഭവ........ഹരൻ=സംസാരത്തിൽനിന്നും മരണത്തിൽനിന്നും ഉണ്ടാകുന്ന പേടിയെ നശിപ്പിക്കുന്നവൻ. സ്മരഹരൻ=കാമനെ സംഹരിച്ചവൻ. വൃഷധ്വജൻ=കാള കൊടിയടയാളമായിട്ടുള്ളവൻ. വിഷാശനൻ=വിഷം ഭക്ഷിച്ചവൻ. ദുരിതനാശനൻ=പാപനാശനൻ. ഗിരിനിലയനൻ=കൈലാസപൎവ്വതത്തിൽ വാഴുന്നവൻ. ഗിരിജാവല്ലഭൻ=പാൎവ്വതീകാന്തൻ. മാം പാഹി=എന്നെ രക്ഷിക്കുക. വച........ഹരി=വാക്കുകളാകുന്ന അമൃതു സുഖമായിപാനംചെയ്തുകൊണ്ടുണ്ടായ ആനന്ദലഹരി. പരവശൻ=ക്ഷീണിച്ചവൻ. (ഭക്തന്മാൎക്കു ഭഗവൽകഥാശ്രവണംപോലെ പരമാനന്ദപ്രദമായി വേറൊന്നുംതന്നെയില്ല. ഭജനകീൎത്തനാദികളിൽ നിമഗ്നരായ ചില ഭക്തന്മാർ ചുററുപാടുകളെ വിസ്മരിച്ചു്

പരവശനായിച്ചമഞ്ഞിതേററവും
പറക ശേഷവുമിനി നീ വൈകാതെ.

പരപ്പു കണ്ടോളം പണി പണി ചൊൽവാൻ
പലക്കും വേണമെന്നിരിക്കിലിന്നിയും
ചുരുക്കിച്ചൊല്ലുവാൻ കഥ നടേതിലും
ചുരുക്കിച്ചൊൽവാനും പണിയത്രേ തുലോം.
അഹരഹരഹമഘമകലുവാ-
നഹികുലപതിശയനലീലകൾ
മഹിതഭാരതചരിതവ്യാജേന
മഹതാമാനന്ദം വരുവാൻ ചൊല്ലുവൻ.

കഥാരംഭം

ഭരദ്വാജാത്മജൻ മരിച്ചനന്തരം
ഭരിച്ചിതു പട ദിനകരസുതൻ.

---

ആനന്ദലഹരിയിൽ മുഴുകിപ്പോകാറുണ്ടെന്നു പല ഭാഗവതന്മാരുടേയും ചരിത്രം വിളിച്ചുപറയുന്നു.) ശേഷം=ദ്രോണവധത്തിനു ശേഷമുള്ള കഥ. പരപ്പുകണ്ടോളം=ഭാരതകഥയുടെ വിസ്താരം ആലോചിച്ചുനോക്കിയാൽ. ചൊൽവാൻ പണി പണി=പറയുന്നതിനു വളരെ പ്രയാസമുണ്ടു്. നടേതിലും ചുരുക്കി=മുൻപറഞ്ഞതിനേക്കാൾ ചുരുക്കി. അഹരഹഃ=(അഹഃ + അഹഃ)=ദിവസംതോറും. (മൂന്നാമത്തേതായ അഹം എന്ന ശബ്ദം ഒടുവിലുള്ള 'ചൊല്ലുവൻ' എന്ന ക്രിയയുടെ കർത്താവായി എടുക്കണം.) അഘം=പാപം. അഹി.......ലകൾ=അഹികുലപതി (സർപ്പരാജൻ) ശയനം (കിടക്ക) ആയിട്ടുള്ളവൻെറ ലീലകൾ എന്നർത്ഥം. മഹി.......ജേന=ശ്രേഷ്ഠമായ ഭാരതചരിതം എന്ന വ്യാജത്തോടുകൂടി. മഹതാം=മഹാന്മാക്കു്. (എഴുത്തച്ഛൻെറ അചഞ്ചലമായ ഈശ്വരഭക്തിക്കു് ഈ ഭാഗംതന്നെ ഒന്നാംതരം ഒരുദാഹരണമാകുന്നു.)

കരുത്തുള്ളർജ്ജുനൻശരത്താലംഗേശൻ
മരിച്ചാനെന്നതു പറഞ്ഞു സഞ്ജയൻ.
കുരുപ്രവരനാം ധൃതരാഷ്ട്രർതാനു-
മുറക്കെ വാവിട്ടൊന്നലറി, വന്മരം
മുറിച്ചു ഭൂമിയിൽ ചരിച്ചതുപോലെ
വിറച്ചു വീണിതു പെരുത്ത ദുഃഖത്താൽ,
തൊഴിച്ചലച്ചു വീണുരുണ്ടു പെണ്ണുങ്ങൾ,
കുഴപ്പം പാരമായ് ചമഞ്ഞിതന്നേരം.

വിമലമാനസൻ വിദുരരെത്രയും
വിരയെച്ചെന്നെടുത്തരചനെപ്പുൽകി
കുളുത്ത നീർകൊണ്ടു തളിച്ചു മോഹവും
തളർത്തിനാൻ ചില വചനങ്ങൾകൊണ്ടും.

അതു കേട്ടു നൃപനരുളിച്ചെയ്തിതു
മതിമാനാകിയ വിദുരരോടേവം.
"തനയന്മാരുടെ മരണവും കണ്ടു
തനിയെ ഞാനിനി മരിയാതെ ഭുവി
മരുവീടുന്നതു വിധിബലമയ്യോ
മരണം പ്രാപിപ്പാൻ കഴിവു കണ്ടീല.

---

ഭരദ്വാജാത്മജൻ=ദ്രോണാചാര്യൻ. ദിനകരസുതൻ=സൂര്യപുത്രൻ; കർണ്ണൻ. അർജ്ജുനൻ ശരത്താൽ=അർജ്ജുനന്റെ അമ്പുകൊണ്ടു്. അംഗേശൻ=കർണ്ണൻ. വിമലമാനസൻ=പരിശുദ്ധമായ മനസ്സോടുകൂടിയവൻ. വീരയെ=വേഗത്തിൽ. പുൽകി=ആലിംഗനം ചെയ്തു്. മോഹം=മോഹാലസ്യം. തളർത്തി=ലഘൂകരിച്ചു് (മോഹാലസ്യം നീക്കി എന്നർത്ഥം.) മതിമാൻ=ബുദ്ധിശാലി. ഏവം=ഇങ്ങനെ. വിധിബലം=തലയിലെഴുത്തിന്റെ ശക്തി. ഗരളം=വിഷം. അതിദുരിതം=മഹാപാപം. അവ

എരിയുമഗ്നിതൻനടുവിൽ വീഴ്കയോ
ഗരളമൻപൊടു കുടിക്കയോ നല്ലൂ?
അതിദുരിതം ചെയ്തുമനുഭവി-
ച്ചവനിയിലിനിയിരുന്നതു മതി."

വിവിധമിത്തരം പറഞ്ഞു കേഴുന്നോ-
രരചനെത്തൊഴുതുരചെയ്താൻ സൂതൻ.
"മതിനയനനായ് മരുവും മന്നവ!
മതി മതി ഖേദമിനിയെല്ലാംകൊണ്ടും.
മതികെട്ടുള്ളവർ സുതരെന്നാകിലും
മതിമാന്മാരായോർ കളകെന്നേ വരൂ.

അറിവില്ലാതൊരു മകനെ ലാളിച്ചി-
ട്ടറിവുള്ളോരു നീ കരകെന്നും വന്നു·
മറകൾ വെവ്വേറെപ്പകുത്തവൻതാനും
മറയവൻ കൌഷാരവി മുനീന്ദ്രനും
അറിവുള്ള തവ വിദുരരും പിന്നെ-
യറിയപ്പോകാത ചപലനാം ഞാനും
നദീതനയനും കൃപരും ദ്രോണരും
വിദിതവേദാന്തി സനൽകുമാരനും

---

നി=ഭൂമി. വിവിധം=പലതും. അരചൻ=രാജാവു്. സൂതൻ=സഞ്ജയൻ. മതിനയനൻ=മതി (ബുദ്ധി) യാകുന്ന കണ്ണുള്ളവൻ. മറകൾ പകുത്തവൻ—വേദവ്യാസൻ. (മറ=വേദം) മറയവൻ=വേദജ്ഞൻ. കൌഷാരവി=കുഷാരുവിന്റെ പുത്രനായ മൈത്രേയൻ. (ഇദ്ദേഹമാണു് വിദുരർക്കു ജ്ഞാനോപദേശം ചെയ്തതു്.) അറിയപ്പോകാത ചപലൻ=വലിയ അറിവൊന്നുമില്ലാത്ത അല്പജ്ഞൻ. നദീതനയൻ=ഭീഷ്മർ. വിദിതവേദാന്തി=വേദാന്തസാരമറിഞ്ഞവൻ. നിഗമക്കാതൽ=വേദത്തിന്റെ കാതൽ (തത്വം) മനസ്സി

നിഖിലലോകനായകൻ പരൻ പുമാൻ
നിഗമക്കാതലായ് വിളങ്ങിന കൃഷ്ണൻ
തിരുവടിതാനുമരുൾചെയ്തു മുന്നം
തിരുമുമ്പിൽനിന്നു പലരും കേൾക്കവേ.
അവയൊന്നും തവ മനസ്സിലേററതി,-
ല്ലവനിയെക്കൊതിച്ചോരു സുയോധനൻ
പറഞ്ഞതുതന്നെ മനസി കൈക്കൊണ്ടു
പരിലാളിച്ചതു നിമിത്തമായിപ്പോൾ
വരുന്നു സന്താപ,മിനിയും മേൽക്കുമേൽ
വരുമത്രേയതും സഹിച്ചിരിക്ക നീ."

നൃപനൊടിങ്ങനേ ഝടിതി സഞ്ജയൻ
കപടം കൈവിട്ടു പറഞ്ഞതു കേട്ടു
പരിതാപം പൂണ്ടു നരപതി ചൊന്നാൻ
'പറക കർണ്ണൻെറ മരണവൃത്താന്തം.'
പറയാമെങ്കിലെന്നവനും ചൊല്ലിനാൻ:-

"പരന്ന വൻപടയ്ക്കധിപതിയാക്കി-
യഭിഷേകംചെയ്താനഥ സുയോധനൻ
തപനപുത്രനായ് വിളങ്ങും കർണ്ണനെ.
പുനരപി കയ്യും പിടിച്ചവൻതന്നോ-
ടനുനയത്തൊടു പറഞ്ഞു ഭൂപനും:-
"ഭയമെല്ലാമെനിക്കകലേപ്പോയിതു
ജയമിനി വരുമെനിക്കു നിർണ്ണയം.

---

ലേററതില്ല=ഉള്ളിൽ കയറിയില്ല. മനസി=മനസ്സിൽ. ഝടിതി=വേഗത്തിൽ. കപടം=കളവ്, വഞ്ചന. പരിതാപം=സങ്കടം. തപനപുത്രൻ=സൂര്യൻെറ മകൻ. അനുനയം=അപേക്ഷാഭാവം.

പിതൃപിതാമഹസമനായുള്ളോരവേ!
ചതി വെടിഞ്ഞൊരു സഖിയായുള്ളോരവേ!
യുധിഷ്ഠിരൻതന്നെപ്പിടിച്ചു കെട്ടണം;
യുധി വിജയനെ വധിക്കയും വേണം."
പണിയില്ലേതുമിന്നതിനെനിക്കെന്നു
പറഞ്ഞു കോപ്പിട്ടു പുറപ്പെട്ടാൻ കർണ്ണൻ:

### കർണ്ണന്റെ സേനാനായകത്വം

നടത്തിച്ചു വാദ്യമലറിച്ചുംകൊണ്ടു
നടിച്ചു നാലംഗപ്പടയുമായടൽ-
ക്കളത്തിലാമ്മാറു നിറഞ്ഞു കൌരവർ
കളിച്ചു വീരവാദവും പറഞ്ഞുടൻ
കുതിച്ചു ചാടുന്ന കുതിരകളുടെ
കുളമ്പുകളേററം കിളറിപ്പൊങ്ങിടും
പൊടിയും തേരുരുളൊലിയും, വൈരികൾ
പൊടിയുമാറലറിന കരികളും
കുടു കുട നിലവിളിച്ചു കാലാളും
കുട തഴകളും കൊടിമരങ്ങളും
പരന്ന പോർക്കളം നിറഞ്ഞു വൻപട
നിരന്നതു കണ്ടു ഝടിതി പാണ്ഡവർ
പതിനാറാംദിനമുഷസി ലോകൈക-
പതി വസുമതീപതി രമാപതി

---

പിതൃപിതാമഹസമൻ=അച്ഛനെയോ മുത്തച്ഛനെയോപോലെ ഭക്തിബഹുമാനങ്ങളെ അർഹിക്കുന്നവൻ. സഖി=ചങ്ങാതി. യുധി=യുദ്ധത്തിൽ. വിജയൻ=അർജ്ജുനൻ. കോപ്പിടുക=ഒരുങ്ങുക. നാലംഗപ്പട-ചതുരംഗസൈന്യം. (ആന, തേർ, കുതിര, കാലാൾ ഇവയാണു് സൈന്യത്തിന്റെ നാലംഗങ്ങൾ) അടൽക്കളം=പോർക്കളം. കിളരുക=ഇളകുക. ഒലി=ഒച്ച. വൈരികൾ=ശത്രുക്കൾ. അലറുക=ഗർജ്ജിക്കുക. കരി=ആന. ഉഷസി=പ്രഭാതത്തിൽ. വ

പതി ധമ്മപതി സതാംപതി ഹരി
സുരപതി സ്വാഹാപതി പിതൃപതി
നിരൃതി യാദസാംപതി സദാഗതി
നിധിപതി പശുപതി ദിഗഷ്ടക-
പതി ഗോപീജനപതി മമ പതി
യദുപതിദയാനിധി മഖപതി
സുരപതി സുതരഥമതിലേറി
സുരുചിരമായ വപുഷാ കണ്ടാശു
സുഖിച്ചു പോരിനു പുറപ്പെട്ടാരല്ലോ
സഖിത്വമന്യോന്യം മുഴുത്ത കാരണാൽ.

മകരവ്യൂഹവും ചമച്ചിതു കണ്ണൻ.
മകരകുണ്ഡലധരസഖിയായ

---

സുമതി=ഭൂമി. രമാപതി=രമ (ലക്ഷ്മി) യുടെ ഭത്താവു്. സതാം=സജ്ജനങ്ങളുടെ. (സുരപതി എന്നതു മുതൽ പശുപതി എന്നതു വരെയുള്ള വാക്കുകളെക്കൊണ്ടു യഥാക്രമം ഇന്ദ്രൻമുതലായ അഷ്ട ദിക്പാലന്മാരെയാണു് ഉദ്ദേശിക്കുന്നതു്.) ദിഗഷ്ടകപതി=എട്ടു ദിക്കുകളുടേയും നാഥൻ. മമ പതി=എൻെറ സ്വാമി. (എഴുത്തച്ഛൻെറ ഭക്തിപ്രകഷം നിമിത്തമുള്ള ആത്മവിസ്മൃതിക്കു് ഈ പ്രയോഗം ഒരു നല്ല ദൃഷ്ടാന്തമാണു്.) മഖം=യജ്ഞം. സുരപതിസുതരഥം=അജ്ജുനൻെറ തേരു്. സുരുചിരം=ഭംഗിയുള്ളതു്. വപുഷാ=വപുസ്സോടു (ദേഹത്തോടു)കൂടി. സഖിത്വം=സ്നേഹം. മകരവ്യൂഹം=ഒരു പ്രത്യേകതരത്തിൽ സൈന്യങ്ങളെ അണിനിരത്തുന്ന സമ്പ്രദായം.(ശകടവ്യൂഹം, പത്മവ്യൂഹം, പതാകാവ്യൂഹം, ദണ്ഡവ്യൂഹം, മണ്ഡലവ്യൂഹം മുതലായ പലതരം വ്യൂഹങ്ങളെപ്പററി പഴയ ആയോധനശാസ്ത്രങ്ങളിൽവിവരിക്കുന്നുണ്ടു്. മകരവ്യൂഹമെന്നു പറയുന്നതു മകരമത്സ്യത്തിൻെറ ആകൃതിയിൽ സൈന്യത്തെ നിരത്തുന്ന സമ്പ്രദായമത്രെ. മത്സ്യത്തിൻെറ മുഖ

പുരന്ദരസുതൻ പുരുഷകുഞ്ജരൻ
പുരന്ദരസേനാപതിസമൻ പാർത്ഥൻ
ചമച്ചു ചന്ദ്രാർദ്ധപ്രഭമാകും വ്യൂഹം
ഭ്രമിച്ചിതു കണ്ടു കുരുവീരന്മാരും
എതിർത്തു ഭീമസേനനോടശ്വത്ഥാമാ
മദിച്ചൊരാനകളെതിർത്തതുപോലേ
സമുദ്രങ്ങൾ തമ്മിൽ പൊരുന്നപോലെയും
പെരുത്ത ശൈലങ്ങൾ പൊരുന്നപോലെയും
തടിച്ച വൃത്രനുമമർത്ത്യനാഥനും
നടിച്ചു പണ്ടേറെപ്പൊരുതപോലെയും
മഹിഷനും ദുർഗ്ഗാഭഗവതിതാനും
മഹിതഘോഷമായ് പൊരുതപോലെയും

---

ത്തു കർണ്ണൻ, കണ്ണുകളിൽ ശകുനിയും ഉലൂകനും, ശിരസ്സിൽ അശ്വത്ഥാമാവ്, മദ്ധ്യപ്രദേശത്തിൽ സൈന്യസമേതനായ ദുര്യോധനൻ, കഴുത്തിന്റെ സ്ഥാനത്ത് ദുര്യോധനസഹോദരന്മാർ, വലതുപാദത്തിൽ തെക്കൻ ഭടന്മാരോടുകൂടി ഗൗതമനും ത്രിഗർത്തനും, ഇടതുപാദത്തിൽ കൃതവർമ്മാവ്, വാലിൽ ചിത്രനും ചിത്രസേനനും, ഇതായിരുന്നു കർണ്ണൻ ചമച്ച മകരവ്യൂഹം.) മകരകുണ്ഡലധരസഖി=മകരകുണ്ഡലങ്ങൾ (ഒരു തരം സ്വർണ്ണാഭരണങ്ങൾ.) ധരിക്കുന്നവന്റെ (കൃഷ്ണന്റെ) ചങ്ങാതി. പുരന്ദരൻ =ഇന്ദ്രൻ. പുരുഷകുഞ്ജരൻ=പുരുഷശ്രേഷ്ഠൻ. പുരന്ദരസേനാപതി=ദേവസേനാപതി, സുബ്രഹ്മണ്യൻ. ചന്ദ്രാർദ്ധപ്രഭം=അർദ്ധചന്ദ്രാകാരത്തിലുള്ള. അശ്വത്ഥാമാ=ദ്രോണന്റെ പുത്രൻ. വൃത്രൻ=ഒരസുരന്റെ പേര്. അമർത്ത്യനാഥൻ=ഇന്ദ്രൻ. മഹിഷൻ=ഒരസുരൻ. മഹിതഘോഷം=വലിയ ഒച്ചപ്പാടോടുകൂടി. ദശ... ...നായൻ=ദശരഥരാജാവിന്റെ മകൻ. ദശവദനൻ=രാവണൻ.

ദശരഥനരപതിതനയനും
ദശവദനനും പൊരുതപോലെയും
ഭയദമാംവണ്ണം പൊരുതിരുവരും
മരിയാതെ കണ്ടു പിരിഞ്ഞാരനന്തരം.
ശ്രുതകീർത്തിനരവരനും ശല്യരോ-
ടെതിർത്തു പോർചെയ്തു മരിയാതെ തോററാൻ.
ദിനകരതനയനും നകുലനും
ചിനമൊടു പൊരുതുലഞ്ഞു മാദ്രേയൻ
കൃപരൊടേററ തോററിതു ധൃഷ്ടദ്യുമ്നൻ
കൃതവർമ്മാവിനോടഥ ശിഖണ്ഡിയും
വിഷധരധ്വജനൊടു യുധിഷ്ഠിരൻ
വിഷമിച്ചുനിന്നു ജയിച്ചാനനന്തരം
പലരൊടും കൂടിപ്പൊരുതു പാർത്ഥനും
പരിഭവം വന്നതൊഴിച്ചാനേവർക്കും
ജയിച്ചു പാണ്ഡവരൊടുക്കം നൂററവ-
രൊഴിച്ചു പാഞ്ഞിതു പിരിഞ്ഞിതു പട.

### സുയോധനനിവേദനം

പറഞ്ഞിതു സുയോധനനും കർണ്ണനോ-
“ടനന്യബന്ധുവായ് ചമഞ്ഞു ഞാനെടോ.

---

മരിയാതെ=മരിക്കാതെ. (അസാധാരണമായ ഒരു പ്രയോഗമാണിതു്.) ശ്രുതകീർത്തിനരവൻ=ശ്രുതകീർത്തി എന്ന രാജാവു്. ദിനകരതനയൻ=കർണ്ണൻ. ചിനം=കോപം. പൊരുതു് ഉലഞ്ഞു=യുദ്ധംചെയ്തു ക്ഷീണിച്ചു. മാദ്രേയൻ=മാദ്രിയുടെ പുത്രനായ നകുലൻ. ധൃഷ്ടദ്യുമ്നൻ=പാഞ്ചാലരാജാവിൻെറ പുത്രൻ. (ഈ ധൃഷ്ടദ്യുമ്നനാണു് യുദ്ധം തുടങ്ങിയ പതിനഞ്ചാംദിവസം ദ്രോണരെ കൊന്നതു്.)ശിഖണ്ഡി=ഭീഷ്മർ വില്ലു താഴത്തുവെക്കാനിടയാക്കിയ പാഞ്ചാലരാജസന്താനം. വിഷധരധ്വജൻ=നാഗകേതനൻ, ദുര്യോധനൻ. പരിഭവം=പോരായ്മ, തോൽവി. അനന്യബന്ധു

അരികളെക്കൊന്നു ജയം വരുവതി-
നരുതു മററാക്കും നിനക്കൊഴിഞ്ഞിനി.
ഗുരുവിനും പിതാമഹനും മാം പ്രതി
തിരുമനസ്സുണ്ടായ് ചമഞ്ഞീലേതുമേ."
ചെറുതു പുഞ്ചിരി കലൎന്നു കണ്ണനും
നരവരനൊടു പറഞ്ഞാനന്നേരം:-
"അറിയുന്നീലയോ വിജയൻ തന്നുടെ
ചരിതമെല്ലാമേ നിരൂപിച്ചു കാൺക.
മണിമയമായ മകുടം നൽകിയി-
തമരകുലവരനവനുടെ ശംഖും
കൊടിയടയാളം കൊടിയ മാരുതി
തടിച്ച രാക്ഷസപ്പടയുടച്ചവൻ
പരുത്ത ഖാണ്ഡവം ദഹിപ്പിക്കമൂല-
മുരത്ത ഗാണ്ഡീവം കൊടുത്തിതഗ്നിയും

---

=ബന്ധുവായി വേറെ ആരും ഇല്ലാത്തവൻ. അരി=ശത്രു. ഗുരു=ദ്രോണർ. പിതാമഹൻ=ഭീഷ്മർ. മാം പ്രതി=എന്റെ നേരെ. മണിമയം=രത്നമയം. ഖാണ്ഡവം=ഖാണ്ഡവം എന്ന വനം. ഉരത്ത=പ്രസിദ്ധമായ.

**ഖാണ്ഡവദഹനം**—ഒരിക്കൽ അഗ്നിഭഗവാൻ കൃഷ്ണാൎജ്ജുനന്മാരുടെ അടുക്കൽ ചെന്നു് തനിക്കു ഭക്ഷണമൊന്നും കിട്ടുന്നില്ലെന്നും, ഖാണ്ഡവം എന്ന കാടു ഭക്ഷിക്കാൻ അനുവദിക്കണമെന്നും, താൻ അതു ഭക്ഷിക്കാൻ തുടങ്ങുമ്പോഴൊക്കെ, തക്ഷകൻ ആ കാട്ടിൽ താമസിക്കുന്നതുകൊണ്ടു് അവന്റെ ചങ്ങാതിയായ ഇന്ദ്രൻ അതു തടസ്സപ്പെടുത്തുന്നുവെന്നും അറിയിച്ചു. അൎജ്ജുനൻ അതിനനുവദിച്ചു. അഗ്നി വനം ദഹിപ്പിക്കാൻ തുടങ്ങിയപ്പോഴെല്ലാം ഇന്ദ്രൻ ഭയങ്കരമായ മഴ പെയ്യിച്ചു. അൎജ്ജുനൻ അ

ശരമൊടുങ്ങാത ശരധിയുമുണ്ടു
വരജവമുള്ള കുതിര നാലതും
മൃഡനീശൻ പശുപതി ജഗന്നാഥൻ
കൊടുത്തൊരു പാശുപതവുമുണ്ടല്ലൊ.

ഹരി ജഗന്നാഥൻ പരൻ നാരായണ-
നരികിലുണ്ടല്ലൊ തുണയായെപ്പൊഴും.
വിജയനെന്നു പേരവനാകുന്നിതു
ജയമെല്ലാംകൊണ്ടുമവനേ വന്നിടൂ.
പരശുരാമൻതന്നനുഗ്രഹത്തിനാ-
ലൊരുവണ്ണം ജയം വരുമെന്നാകിലും
ഒരുവരില്ല തേർ നടത്തുവാനെനി-
ക്കുടമയോടതിന്നയയ്ക്കൂ ശല്യരെ."

---

സ്ത്രപ്രയോഗംകൊണ്ടു മഴ തടുത്തു. അഗ്നി ഖാണ്ഡവം ദഹിപ്പിക്കുകയും ചെയ്തു. ഒടുവിൽ സന്തുഷ്ടനായ അഗ്നി അർജ്ജുനനു ഗാണ്ഡീവം എന്ന ഒരു വില്ലു സമ്മാനിച്ചു.

**കിരാതം കഥ**—കൗരവസംഹാരത്തിനുവേണ്ടി അനുഗ്രഹം സമ്പാദിക്കുന്നതിനായി അർജ്ജുനൻ ശിവനെ തപസ്സു ചെയ്തു. ശിവൻ അർജ്ജുനനെ പരീക്ഷിക്കുന്നതിനായി ഒരു കിരാതന്റെ വേഷംധരിച്ചു് അർജ്ജുനനുമായി ഒരു വഴക്കിനു കാരണമുണ്ടാക്കി. ഒടുവിൽ അതൊരു യുദ്ധമായി കലാശിച്ചു. അർജ്ജുനൻ എയ്യുന്ന അസ്ത്രങ്ങളെല്ലാം പുഷ്പങ്ങളായിത്തീർന്നു. ശിവന്റെ പ്രഹരങ്ങളേററു ക്ഷീണിച്ച അർജ്ജുനൻ ഒരു വേടനോടു തോററുപോയതുകൊണ്ടുണ്ടായ സങ്കടം സഹിക്കവെഹിയാതെ, ഭക്തവത്സലനായ പാർവ്വതീപതിയെ വിളിച്ചുനിലവിളിച്ചു. കിരാതവേഷധാരിയായ ശിവൻ സ്വന്തം വേഷംധരിച്ചു് അർജ്ജുനനെ അനുഗ്രഹിക്കുകയും ശത്രുസംഹാരത്തിനായി "പാശുപതാസ്ത്രം" സമ്മാനിക്കുകയും ചെയ്തു.

അതുകേട്ട സുയോധനനുമന്നേര-
മനുനയത്തൊടു പറഞ്ഞു ശല്യരോ-
'ടടിമലരിണ ഗതിയെനിക്കിനി-
യടിയനുവേണ്ടിയൊരു വസ്തുവേണം
നിനവെനിക്കെൻെറ ജനകനെന്നത്രേ
തനയനെന്നെന്നെക്കരുതിടേണമേ!
പല പരിഭവമെനിക്കു ചേർത്തൊരു
വലരിപുസുതവധത്തിനിന്നിനി
ദിനകരസുതരഥം നടത്തണം
മനുകുലവരസമനായുള്ളോവേ!'

അതു സുയോധനൻ പറഞ്ഞതു നേരം
മതിമാൻ മാദ്രാധിപതിയാം ശല്യരും
അഭിമതമെന്നങ്ങിരിക്കിലും തനി-
ക്കഭിമതമല്ലെന്നതു ഭാവിച്ചുടൻ
അതികോപത്തൊടു പറഞ്ഞിതന്നേരം
'അതിനൊരാൾ കണ്ടതഴകിതെത്രയും.
കരുത്തേറും മഹാരഥന്മാരെജ്ജയി-
ച്ചിരിക്കുമെന്നോടു പറഞ്ഞതു നന്നു".

---

ഉടമ=സ്വന്തമെന്ന നില; വിശ്വാസം. നിനവു്=വിചാരം. ജനകൻ=അച്ഛൻ. വല........ധത്തിനു്=അജ്ജുനനെ കൊല്ലുന്നതിനുവേണ്ടി. ദിനകരസുതരഥം=കണ്ണന്റെ തേരു്. മാദ്രാധിപതി=മദ്രരാജ്യത്തിലെ രാജാവു്. അഭിമതം=ഇഷ്ടം, സമ്മതം. "മഹാരഥൻ" എന്നതു് പ്രത്യേകമായ അത്ഥത്തിലുപയോഗിക്കുന്ന ഒരു വാക്കാണു്. രണ്ടുതരം നിവ്വചനം കാണുന്നുണ്ടു്, ആ വാക്കിനു്. തന്നെയും തേരാളിയേയും കുതിരകളേയും രക്ഷിച്ചുകൊണ്ടു യുദ്ധം ചെയ്യുന്നവനാണു് മഹാരഥൻ എന്നു ചിലർ പറയുന്നു. ഒററയ്ക്കുനിന്നു പതിനായിരം വില്ലാളികളോടു യുദ്ധം

പെരുത്തു ധിക്കാരം നിനക്കെന്നുള്ളതു
കരുതിക്കൊള്ളാമെന്നതേ പറയേണ്ടു.'

ധൃതരാഷ്ട്രാത്മജനതുകേട്ടപ്പൊഴേ
തെരുതെരെത്തൊഴുതുടനെ ചൊല്ലിനാൻ:

'കുറയക്കണ്ടല്ല പറഞ്ഞതേതും ഞാൻ
കുറികൊണ്ടീടരുതതു ഭവാനേതും.
തനിക്കുതാൻ പോന്ന ജനങ്ങളുമൊക്കെ-
ത്തനിക്കു വേണ്ടുകിലെളിയതും ചെയ്യും.
അതിനു നാണക്കേടകപ്പെടാ താനു-
മതിഗുണമുള്ളോ,ർക്കു ധരിച്ചാലും.
ത്രിപുരന്മാരൊടു പൊരുവാനീശനു
തിറമൊടു തേരു നടത്തി ധാതാവും.
മഹിമയേതുമേ കുറഞ്ഞുപോയീല
മഹതാമീശനാകിന വിരിഞ്ചനും.'

---

ചെയ്യുന്നവനും അസ്ത്രവിദ്യയിൽ അതിയായ വൈദഗ്ധ്യമുള്ളവനുമാണ് മഹാരഥൻ എന്നു മററു ചിലർ പറയുന്നു. രണ്ടു കൂട്ടരുടേയും പ്രമാണം താഴെ ഉദ്ധരിക്കാം.

ആത്മാനം സാരഥിം ചാശ്വാൻ രക്ഷൻയുദ്ധ്യേത യോ നരഃ
സ മഹാരഥസംജ്ഞഃ സ്യാദിത്യാഹുർന്നീതികോവിദാഃ
ഏകോ ദശസഹസ്രാണി യോധയേദ്യസ്തു ധന്വിനാം
ശസ്ത്രശാസ്ത്രപ്രവീണശ്ച വിജ്ഞേയസ്സ മഹാരഥഃ

കുറയെക്കണ്ടല്ല=നിസ്സാരനെന്നു കരുതീട്ടല്ല. കുറികൊണ്ടീടരുത്=(അങ്ങിനെ) വിചാരിക്കരുത്. അതിഗുണമുള്ളോർ=സൽഗുണസമ്പന്നന്മാർ. ഈശൻ=ശിവൻ. ധാതാവ്=ബ്രഹ്മാവ്. മഹിമ=മാഹാത്മ്യം. മഹതാം ഈശൻ=മഹാന്മാരിൽവെച്ചു ശ്രേഷ്ഠൻ. ക

കഥയ ഭൂപതേ പുരമഥനന്റ
രഥമുണ്ടോ പണ്ടു നടത്തി നാന്മുഖൻ?
പറഞ്ഞുകേൾക്കട്ടേ പരമാത്ഥമെന്ന
പറഞ്ഞ മാദ്രേശനൊടു സുയോധനൻ
പറഞ്ഞാനെങ്കിലോ തെളിഞ്ഞു കേട്ടാലും
പരമേശൻ പുരമെരിചെയ്തതെല്ലാം.

### ത്രിപുരദഹനം

"അസുരകൾകുലപ്പെരുമാൾ താരക-
നവന്റ മക്കളായ് പിറന്നിതു മൂവർ.
അവർകൾനാമം കേട്ടരുൾ വിദ്യുന്മാലി
അവന്റ തമ്പി താരകചക്ഷുസ്സെന്നും

അപരനായതു കമലാക്ഷനവ-
രതിശക്തന്മാർ മൂവരുമൊരുമിച്ചു
തപസ്സു പഞ്ചാഗ്നിനടുവിൽ നിന്നു ചെ-
യ്തുമത്ത്യവൈരികൾ വിരിഞ്ചൻതന്നൊടായ്
വിബുധത്വമിരന്നതു കിട്ടായ്കയാൽ
വിമലമായുള്ള പുരങ്ങൾ കാമിച്ചാർ.
ഒരുത്തരാലുമങ്ങൊരിക്കലും നാശം
വരുത്തിക്കൂടാത പുരത്രിതയത്തെ
വരുത്തിക്കൊള്ളുവാൻ വരത്തെ നൽകണം
കരുത്തു ഞങ്ങൾക്കു പെരുക്കയും വേണം.

---

ഥയ=നീ പറയുക. പുരമഥനൻ=ശിവൻ. നാന്മുഖൻ=ബ്രഹ്മാവ്. പുരം എരി ചെയ്ക=ത്രിപുരങ്ങളെ ദഹിപ്പിക്ക. അപരൻ=മററവൻ. വിബുധത്വം=ദേവത്വം. പുരത്രിതയം=മൂന്നു പുരങ്ങൾ. ഉരത്തവണ്ണമേ=പറഞ്ഞതുപോലെ തന്നെ. സഹസ്രവത്സരം=ആ

'ഉത്തരവർണ്ണമേ വരിക നിങ്ങൾക്ക
സഹസ്രവത്സരം തികയോളംകാലം.
വരിക പിന്നെ നാശവുമവററിന്നെ' -
ന്നരുൾചെയ്തു ചതുർമ്മുഖൻ മറഞ്ഞപ്പോൾ
വരങ്ങൾകൊണ്ടവർ മയനൊടു ചൊന്നാൻ
പുരങ്ങൾ നിർമ്മിച്ചു തരികെന്നപ്പൊഴേ
അവനിയിലൊരു ശതകയോജന
വഴി വിസ്താരത്തിലിരുമ്പു തന്നാലും
ഭുവർലോകത്തിങ്കൽ ചമച്ചു വെള്ളികൊ-
ണ്ടമരലോകത്തു കനകംതന്നാലും
പരിണാഹം മൂന്നുമൊരുപോലെതന്നെ
പരിചൊടു വാണാരവററിൽ മൂന്നിലും.
പരിതാപം പൂണ്ടു ഭുവനവാസികൾ
പരവശന്മാരായുഴന്നിതേററവും.
വിബുധരക്കാലം വിരിഞ്ചൻതന്നോടു
വിവിധഖേദന പറഞ്ഞാരന്നേരം.
ശതമഖാദികൾ ചതുർമ്മുഖനുമായ്
ശതപത്രായതനയനൻ മേവിടും
പയഃപയോധി തന്നുടെ കരേ ചെന്നു
ഭയപ്രകാരങ്ങളുണർത്തിച്ചനേരം,

യിരം കൊല്ലം. മയൻ=അസുരശില്പി. അമരലോകം=ദേവലോകം. പരിണാഹം=വലുപ്പം. ശതമഖാദികൾ=ബ്രഹ്മാവു മുതലായവർ. ശത........യനൻ=താമരക്കണ്ണൻ, മഹാവിഷ്ണു. പയഃപയോധി=പാൽക്കടൽ. കരേ=കരയിൽ. (കര എന്ന മലയാള പദത്തിൽ സംസ്കൃതത്തിലെ സപ്തമീപ്രത്യയം ചേർത്തിരിക്കുന്നു. കവിയുടെ നിരങ്കുശത്വമാണ് ഇവിടെ കാണുന്നത്.) അഴിവ്=

'കഴിവുണ്ടാകുമവൻ, പൊറുത്താലു,മവ-
ക്കഴിവില്ലാരാലും ശിവനാലെന്നിയേ.'
പുനരതു കേട്ടു പുരന്ദരാദികൾ
പുകഴ്ത്തിനാർ ചെന്നു ഗിരിജാകാന്തനെ.
സ്തുതിച്ചതു കേട്ടു തെളിഞ്ഞു രുദ്രനും
ചിരിച്ചരുൾചെയ്തു വിബുധന്മാരൊടായ്.
'സുരവരന്മാരേ! സുഖമല്ലീ ചൊൽവി-
നൊരുമിച്ചെല്ലാരും വരുവാനെന്തിപ്പോൾ?'
'സുഖമല്ലീയെന്നരുൾ ചെയ്തപ്പൊഴേ
സുഖമായ്‌വന്നിതു മനസി ഞങ്ങൾക്കു.
ത്രിപുരന്മാരാലുള്ളുപദ്രവത്തിനാൽ
ത്രിഭുവനമെല്ലാം നശിച്ചു ദൈവമേ!
അവരെ നിഗ്രഹിച്ചഭയം നൽകണ-
മഖിലലോകേശ! ശരണമെപ്പൊഴും.'
അതുകേട്ടു ദേവനരുൾചെയ്തീടിനാൻ
'അവരൊടു പോരിനൊരുവസ്തുവില്ല.'
പുരുഹൂതാദികളതുകേട്ടു ചൊന്നാർ.
'പുരന്മാരെ വധിച്ചരുളുവാനിപ്പോൾ
കനകമാമല വളച്ചു വില്ലാക്കി
കുലയ്ക്ക, ഞാണിനു പെരുത്ത വാസുകി,
ശരമാകുന്നതും പരൻ നാരായണൻ,
മറകൾ നാലുണ്ടു കുതിരകൾക്കിപ്പോൾ,

---

നാശം. പുരന്ദരൻ=ഇന്ദ്രൻ. ഗിരിജാകാന്തൻ=ശിവൻ. രുദ്രൻ=ശിവൻ. വിബുധന്മാർ=ദേവന്മാർ. മനസി=മനസ്സിൽ. ത്രിഭുവനം=മൂന്നു ലോകവും. നിഗ്രഹിക്ക=കൊല്ലുക. ഒരു വസ്തുവില്ല=വില്ല്, അമ്പ് മുതലായ യുദ്ധസാമഗ്രികൾ ഒന്നുംതന്നെയില്ല. കനകമാമല=മഹാമേരുപർവ്വതം. മറകൾ=വേദങ്ങൾ. രവിശശികൾ

രവിശശികൾ തേരുരുളുകളാക്കാ,-
മവനി തേർത്തട്ടു, ചതുർമ്മുഖൻ സൂതൻ.
കലഹത്തിനെന്തു കുറവിനി'യെന്നു
വലഹന്താദിയാമമരർ ചൊന്നപ്പോൾ,
ത്രിപുരന്മാരെക്കൊന്നൊടുക്കുവാനീശൻ
ത്രിദശന്മാരുമായിവണ്ണം കോപ്പിട്ടാൻ.
പുരന്ദരാദികൾ പലരും കാണവേ
പുരം ദഹിപ്പിച്ചാൻ നയനത്തീയാലെ.
'ഹര ഹര സ്മരഹര പുരഹര!
പര പര പര വരദ ശങ്കര!
ശിവ ശിവ ശിവശങ്കര ശിവാത്മക!
ഭവ ഭവമൃതിഭവഭയഹര!
ജയ ജയ നമോ നമോ നമോ ജയ'യെന്നു
സ്തുതിച്ചു സേവിച്ചു സുഖിച്ചാരേവരും.
അതിനു സാരഥി വിരിഞ്ചനായതു-
മമരർകോനു മാതലിതാനല്ലയോ?
കുവലയദലനയനൻ മാധവൻ
കുറവുതീർത്തു വാസവിക്കു സാരഥി.
രവിതനയനു വിജയനെ വെൽവാൻ
രഥം വിരവൊടു നടത്തുക ഭവാൻ.
അനുവദിച്ചാലും കുറവു വരാ'യെ-
ന്നനുസരിച്ചു ചൊല്ലിന സുയോധനൻ-
പ്രതിബന്ധം കണ്ടു പറഞ്ഞു മദ്രേശൻ
'പ്രതികൂലഭാവം കളഞ്ഞേനെങ്കിൽ ഞാൻ.

---

=സൂര്യചന്ദ്രന്മാർ. അവനി=ഭൂമി. വലഹന്താ=ഇന്ദ്രൻ. ത്രിദശന്മാർ=ദേവകൾ. ഭവമൃതിഭയഹരൻ=സംസാരത്തിൽനിന്നും മരണത്തിൽനിന്നും ഉണ്ടാകുന്ന ഭയത്തെ നശിപ്പിക്കുന്നവൻ. വാസവി=അർജ്ജുനൻ. പ്രതിബന്ധം=തടസ്സം. പവനവേഗേന=വായു

രവിതനയനു ഹിതമാകുംവണ്ണം
പവനവേഗേന രഥം നടത്തുവൻ.
പെരികെ ശിക്ഷിപ്പൻ പിഴകൾ കണ്ടാൽ ഞാൻ
തരണിനന്ദനനതിനു കോപിക്കും.
അവിടെ ഞങ്ങളിൽ ചെറുതു ചീറുമ്പോ-
ളപജയം വരുമതുമറിഞ്ഞാലും'
അതു കേട്ടു നാഗധ്വജനും കർണ്ണനോ-
ടതിനു കോപിയായ്കെടോ സഖേയെന്നാൻ.

## ശല്യരുടെ സാരഥ്യം

'വഴിയെ സാരഥ്യം വഹിക്കാമെങ്കിലോ
പിഴകൾ കണ്ടാകിൽ പറകയും ചെയ്യാം.'
'അതിനു കോപമില്ലെനിക്കെ'ന്നു കർണ്ണൻ
മതിമാൻ മാദ്രേശൻ രഥവും കൂട്ടിനാൻ.
ജ്വലിച്ച ഭാസ്കരസുതൻ ശരങ്ങളും
കുലച്ച കാളപൃഷ്ഠവും ധരിച്ചുടൻ
നടിച്ചു തേരതിൽ കരയേറീടിനാ-
നടുത്തു മററുള്ള ചതുരംഗങ്ങളും
തെളിഞ്ഞു ഗാന്ധാരിതനയൻ തേരതിൽ
വിളങ്ങും കർണ്ണനോടിവണ്ണം ചൊല്ലിനാൻ
'കപിധ്വജൻതന്നെ വധിക്ക വൈകാതെ
യുധിഷ്ഠിരൻതന്നെപ്പിടിച്ചു കെട്ടുക.
നിബദ്ധമെന്നുള്ളിലവരിലേ വൈരം
കപിധ്വജനിലോ നിനക്കുമുണ്ടല്ലോ.
ജയിച്ചു വൈകാതെ വരികെ'ന്നു യാത്ര-
യയച്ചു കൌരവവരനുമന്നേരം.

---

വേഗത്തിൽ. തരണി=സൂര്യൻ. മാദ്രേശൻ=ശല്യർ. കാളപൃഷ്ഠം=കർണ്ണന്റെ വില്ല്. കപിധ്വജൻ=കപി (ഹനുമാൻ) കൊടിയടയാളമുള്ളവൻ, അർജ്ജുനൻ. നിബദ്ധം=വേരുറച്ചതു്. വൈരം

അടുത്തു രാക്ഷസപിശാചഭൂതങ്ങ-
ളിടിത്തീയും വീണു വിറച്ചു ഭൂമിയും
കുറുനരികളും കരഞ്ഞിതു പാരം
നറുഞ്ചോര പാരം ചൊരിഞ്ഞു മേഘങ്ങൾ.
ചുഴലിയും കാററും പ്രതികൂലമായി-
ട്ടുഴറിവന്നിതു കൊടുതായേററവും.
കഴുകും കാകനും പറന്നിതു മേലേ-
യൊഴുകി കണ്ണുനീർ കുതിരകൾക്കെല്ലാം.
തടഞ്ഞു വീണിതു ഗജപദാതിക-
ളിടഞ്ഞു തങ്ങളിൽ മുറികയും ചെയ്തു.
കടിഞ്ഞിവയൊക്കെക്കഴിച്ചു കർണ്ണനും
നടന്നിതു ചിത്തമുറപ്പിച്ചന്നേരം
വഴിയിൽ കണ്ടവർ പലരോടുമപ്പോൾ
മൊഴിഞ്ഞാനിങ്ങിനെ വിരുതുള്ളംഗേശൻ:
"നരനാരായണരിവരുമെങ്ങോ-
രൊരുവർ കണ്ടിതോ? പറവിൻ വൈകാതെ.

---

=വിരോധം. ഗജപദാതികൾ=ആനകളും കാലാളും. കടിഞ്ഞു്=പ്രയാസപ്പെട്ടു്. ('കടിയുക' എന്ന ധാതുവിനു് 'കഷ്ടപ്പെടുക, വേദനിക്കുക' എന്നൊക്കെയാണു് ഗുണ്ടർട്ടു് അൎത്ഥം പറഞ്ഞിട്ടുള്ളതു്.) നരനാരായണന്മാർ=അർജ്ജുനനും കൃഷ്ണനും.

**നരനാരായണന്മാർ**—സഹസ്രകവചൻ എന്ന അസുരനെ കൊല്ലുന്നതിനായി മഹാവിഷ്ണു നരനും നാരായണനുമായി രണ്ടു രൂപത്തിൽ അവതരിച്ചു. ആ അസുരന്റെ ഓരോ കവചം ഛേദിക്കുന്നതിനു്, നൂറുകൊല്ലം തപസ്സുചെയ്തു് നൂറുകൊല്ലം യുദ്ധം ചെയ്യുന്ന ഒരാൾക്കു മാത്രമേ സാധിക്കുമായിരുന്നുള്ളു. ഇങ്ങനെ ആയിരം കവചങ്ങളും ഛേദിക്കാതെഅവനെ കൊല്ലാൻ സാധിക്കയുമില്ല. നൂറുകൊല്ലം തപസ്സുചെയ്തു് ഒരു

തരുവൻ നാടുകൾ നഗരം ഗ്രാമങ്ങൾ
തുരഗവാരണരഥങ്ങൾ നല്കുവൻ
പൊരുതു പാൎത്ഥനെക്കൊലചെയ്തു പോരിൽ
പൊരുളവനുള്ളതടയ നല്കുവാൻ.

എവിടത്തു പാൎത്ഥനെവിടത്തോനെന്നു
കപടം കൈവിട്ടു പറവിൻ കണ്ടാകിൽ
കഴിവുണ്ടാമിതുമവനിന്നെന്നുടെ
മിഴികളിലകപ്പെടുന്നതാകിലോ."
പലരൊടുമിത്ഥം പറഞ്ഞു കൎണ്ണനു-
മലമലയെന്നു പറഞ്ഞു ശല്യരും.

ശല്യരും കൎണ്ണനും തമ്മിൽ

"പലനാളും നിന്റെ വചനങ്ങൾ കൊണ്ടേ
കലഹം കണ്ടു ഞാൻ പൊളിയല്ല കൎണ്ണാ!
ചപലന്മാൎക്കിത്ഥം പറകെന്നു ശീലം
കപടവും ചത്താലൊഴിഞ്ഞുമാറുമോ?

ഒരു മുഹൂൎത്തത്തിനിടയ്ക്കു പാൎത്ഥനെ-
ത്തിറമൊടു കാട്ടിത്തരുന്നുണ്ടു ഞാൻ.

---

കവചം മുറിക്കുന്ന ആൾ വീണ്ടും തപസ്സിനു പോയാൽ ഛേദിക്കപ്പെട്ട കവചം വീണ്ടും മുളയ്ക്കുമെന്ന ഒരനുഗ്രഹം അവൻ സമ്പാദിക്കയും ചെയ്തിരുന്നു. അതുകൊണ്ടു്, വിഷ്ണു നരനെന്നും നാരായണനെന്നും ഉള്ള പേരുകളിൽ രണ്ടു രൂപം കൈക്കൊണ്ടു് മാറി മാറി ൲കൊല്ലം വീതം തപസ്സും യുദ്ധവും ചെയ്തു് സഹസ്രകവചനെ സംഹരിച്ചു. ഇതാണു് നരനാരായണന്മാരുടെ കഥ. ഈ നരനാരായണന്മാർതന്നെയാണു് അൎജ്ജുനനും ശ്രീകൃഷ്ണനും എന്നത്രെ പൗരാണികസിദ്ധാന്തം.

തുരഗം=കുതിര. വാരണം=ആന. രഥം=തേരു്. പൊരുൾ=ധനം. അടയ=മുഴുവൻ. കഴിവുണ്ടാമിതും=ഞാൻ ഈ പറഞ്ഞതു മുഴുവൻ സാധിപ്പിക്കും. അലം അലം=മതി. മതി. വചനങ്ങൾകൊണ്ടേ കലഹം=വാക്കുകൾകൊണ്ടുള്ള യുദ്ധംമാത്രമേ. തി

അവനെ വില്ലുമായടുത്തുകാണുമ്പോ-
ളവനിമുട്ടപ്പാഞ്ഞടവി തേടും നീ.
അവനുടെ കീർത്തി നടനം ചെയ്യുന്നു
ഭുവനത്തിങ്കലെന്നറിഞ്ഞതില്ലേ നീ?
നരസിംഹത്തിനു സമൻ ധനഞ്ജയൻ
നരിയോടൊക്കും നീയവനെയോൎക്കുമ്പോൾ.
പെരികെ നാണമില്ലയോ നിനക്കുള്ളിൽ
പൊരുവതിന്നവനൊടു സൂൎയ്യാത്മജ!"

പുനരതു കേട്ടു പറഞ്ഞു കണ്ണനും
മനസി കോപം വന്നതു പൊറായ്കയാൽ
"മതി മതി പാരമധിക്ഷേപിച്ചതു
മതിമാന്മാരായോൎക്കിതു ഗുണമല്ല.
പെരികെ നന്നല്ലോ ഭവാൻ നിരൂപിക്കിൽ
പരിപാലിക്കുന്നതഴകിതു രാജ്യം.
പെരുവഴിപോകും കുലസ്ത്രീവൎഗ്ഗത്തെ-
ക്കരബലംകൊണ്ടു പിടിച്ചു പുൽകിയും
മറയവരൊടു പറിച്ചുകൊൾകയും
മറിവുകളെന്നിയൊരുവൎമ്മില്ലാ.
പൊടികൊണ്ടേ പോകും മലമൂത്രാദികൾ
പൊടിയാലേ കുളികുറിയുമിങ്ങനെ
കുലഭേദങ്ങളുമറികയില്ലാരും
കുലശീലമുള്ള ജനത്തെ നിന്ദിച്ചും

റം=മിടുക്ക്. അവനിമുട്ടെ=നാടു മുഴുവൻ. അടവി തേടും=കാടന്വേഷിക്കും. മറയവർ=വേദജ്ഞന്മാർ, ബ്രാഹ്മണർ. പറിക്ക=പിടിച്ചുപറിക്ക. മറിവു്=വഞ്ചന. പൊടികൊണ്ടേ....യിങ്ങനെ=ശല്യന്റെ രാജ്യത്തു് ശുചീകരണമോ സ്നാനലേപനാദികളോ ഇല്ലെന്നു സാരം. അതെല്ലാം പൊടി (ധൂളി) കൊണ്ടാണത്രെ. (മാദ്ര രാജ്യത്തിലെ വൃത്തികേടു് വ്യംഗ്യം) മഹിഷി=ഭാൎയ്യ. ക

മകൻ മരുമകൻ മകളും മാതാവും
മഹിഷിയും ജനകനും കനിഷ്ഠനും
ഒരുമിച്ചു കളിച്ചിരുന്നു മദ്യവും
പരുകിത്താളവും പിടിച്ചു പാടിയും,
മദംകൊണ്ടു വീണു മതിമറന്നുടൻ
തകൻ്റു തങ്ങളിൽ പകൻ്റു ഭോഗിച്ചും
മരുവീടും ജനം തവ രാജ്യത്തിങ്കൽ
പെരികെ നന്നല്ലോ പുനരിവയെല്ലാം."

"മനസ്സിൽ തോന്നിയതിനിയും ചൊൽകിലും
നിനക്കു നല്ലതു പറയുന്നതുണ്ടു ഞാൻ.
ജളമതേ! കൎണ്ണ! പുനരിതു കേൾ നീ
കളിയല്ല പണ്ടു നിനക്കു തുല്യനാ-
യൊരു പെരുംകാകനുളവായാനവൻ-
ചരിതങ്ങളെയുമറിയുന്നീലെ നീ?
ദിനന്തോറമെച്ചിൽ കൊടുത്തൊരു വൈശ്യ-
തനയന്മാരായ കുമാരന്മാർ മുന്നം
വളർത്താരെന്നതു നിമിത്തമായ് കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ
മദത്തൊടു ചെന്നു വിളിച്ചിതാഴിയെ-
ക്കടക്കണം പറന്നിനി നാമെല്ലാരും.
വെളുത്ത മേനിയും ഞെളിവും മേന്മയു-
മിളച്ചു മുമ്പെനിക്കയയ്ക്കയും വേണം.

---

നിഷ്ഠൻ=അനുജൻ. മദ്യവും പരുകി=കള്ളും കുടിച്ച്. മദം=അഹങ്കാരം. ജളമതി=വിഡ്ഢി. പുനരിതു=പുനഃ + ഇതു്. പുനഃ=പിന്നെയും. പെരുംകാകൻ=വലിയ കാക്ക. ആഴി=കടൽ. മേനി=ദേഹം. ഞെളിവ്=അഹങ്കാരം. വെളുത്ത....വേണം=വെളുത്ത ദേഹവും ഡംഭും, മേന്മയും വലിയ കാൎയ്യമായിട്ടെടുക്കാതെ മുൻപന്തിയിൽ എനിക്കു സ്ഥാനമനുവദിക്കണം. അന്നം=

അതുകേട്ടുള്ളിൽ കൌതുകത്തോടന്നവു-
മുദധിതന്മീതേ പറന്നിതു മെല്ലെ.
അതിലും മേൽഭാഗത്തതിലും വേഗത്തി-
ലതിമോദത്തൊടു പറന്നു കാകനും.
തെളിഞ്ഞു വായസഗണവുമന്നേരം
തളൎന്നു കാകനും ചിറകു മന്ദിച്ചു
കുഴഞ്ഞു വെള്ളത്തിൽ പിടഞ്ഞു വീണുടൻ
കഴിഞ്ഞു കാകൻതന്നഹങ്കാരമെല്ലാം.
വിധിബലമയ്യോ മരിച്ചാനപ്പോലെ
വിധിവിഹിതം കേൾ നിനക്കുമാകുന്നു.
വിളിച്ചരികെ വച്ചുരുളയും തന്നു
വളൎത്തു നിന്നെയുമിഹ സുയോധനൻ.
അഭിമാനിക്കുന്നതതുകൊണ്ടല്ലയോ?
കുപിതനാകൊല്ലാ പരമാൎത്ഥം ചൊന്നാൽ.

"പറഞ്ഞതു പോരും പരിഭവിപ്പിപ്പാ-
നറിഞ്ഞിരിക്കുന്നു സകലവും ഞാൻ താൻ.
മരിപ്പനെന്നുമേ ജയിച്ചുകൂടായ്കി-
ലൊരിക്കലും ഭയം പുറത്തു കാട്ടാമോ?
തെളിഞ്ഞു ചമ്മട്ടിയെടുത്താലും തേരു
തെളിച്ചാലു"മെന്നു പറഞ്ഞു കൎണ്ണനും.
മധുദ്വേഷി രഥം നടത്തീടും വണ്ണം
മദിച്ചു മാദ്രേശൻ നടത്തിനാൻ തേരും.

---

അരയന്നം. ഉദധി=കടൽ. മോദം=സന്തോഷം. വായസം=കാക്ക. മന്ദിക്ക=ക്ഷീണിക്ക. വിധിബലം=തലയിലെഴുത്തിന്റെ ശക്തി. വിധിവിഹിതം=ദൈവകല്പിതം. കുപിതൻ=കോപിച്ചവൻ. മരിപ്പൻ=ഞാൻ മരിച്ചുകൊള്ളാം. തെളിഞ്ഞു്=സന്തോഷിച്ചു്.

## കണ്ണന്റെ യുദ്ധം

കുടകളാലവട്ടവും വെഞ്ചാമരം
കൊടി കൊടിക്കൂറ തഴ വിരുതുകൾ
ചെകിടടയുംമാറലറം വാദ്യങ്ങൾ
ജയജയശബ്ദം ചെറഞ്ഞാണൊച്ചയും
കളിച്ചു തന്നത്താൻ മറന്നു കൌരവർ
പുളച്ചഹങ്കരിച്ചടൽക്കളം പുക്കാർ.
വിളങ്ങുന്നു മുഖനളിനങ്ങളെല്ലാ-
മിളകുന്നു തെളിക്കടഞ്ഞ ചക്രങ്ങൾ.
കരിമുകിലൊത്ത കരിവരന്മാരും
കരതാരിൽ വില്ലും ശരവും കൈക്കൊണ്ടു
നരവരന്മാരും തുരഗപംക്തിയു-
മുരുജവം പൂണ്ട രഥകദംബവും
മരണഭീതിയെ വെടിഞ്ഞ കാലാളും
മറവലരുടെ നികടം പ്രാപിച്ചാർ.

വിളിച്ചിതു സംശപ്തകന്മാരന്നേരം
വിജയനെപ്പോരിനെതിർതരികെന്നു

മധുദ്വേഷി=കൃഷ്ണൻ. അടല്ക്കളം=പോർക്കളം. മുഖനളിനങ്ങൾ=താമരപ്പൂപോലെ ഭംഗിയുള്ള മുഖങ്ങൾ. തെളിക്കടഞ്ഞ=തേച്ചു മിനുക്കി ഭംഗിയാക്കിയ. കരിമുകിൽ=കാർമേഘം. കരിവരന്മാർ=വലിയ കൊമ്പനാനകൾ. നരവരന്മാർ=രാജാക്കന്മാർ. തുരഗപംക്തി=കുതിരക്കൂട്ടം. ഉരുജവം=വർദ്ധിച്ച വേഗം. [മരുദരം എന്നും പാഠം കാണുന്നുണ്ടു്. അങ്ങനെയായാൽ (മരുൽ + അരം) 'വായുവേഗം' എന്നർത്ഥം പറയണം] കദംബം=കൂട്ടം. മറവലർ=എതിരാളികൾ. നികടം=സമീപം. സംശപ്തകന്മാർ=യുദ്ധത്തിൽ പിന്തിരിയുകയില്ലെന്നു സത്യം ചെയ്തിട്ടുള്ളവരും മററു ഭടന്മാർ ഓടിപ്പോകാതെ കാത്തുകൊള്ളാൻ നിയുക്തരുമായ ഭടന്മാർ. (അങ്ങനെ സത്യം ചെയ്തു് കൌരവപക്ഷത്തുചേർന്ന രാജാക്കന്മാർ)

നടിച്ചവർകളോടെതിർത്തു പാർത്ഥനും
പടുതരമോടവരകലത്താക്കിനാർ.
പ്ലവഗപാളിയോടടുത്തു രാവണി
പെരുംശരമാരി ചൊരിഞ്ഞതുപോലെ
ഭുവനൈകധനുർദ്ധരനാമംഗേശൻ
പുനരടുത്തെയ്തെയ്തിളക്കിനാൻ പട.
തിരിച്ചു പാണ്ഡവരതുനേരമേറെ
മരിച്ചു പാഞ്ചാലനൃപനുടെ ബലം.
അപജയം വന്നതറിഞ്ഞു ധർമ്മജ-
നവനിനായകൻ പെരുംതേരേറിനാൻ.
അവിടെക്കർണ്ണനും യുധിഷ്ഠിരൻതാനു-
മവനി ചാഞ്ചാട്ടംപരിചു പോർചെയ്താർ.
മുറിഞ്ഞിടരൊടേ തിരിച്ചു ധർമ്മജൻ
പറഞ്ഞു കർണ്ണനുമവനൊടന്നേരം.

"ഉഴറിപ്പോകാതെ തിരിഞ്ഞു നില്ല നീ-
ല്ലുഴകോ ഭൂപതിവരന്മാർക്കോട്ടക?
നൃപധർമ്മമൊന്നുമറിയുന്നീലയോ?
നൃപശിഖാമണേ! മരിക്കിലും നന്നു
മതിമതിയെങ്കിൽ നടന്നാലുമെടോ,
മതിമാനായ നീ മരിച്ചുപോകേണ്ട.

---

എതിർതരിക=എതിരിട്ടുനില്ക്കുക. പ്ലവഗപാളി=വാനരസമൂഹം. രാവണി=ഇന്ദ്രജിത്തു്. ഭുവനൈക ധനുർദ്ധരൻ=ലോകത്തിലേക്കും വെച്ചും വലിയ വില്ലാളി. അംഗേശൻ=അംഗരാജ്യത്തിലെ രാജാവു്, കർണ്ണൻ. ബലം=സൈന്യം. അപജയം=തോൽവി. പെരുംതേരു്=വലിയ തേരു്. അവനി ചാഞ്ചാട്ടം പരിചു്=ഭൂമി കുലുങ്ങത്തക്കവിധം. മുറിഞ്ഞു്=മുറിപററി. ഇടർ=ദുഃഖം ഉഴറുക=പ

പൃഥിവി പാലിപ്പാനിരിക്ക നല്ല നീ
പൃഥിവിനാഥ ധർമ്മജ പൃഥാത്മജ!
വൃഥാ കുലധർമ്മപ്രധനം ചെയ്യായ്ക
തടുത്തുകൂടുമോ മമ ശരങ്ങളേ?
വ്രതയാഗാദികളനുഷ്ഠിച്ചുകൊൾക,
പിതൃപതിക്കേററം പ്രിയനെന്നാകിലും
മൃതിവരുമെന്നോടടുത്തു പോർ ചെയ്കിൽ;
പടയ്ക്കു ഭാവിച്ചു പുറപ്പെടായ്കെടോ.
പഠിച്ചുകൊൾക പലവും ശാസ്ത്രങ്ങൾ;
മിടുക്കുള്ളർജ്ജുനനണയത്തില്ലയോ?
ഇനി ഞാനെയ്കയില്ലതു പേടിക്കേണ്ട
എനിക്കു നിന്നെക്കൊന്നൊരു ഫലമില്ല.
പതുക്കെപ്പോയാലും ഭയപ്പെടായ്ക"യെ-
ന്നധിക്ഷേപിച്ചംഗനരപതി ചൊന്നാൻ.
കടന്നു കൈനിലയകം പുക്കു മന്നൻ
നടന്നു ഭീമനുമടൽക്കളം പുക്കാൻ.

ഗദയുമായ് ദണ്ഡധരനെപ്പോലെ ചെ-
ന്നെതിരിട്ടോർകളെയൊടുക്കിനാൻ ഭീമൻ.
കുരക്കരചരുമരക്കരും മുന്നം
തിരക്കി പോർചെയ്കകണക്കെയന്നേരം

---

രിഭ്രമിക്കുക. നൃപധർമ്മം=ക്ഷത്രിയ ധർമ്മം. നൃപശിഖാമണി=രാജശ്രേഷ്ഠൻ. പൃഥാത്മജൻ=പൃഥ (കുന്തി) യുടെ പുത്രൻ. കുലധർമ്മപ്രധനം=കുലധർമ്മമായ പ്രധനം (യുദ്ധം). യുദ്ധം ക്ഷത്രിയന്മാരുടെ കുലധർമ്മമാണല്ലോ. പിതൃപതി=യമൻ. അണയത്തു്=അരികിൽ. (കണ്ണന്റെ വാക്കുകളിലെ ഔദ്ധത്യവും പരിഹാസവും ശ്രദ്ധിക്കുക.) കൈനില=പാളയം. കുരക്കരചൻ=കുരങ്ങന്മാരുടെ രാജാവു്, സുഗ്രീവൻ. അരക്കർ=രാക്ഷസർ. ഉരത്തവൻ

പരക്കെ നിന്നവർ നിരക്കെ വീഴുന്നു
മരിക്കുന്നു ചിലർ തിരിഞ്ഞു മുൽപുക്കു
തിരിക്കുന്നു ചിലരിരിക്കുന്നു ചിലർ
ചിരിക്കുന്നു ശരം തിരിക്കുന്നു ചിലർ.
ഉത്തര വൻപിനോടടുക്കുമക്കർജ്ജൻ
കരത്തിലേ വില്ലും ജ്വലിപ്പിച്ചുകൊണ്ടു
പൊഴിക്കുന്നു ബാണമതുകണ്ടു ഭീമ-
നുഴററിനോടു കൂടടുത്താനന്നേരം.
തെരുതെരെ ചില ശരനിരകളെ
പെരുമഴപോലെ ചൊരിഞ്ഞു മാരുതി
വിഷണ്ണനായ് നിന്നു വികർത്തനാത്മജ-
നുഴന്നതു കണ്ടു പറഞ്ഞു ശല്യരും.
'വിജയനോടു പോർകരുതി വന്നൊരു
വിരുതൻ വില്ലാളിവരനല്ലേയിപ്പോൾ
പരിഭ്രമത്തൊടു വയററിൽ കൈവച്ചു
പരക്കെ നോക്കുന്നതെവിടേക്കു പോവാൻ?
മരിക്കിലും നന്നു ജയിക്കിലും നന്നു
ശരപ്രയോഗം ചെയ്യതുപോലെ നീയും.'
അണഞ്ഞു തേ ഭീമൻ പറഞ്ഞുനിൽക്കവേ
പിണങ്ങിനില്പവർകുലമൊടുക്കുവോൻ.
രവിതനയനുമനിലപുത്രനും
ചെവി കഴിയവേ വലിച്ചു ബാണങ്ങൾ

---

പു°=അനല്പമായ അഹങ്കാരം. അക്കർജ്ജൻ=കർണ്ണൻ. വികർത്തനാത്മജൻ=സൂര്യപുത്രൻ. ഉഴന്നതുകണ്ടു°=വിഷമിക്കുന്നതു കണ്ടിട്ടു°. വിജയൻ=അർജ്ജുനൻ. പോർകരുതിവന്ന=യുദ്ധം ചെയ്യാനായി വന്ന. പിണങ്ങി നില്പവർ=ശത്രുക്കൾ. അനിലപുത്രൻ=ഭീമസേനൻ. ചെവികഴിയവേവലിച്ചു°=വളരെ ശക്തിയായി വ

വരിഷിക്കുംനേരം തളൎന്നു കൎണ്ണനും
വിരവിൽ വീണിതു മറിഞ്ഞു തേരതിൽ
ഇടരൊടു മോഹം കലൎന്നു കൎണ്ണനും;
മിടമതയൊടങ്ങെടുത്തു ഭീമനും;

മദിച്ചൊരാനതൻ പെരുത്ത മസ്തകം
പിളൎപ്പാൻ കേസരിയടുക്കുന്നപോലെ
കുതിച്ചു തേരതിൽ കരയേറി ഭീമൻ
'അധിക്ഷേപിച്ചേറെപ്പറയും നാവിപ്പോൾ
അറപ്പ്'നെന്നുടനെടുത്തു കത്തിയു-
മടുത്തു ശല്യരും പിടിച്ചിതു കരം
'മുടിക്കൊല്ലാ ഭീമ! മുടിക്കൊല്ലാ പാൎത്ഥൻ
മുടിഞ്ഞുപോമിതു ഝടിതി നീ ചെയ്കിൽ.
അടങ്ങടങ്ങെ'ന്നു പറഞ്ഞു മാദ്രേശൻ
കുതിച്ചു തൻ തേരിൽ പകൎന്നു ഭീമനും.

എതിൎത്തു ഗാന്ധാരിതനയന്മാരപ്പോൾ
മറുത്തവരിലൊരിരുപതുപേരെ
വികൎത്തനാത്മജൻ പുരത്തിനു വിട്ടാൻ;
വികൎത്തനാത്മജനുണൎന്നാനന്നേരം.
നികൃത്തദേഹനായ് പ്രവൃദ്ധകോപേന
കരുത്ത ഭാവമോടെടുത്തു ചാപവും

---

ലിച്ചു്. വരിഷിക്ക=വൎഷിക്ക, ചൊരിയുക. ഇടർ=ദുഃഖം. മോഹം കലൎന്നു്=മോഹാലസ്യപ്പെട്ടു്. മിടമത=മിടുക്കു്. (മിടമൻ=സമൎത്ഥൻ) കേസരി=സിംഹം. ഝടിതി=വേഗത്തിൽ. ഗാന്ധാരിതനയന്മാർ=കൗരവർ. വികൎത്തനാത്മജൻപുരം=യമപുരി. വികൎത്തനാത്മജൻ=വികൎത്തന (സൂൎയ്യ) ന്റെ ആത്മജൻ (പുത്രൻ) കൎണ്ണൻ. (കാലനും കൎണ്ണനും സൂൎയ്യന്റെ പുത്രന്മാരത്രെ.) ഉണൎന്നാൻ=മോഹാലസ്യം വിട്ടു് എഴുന്നേറ്റു. നികൃത്തം=പിളൎക്കപ്പെട്ടതു്.

മുറിച്ചു തേരതും തകർത്താനംഗേശ-
നെടുത്തു തന്നുടെ ഗദ വൃകോദരൻ.
പൊടിച്ചാനാന തേർ കുതിരകളെയു-
മിളക്കിനാൻ കുലമലകളേയെല്ലാം.

കുലുക്കിനാനൂഴി കലക്കിനാനാഴി
മലയ്ക്കുന്നു ചത്തു മറുതലയെല്ലാം.
ഒലിക്കുന്നു ചോരപ്പുര പലവഴി
ചലിക്കുന്നു ചിത്തമെതിർപ്പവൎക്കെല്ലാം.
കുലയ്ക്കുന്നു ചാപം മുറിക്കുന്നു പുന-
രിരിക്കുന്നു പല വിമാനനാരിമാർ.
ഇറക്കുന്നു തണ്ണീർ മിഴിക്കുന്നു കണ്ണും
മറക്കുന്നു ചിത്തം കലഹിക്കുന്നേരം
മരിക്കുന്നു തെരുതെരെ നൃപതികൾ
തറയ്ക്കുന്നു ബാണം പറിക്കുന്നു ചിലർ.

ഇരിക്കുന്നു ചിലരെടുത്തുകൊള്ളുവാ-
നിരിക്കുന്നു ചിലർ മുടിഞ്ഞീടരൊട്ടും.
പരക്കുന്ന പടയൊഴിഞ്ഞുപോകായ്വാൻ
ഭരിക്കുന്നു ചിലർ കുലുക്കമെന്നിയേ
തെളുതെളെത്തെളിക്കടഞ്ഞ ചക്രങ്ങൾ
ഗളങ്ങളൂടെപോയ് നടക്കുന്നു നീളെ.

---

വൃകോദരൻ=ഭീമസേനൻ. കുലമലകൾ=കുലപൎവ്വതങ്ങൾ (മഹേന്ദ്രൻ, മലയൻ, സഹ്യൻ, ശുക്തിമാൻ, ഋക്ഷം, വിന്ധ്യൻ, പാരിയാത്രം എന്നിവയാണ് ഏഴു കുലപൎവ്വതങ്ങൾ.) മറുതല=ശത്രുപക്ഷം. വിമാനനാരിമാർ=ദേവസ്ത്രീകൾ. (യുദ്ധത്തിൽ മരിച്ച വീരന്മാരെ മാലയിട്ടുവരിക്കാനായി വന്നിട്ടുള്ളവരാണിവർ) തെളിക്കടഞ്ഞ=തേച്ചുമിനുക്കി ഭംഗിയാക്കിയ. ഗളങ്ങളൂടെപോയ്=കഴുത്തുമുറിച്ച് അപ്പുറം കടന്ന്.

ശിവ! ശിവ! ശിവ! ശരങ്ങൾ തന്നാലെ-
യവനിയും ഗഗനവും മറയുന്നു.
ദിനകരസുതപ്രമുഖന്മാരുമ-
ങ്ങനിലനന്ദനപ്രമുഖന്മാരുമായ്
പിരിയാതെനിന്നങ്ങിടകലർന്നേറെ-
പ്പരിഭവത്തോടു കലഹിക്കുന്നേരം,
വിജയനും സംശപ്തകന്മാരും തമ്മിൽ
വിജയം ഞങ്ങൾക്കു വിജയം ഞങ്ങൾക്കെ-
ന്നൊരുപോലേ നിന്നു കലഹിക്കുന്നേരം,
ഖരരാഘവരസമരതുല്യമായ്
ശരങ്ങൾ തൂകിനാനതുനേരം പാൎത്ഥൻ.
അടുത്തൊരു സംശപ്തകന്മാരെയെല്ലാ-
മൊടുക്കിനാൻ ബാണഗണത്താലൎജ്ജുനൻ.
മരിച്ചിതു മാത്സ്യൻ ഗുരുതനയനാൽ
മറുത്തു ധൃഷ്ടദ്യുമ്നനതുനേരം
അടുത്തശ്വത്ഥാമാ കൊടുത്താനമ്പുകൊ-
ണ്ടുടൽക്കുളമെല്ലാം കലക്കിനാൻ ദ്രൌണി.
പൊടിച്ചാൻ പാഞ്ചാലനുടെ രഥമെല്ലാം;
പടുത്വവും കുറഞ്ഞൊഴിച്ചു പാഞ്ചാലൻ.
ഗുരുസുതൻ കൊല്ലുമവനെയെന്നോൎത്തു
പുരന്ദരാത്മജനവിടേയ്ക്കെത്തിനാൻ.

---

ദിനകര....പ്രമുഖന്മാർ=ദിനകര (സൂൎയ്യ)ന്റെ സുതൻ (കൎണ്ണൻ) മുതലായവർ. അനിലനന്ദനൻ=ഭീമസേനൻ. പരിഭവം=നിന്ദ, നിസ്സാരഭാവം. ഖരരാഘവസമരം=ഖരനും രാമനും തമ്മിലുള്ള യുദ്ധം. മാത്സ്യൻ=മത്സ്യരാജ്യത്തിലെ രാജാവു്. ഗുരുതനയൻ=അശ്വത്ഥാമാവ്. ദ്രൌണി=ദ്രോണപുത്രൻ.

ധനഞ്ജയനും ഭീമനും പാഞ്ചാലനും
മനംതെളിഞ്ഞൊത്തു പൊരുതാനന്നേരം.
അസംഖ്യം വൈരികൾ മരണം പ്രാപിച്ചാർ
മദം കലർന്നുള്ള കരിവരന്മാരും.

ധർമ്മപുത്രരും അർജ്ജുനനും

വിജയൻ ഭീമനോടുടനെ ചൊല്ലിനാൻ
'വിജയമാർക്കായിതിവിടെ നിങ്ങളിൽ?
യുധിഷ്ഠിരനെങ്ങു കനിഷ്ഠന്മാരെങ്ങു?
വിശിഷ്ടന്മാരായ തനയന്മാരെങ്ങു?
വരിഷ്ഠനായ സത്യകസുതനെങ്ങു?
കരുത്തനാം കർണ്ണൻ പിണച്ചതെന്തെല്ലാം?'
'നൃപനും കർണ്ണനും പൊരുതു തങ്ങളി-
ലപജയപ്പെട്ടു മുറിവു പാരമാ-
യടച്ചു കൈനിലയകത്തു ഭൂപതി
കിടക്കുന്നു, നീ ചെന്നറികവസ്ഥകൾ'.
അതുകേട്ടർജ്ജുനനതിശോകത്തോടു-
മധിരണമപഹസിക്കപ്പെട്ടാനോ
നരവര,നതിൻ പരമാർത്ഥമറി-
ഞ്ഞരികളോടു പോരിനി'യെന്നാൻ പാർത്ഥൻ.

---

കനിഷ്ഠന്മാർ=സഹോദരന്മാർ. വരിഷ്ഠൻ=ഏററവും ശ്രേഷ്ഠൻ. (വരൻ, വരീയാൻ, വരിഷ്ഠൻ എന്നിങ്ങനെയാണ് 'വര' ശബ്ദത്തിന്റെ മൂന്നു Degree കൾ) സത്യകസുതൻ=സാത്യകി. നൃപൻ=രാജാവ്, ധർമ്മപുത്രർ. അപജയപ്പെട്ട് = തോററ്. കൈനില=പാളയം. (പാളയത്തിൽ ചെന്ന്, അപമാനഭാരം കൊണ്ട് വാതിലുമടച്ച് കിടക്കുകയാണെന്നർത്ഥം.) അധിരണം =യുദ്ധത്തിൽ. (അവ്യയീഭാവസമാസം) അപസഹിക്കപ്പെടുക= പരിഹസിക്കപ്പെടുക, ആക്ഷേപിക്കപ്പെടുക. നരവരൻ=രാജാവ്, ധർമ്മപുത്രൻ.

ഉടനെ മാധവൻതിരുവടിയുമാ-
യുടൻ വിയത്തേറെപ്പരവശനായി
നരവരൻതന്നെ നമസ്കരിച്ചിതു
നരനും ഭക്തിപൂണ്ടു,തു കണ്ടു ഭൂപൻ
വരിക നല്ലതു നിനക്കെന്നാശിയു-
മരുളിച്ചെയ്തു പിന്നെയുമതുനേരം
“പെരികെ നന്നായി രവിതനയനെ
പൊരുതു കൊന്നതു, തെളിഞ്ഞിതു പാരം;
അധിക്ഷേപിച്ചെയ്തു മുറിച്ചു കൊല്ലാതെ-
യയച്ചാനെന്നെയു,മതുമൂലമിപ്പോൾ
വശക്കേടുണ്ടായി,തവനെക്കൊൽകയാൽ
വശക്കേടും മമ ശമിപ്പിച്ചായൊ നീ?”

പരുഷമായ് നൃപനിതു പറഞ്ഞപ്പോൾ
പുരുഹൂതാത്മജനുണർത്തിച്ചീടിനാൻ.
“വധിച്ചതില്ല കർണ്ണനെ,യിതെന്നാലേ
വഹിക്കുമോയെന്നതറിഞ്ഞതുമില്ല;
ഹരി ചരാചരഗുരു മുരരിപു-
വരുളുന്നാകിലോ വധിപ്പൻ കർണ്ണനെ;
അടുത്തൊരു സംശപ്തകന്മാരെയെല്ലാ-
മൊടുക്കിനേനവനനുഗ്രഹത്തിനാൽ;

---

ആശി=ആശിസ്സ്; അനുഗ്രഹം. വശക്കേട്=പാരവശ്യം; മാനഹാനി. (ധർമ്മപുത്രൻ മുള്ളവാക്കു പറയുന്നതാണിതു്. “എന്നെ ആക്ഷേപിച്ച കർണ്ണനെ കൊന്നു് നീ എന്റെ അപമാനം നീക്കിയതു വളരെ നന്നായി” എന്നു വ്യാജസ്തുതിരൂപത്തിൽ ധർമ്മപുത്രൻ അർജ്ജുനനോടു പറയുന്നു.) പുരുഹൂതൻ=ഇന്ദ്രൻ. ഇതു് എന്നാലേ വഹിക്കുമോ=കർണ്ണനെ കൊല്ലാൻ എന്നെക്കൊണ്ടു

അതുകൊണ്ടംഗേശനൊട്ട പൊരുതതി-
ല്ലടിയനെന്നതു ധരിച്ചീടേണമേ!
അവസ്ഥകഠം കേട്ട പരിഭ്രമിച്ചു ഞാ-
നടിത്താർ ക്രപ്പവാൻ വിടകൊണ്ടീടിനേൻ."
"അറിഞ്ഞിതു, മതി പറഞ്ഞതില്ലെ ഞാൻ?
ജയം വരാ യുദ്ധം തുടങ്ങിയാലെന്നു
നയം പറഞ്ഞതു തെളിഞ്ഞീലന്നാക്കും;
അപജയമിപ്പോഠം വരുന്നു മേല്ക്കുമേ-
ലപനയമായിച്ചമഞ്ഞു യുദ്ധവും.
പിഴച്ചിതു നിരൂപണം പോരായ്കയാ,-
ലൊഴിച്ചു പോവാനും കഴിവു കാണ്മീല.
നരനാരായണപുരുഷന്മാർ നിങ്ങഠം-
ക്കരുതാതെ വന്നു കുരുവീരന്മാരോ-
ടതിബലവാനായിരുന്ന ഭീമനു-
മതിചപലനാകിയ ഞാനും തോററു.
അടിമയായ് സുയോധനനുടെ കാൽക്കൽ
പൊടിയുമേററു പോയ്ക്കിടക്കെന്നും വന്നു.
അതു ചെയ്യുന്നീല വനവാസം ചെയ്തു
ഗതി വരുത്തുവനതു നല്ലൂ ന്യനം.
ഒരുനാളുമൊരു സുഖമെനിക്കില്ല
വരുന്നതൊക്കെയും വളൻ ദുഃഖങ്ങഠം.
ശതമഖൻ തൻെറ മകനായ് നീ പണ്ടു
ശതശൃംഗോപരി പിറന്നതുനേരം

---

സാധിക്കുമോ? അവസ്ഥകഠം=ഇവിടെ നടന്ന കാര്യങ്ങഠം. അ
ടിത്താർ=ചരണകമലങ്ങഠം. അപജയം=തോൽവി. അപനയം=
ആലോചനക്കറവു്. നിരൂപണം=ഗുണദോഷചിന്ത. ശതമഖൻ=
ഇന്ദ്രൻ. ശതശൃംഗോപരി=ശതശൃംഗപവ്വതത്തിൻെറ മുകളിൽ.

ജഗദേകവീരനിവനെന്നുണ്ടായി-
തശരീരിവാക്കുമതുസത്യമായ്.
അരികളെയൊക്കെയൊട്ടുക്കിക്കൊള്ളുവാ-
നൊരു കഴിവുണ്ടെന്നെനിക്കുള്ളിൽ തോന്നി.
വസുമതീനാഥൻ പരൻ നാരായണൻ
വസുദേവാത്മജനസുരനാശനൻ
അവനുടെ കയ്യിൽ കൊടുക്ക ഗാണ്ഡീവ-
മവനതുകൊണ്ടു ജയിക്കും നിൎണ്ണയം."
കരത്തിൽ വാളുമായടുത്തിതൎജ്ജുനൻ
കഴുത്തറപ്പനായതു കണ്ടപ്പൊഴേ
മുരദ്വേഷി ഹരി മുകുന്ദൻ ഗോവിന്ദൻ
മുതിൎന്ന ഫൽഗുനൻകരത്തേയും വാളും
അടക്കി മെല്ലവേ പിടിച്ചുരുൾചെയ്തു:-
'അടങ്ങടങ്ങു നല്ലവസരമിപ്പോൾ!

---

(അവിടെവെച്ചാണ് കുന്തി ഇന്ദ്രനെ തപസ്സുകൊണ്ടു പ്രത്യക്ഷപ്പെടുത്തിയതു്.) അരിക........തോന്നി=ശത്രുക്കളെ മുഴവൻ സംഹരിക്കുന്നതിന്നു് ഒരു മാൎഗ്ഗം ഞാൻ കാണുന്നുണ്ടു്. വസുമതീനാഥൻ= ലോകനാഥൻ. (ഗാണ്ഡീവത്തെ അപമാനിക്കത്തക്ക വാക്കു് ആരു പറയുന്നുവോ അവനെ താൻ സംഹരിക്കുമെന്നു് അൎജ്ജുനൻ സത്യം ചെയ്തിരുന്നു: അന്യന്നു നല്കു ഗാണ്ഡീവമെന്നെന്നോടാരു ചൊൽവതോ, അവൻെറ തല വെട്ടും ഞാനെന്നല്ലോ ദൃഢമാം വ്രതം" എന്ന മൂലശ്ലോകം ഇവിടെ അനുസ്മരണാൎഹമാണ്. അൎജ്ജുനൻെറ ഈ സത്യത്തെപ്പററി ധൎമ്മപുത്രക്കു് അറിവില്ലായിരുന്നിരിക്കണം. അതുകൊണ്ടാണു് കോപതാപാദികൾക്കു വശംവദനായ അദ്ദേഹം അങ്ങനെ പറഞ്ഞുപോകാനിടയായതു്.) മുരദ്വേഷി=മുരൻ എന്ന അസുരൻെറ ശത്രു. ഫൽഗുനൻകരം=അർ

ഒരു രവിസുതനൊഴിഞ്ഞു മററുള്ളോ-
രൊട്ടങ്ങി വൈരികളറിഞ്ഞാലുമെടോ.
അരചർകൾകുലമുടിമണിവധ-
മരുതരുതൊഴികൊഴികൊഴികെ’ന്നാൻ.
‘മറക്കാമോ സത്യമൊരിക്കലും, നൃപൻ-
മരിച്ചീടുന്നതു പൊറുക്കെന്നേ വരൂ.
പറയാമോ മമ മുഖത്തു നോക്കീട്ടു
പരനുടെ കയ്യിൽ കൊടുക്കെന്നായുധം?
പഴിവാക്കു കേട്ടു പൊറുത്തുകൂടുമോ?
പഴകിയ സത്യം മറക്കയുമാമോ?
കഴത്തിലെൻെറ വാൾ നടത്തിയിപ്പോഴേ
കഴിപ്പനില്ല കില്ലതി’നെന്നർജ്ജുനൻ.
മുതിൎന്നു മുൽപുക്കു നടന്നിതു കൃഷ്ണൻ
തിരുവടിതന്നെ,യതു കണ്ടു ദേവൻ
‘ഗുരുവധത്തിനു നരകമെന്നിയി-
ല്ലൊരു ഫല’മെന്നു പറഞ്ഞതിന്നേരം.
നടേ പറഞ്ഞതിൻ വിപരീതം തന്നെ-
യുടമയോടേറെപ്പറഞ്ഞു കൃഷ്ണനും.

---

ജ്ജുനൻെറ കൈ. അരചർ........വധം=രാജവംശത്തിൽ അത്യുത്തമനായ ധർമ്മപുത്രരുടെ കൊല. ഇപ്പൊഴേ കഴിപ്പൻ=ഇപ്പോൾ തന്നെ കഥകഴിക്കും. ഇല്ല കില്ല്°=സംശയമില്ല. മുതിൎന്നു°=ഒരു മെട്ടു°. മുൽപുക്കു........വടിതന്നെ=ശ്രീകൃഷ്ണൻെറ മുമ്പിൽ കടന്നു നടന്നുതുടങ്ങി. നടേ പറഞ്ഞതിൽ വിപരീതം=ആദ്യം പറഞ്ഞതിനെതിരായിട്ടു°. [യുദ്ധാരംഭത്തിൽ, എതിർപക്ഷത്തു യുദ്ധസന്നദ്ധരായി നില്ക്കുന്ന ഭീഷ്മദ്രോണാദികളെ കണ്ടു°, ഗുരുവധത്തിൽനിന്നുണ്ടാകാവുന്ന മഹാപാപത്തെ ഭയന്ന അർജ്ജുനൻ വില്ലു താഴെവെച്ചഅവസരത്തിൽ, അത്തരത്തിലുള്ള വൈക്ലബ്യം

'കടക്കൊല്ലാ മമ വചന,മിന്നതു
കടക്കുന്നോരാരും ദുരിതവങ്കടൽ
കടക്കുന്നൊരല്ലെന്നറിഞ്ഞിരിക്കണം;
കടക്ക നീ രിപുസമുദ്രത്തെയിപ്പോൾ
അരുളിച്ചെയ്യളവമലനർജ്ജുനൻ
'അറികപ്പോകാ ധമ്മവുമധമ്മവും
ഗുരുവധം താനൊരസത്യംതാനിപ്പോൾ
വരുമതു രണ്ടുമിവിടെ വാരാതെ
വഴിയതിന്നൊരു കഴിവരുൾചെയ്ക
കമലാകാമുക! കരുണാവാരിധേ!"
കഴൽതൊഴുതവനിവണ്ണം ചൊന്നപ്പോൾ
കഴിവുണ്ടെന്നതുമരുൾചെയ്തു നാഥൻ
'ഗുരുവിനെ നീയെന്നൊരുമൊഴി ചൊന്നാൽ
ഗുരുവധം ചെയ്ത ഫലം വരുമെടോ.

---

ക്ഷത്രോചിതമല്ലെന്നും, രാജാക്കന്മാർ ധമ്മത്തിനുവേണ്ടി യുദ്ധം ചെയ്യാതിരുന്നാൽ നരകമനുഭവിക്കേണ്ടിവരുമെന്നും, ശത്രുക്കളെ സംബന്ധിച്ചിടത്തോളം ഗുരുക്കന്മാരെന്നോ കാരണവന്മാരെന്നോ നോക്കാനില്ലെന്നും, ഉപദേശിച്ചിട്ടാണു് ശ്രീകൃഷ്ണൻ അർജ്ജുനനെക്കൊണ്ടു് യുദ്ധം ചെയ്യിച്ചതു്. (ഭഗവൽഗീത നോക്കുക) ഇപ്പോഴാകട്ടെ, ഗുരുവധം നരകഹേതുവാണെന്നു ശ്രീകൃഷ്ണൻ പറയുന്നു. അതുകൊണ്ടാണു് 'നടേ പറഞ്ഞതിൻ വിപരീ'തമെന്നു പറഞ്ഞതു്.] കടക്കൊല്ലാ മമ വചനം=എന്റെ വാക്കു തള്ളിക്കളയരുതു്. കടക്കുന്നോ ............കടക്കുന്നോരല്ല=അങ്ങനെ ചെയ്യുന്നവർ ദുരിതവൻകടൽ കടക്കുകയില്ല. അറികപ്പോകാ ധമ്മവുമധമ്മവും=ധമ്മവും അധമ്മവും വ്യാവത്തിച്ചറിയുക അത്ര എളുപ്പമല്ല. വാരാതേ=വരാതേ. (പഴയ മലയാളത്തിൽ ഇത്തരം പ്രയോഗം സാധാരണമാണു്.) ഗുരു=ഗുരുനാഥൻ, അച്ഛൻ, ജ്യേഷ്ഠൻ എന്നു തുടങ്ങിയ പല അത്ഥങ്ങളും പറയാം. "നീയെന്നു പൂജ്യനെപ്പാത്ഥ! ചൊല്ക നീ ധമ്മപുത്രനെ; നീയെന്നു

വചസാ കർമ്മണാ മനസാ നിന്ദിച്ചാൽ
വധിപ്പതിനേക്കാൾ വലുതെടോ സഖേ!"
പരമപൂരുഷനരുൾചെയ്തനേരം
പറഞ്ഞു ഫൽഗുനനധിക്ഷേപവാക്യം
പരിഹാസത്തൊടു, "പണയം ചെയ്തു-
മറിയാതെ ചൂതു പൊരുതു നീയല്ലേ?
എതിർത്തു ഞങ്ങൾ വൈരികളെക്കൊല്ലുവാൻ
മുതിർന്നതു മുടക്കിയതും നീയല്ലേ?"
പരനുടെ കയ്യിൽ കൊടുക്ക വില്ലെന്നു
പരുഷം ചൊന്നതു വെറുതെ നീയല്ലേ?

പലവുരു നീയെന്നരചനെപ്പാർത്ഥൻ
പറഞ്ഞതുനേരം മനസി ചിന്തിച്ചാൻ,
'ഗുരുവിനെ നിന്ദിക്കരുതൊരിക്കലും
ഗുണം വരികയില്ലെനിക്കിനി'യെന്നു്
പരിതാപമുള്ളിൽ നിറഞ്ഞു പാർത്ഥനും
പരവശനായിച്ചമഞ്ഞാനന്നേരം.
'ഇരിക്കുന്നീല ഞാനവനിയിലിനി
മരിക്കുന്നേ'നെന്നു തുനിഞ്ഞു തന്നുടെ
കരത്തിലെ വാളൊന്നിളക്കി മെല്ലവേ
കഴുത്തറപ്പനായ് തുനിഞ്ഞതു നേരം,
സകലലോകൈകപതി നാരായണൻ
സഹസ്രലോചനതനയൻതൻ കരം

---

ചൊന്നാൽ നിഹതനാകുന്നു ഗുരു ഭാരത!" എന്നു മഹാഭാരതം മൂലം. വചസാ കർമ്മണാ മനസാ=വാക്കു കൊണ്ടോ പ്രവൃത്തികൊണ്ടോ മനസ്സുകൊണ്ടോ. പണയം ചെയ്തു=ചൂതുകളിയിൽ വാതുപറഞ്ഞു പണയപ്പെടുത്തുക. സഹസ്രലോചനതന

പിടിച്ചു 'നി,ല്ലരുതരുതെടോ സഖേ!
കടുപ്പം കാട്ടൊലാ കഴ'ിവുണ്ടാകുവൻ.
മരണവുമാത്മപ്രശംസയുമൊക്കും;
മഹിമാനം തവ പറക നീതന്നെ.'
പറഞ്ഞാനർജ്ജുനൻ നിജപരാക്രമം:-
"അറിഞ്ഞതാരെൻെറ കരബലമെല്ലാം?
മറുതലയിൽ പാതിയിലുമേറെ ഞാ-
നറുതി ചെയ്തതെന്നറിഞ്ഞിരിക്കണം.
അസംഖ്യം പോരാനത്തലവന്മാരെയു-
മശങ്കം തേരാളികളേയും വേഗത്തിൽ
കുതംകൊണ്ടു ചാടും കുതിരകളോടേ
കുതിരച്ചേവകരെയുമൊടുക്കിനേൻ.
മുടക്കി വാസവൻ ചൊരിഞ്ഞ വൻമഴ-
യടക്കി ഖാണ്ഡവം ദഹിപ്പിച്ചേനല്ലോ
വടക്കു ദിക്കൊക്കെജ്ജയിക്കയും ചെയ്തേ-
നടുത്ത ഗന്ധർവ്വവരന്മാരെ വെന്നേൻ.
നടിച്ചു വന്നൊരു യദുക്കളേ വെന്നു
മടുത്തുകുംമൊഴി സുഭദ്രയെ വേട്ടേൻ.

---

യൻ=സഹസ്രലോചന(ഇന്ദ്ര)ൻെറ മകൻ; അർജ്ജുനൻ. തവ മഹിമാനം=നിൻെറ മാഹാത്മ്യത്തെ; വലുപ്പത്തെ. കരബലം=കൈയ്യൂക്കു്. മറുതല=ശത്രുപക്ഷം. അറുതിചെയ്തു=കൊന്നൊടുക്കുക. പോരാനത്തലവന്മാർ=യുദ്ധത്തിനുപയോഗിക്കുന്ന വലിയ കൊമ്പനാനകൾ. അശങ്കം=സംശയംകൂടാതെ; നിഷ്പ്രയാസം. കുതംകൊണ്ടു ചാടും=കുതിച്ചോടുന്ന. കുതിരകളോടെ=കുതിരകളോടുകൂടി. കുതിരച്ചേവകർ=കുതിരപ്പടയാളികൾ. അടുത്ത ഗന്ധർവ്വവരന്മാരെ വെന്നേൻ=വഴക്കിനുവന്ന (ചിത്രസേനാദി) ഗന്ധർവ്വന്മാരെ ഞാൻ ജയിച്ചു (ഘോഷയാത്രയിലെ കഥയാണു് ഇവിടെ സൂചിപ്പിക്കുന്നതു്.) മടുത്തുകുംകൊഴി=മടു(തേൻ) വഷിക്കുന്ന മൊഴി

പടുത്വമോടെയ്തു മുറിച്ചു യന്ത്രവു-
മടുത്ത ഭൂപരെജ്ജയിക്കയും ചെയ്തു.
പടയ്ക്കു ഭാവിച്ച രിപുക്കളെ വെന്നു
പശുക്കളെ വിരാടനു നൽകീടിനേൻ.
പരമേശൻ പശുപതി ജഗല്പതി-
യൊരു കിരാതനായ് ചമഞ്ഞു വന്നെന്റെ
കരബലം കണ്ടു തെളിഞ്ഞിട്ടല്ലയോ
വരങ്ങളും പാശുപതവും നല്കി മേ?
ഒരുവരാരുള്ളതെനിക്കു തുല്യരായ്
പുരുഷന്മാ"രെന്നു പറഞ്ഞു ഫൽഗുനൻ.
'പുരുഷനല്ലെന്നു പറഞ്ഞു നീയെന്നെ.'
പരമപൂരുഷൻ പരമമായയിൽ
പരിചൊടു മൂടിതവരെ വിസ്മയം.
അതുനേരം കോപം കലർന്നു ധർമ്മജൻ
'അതിവീരൻ നീയെന്നറിഞ്ഞു ഞാനിപ്പോൾ.
വരിക കൊല്ലുവാൻ മടിക്കരുതേതും;
പുരുഷനാകിൽ നീ വധിക്കണമിപ്പോൾ.

---

യോടു കൂടിയവൾ, മധുരമൊഴി, സുന്ദരി. പടുത്വം=സാമർത്ഥ്യം. 'മുറിച്ചു യന്ത്രവും' എന്ന പ്രയോഗംകൊണ്ടു പാഞ്ചാലീസ്വയംവരമാണുദ്ദേശിക്കപ്പെടുന്നതു്. തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തിന്മേൽ സ്ഥാപിച്ച കൃത്രിമപ്പക്ഷിയുടെനേരേ അസ്ത്രം പ്രയോഗിച്ചു് അതിന്റെ കഴുത്തു മുറിക്ക എന്നതായിരുന്നു പാഞ്ചാലീസ്വയംവരത്തിനു ദ്രുപദൻ നിർദ്ദേശിച്ച സാമർത്ഥ്യപരീക്ഷ. (ഖാണ്ഡവദഹനം, ദിഗ്വിജയം, ഘോഷയാത്രയിലെ ഗന്ധർവ്വവിജയം, സുഭദ്രാഹരണം, പാഞ്ചാലീസ്വയംവരം, ഗോഗ്രഹണം, പാശുപതാസ്ത്രലബ്ധി (കിരാതം) എന്നീ കഥകളാണു് ഇവിടെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതു്.)

ഇനി നീയിന്നെന്നെക്കൊല ചെയ്യുീടായ്കി-
ലനുജൻതന്നാണെ പിണക്കമുണ്ടാകും."
'അറിയപ്പോകാത്ത ജളന്മാരെപ്പോലെ
പറയാതേ, കോപം കളഞ്ഞടങ്ങണം
അരചർകൾകുലപ്പെരുമാളേ, നീ'യെ-
ന്നരുളിച്ചെയ്തിതു മുകുന്ദനന്നേരം.

'ഇരുവൎക്കുമിരുവരും കൂടാതെക-
ണ്ടൊരു ബലമില്ലെന്നറിഞ്ഞിരിക്കണം.
ഇനതനയനെ വധിച്ചുകൊള്ളുവാ-
നിനിയനുഗ്രഹിച്ചയയ്ക്കനുജനെ.
പെരികെ വൈകരുതിനി'യെന്നു കൃഷ്ണൻ
തിരുവടി തെളിഞ്ഞരുളിച്ചെയ്തപ്പോൾ
തെരുതെരേ നൃപൻ മുറുകെപ്പുൽകിനാൻ
ത്രിദശനായകതനയനേയപ്പോൾ.
'വരിക നല്ലതു നിനക്കു മേല്ക്കുമേൽ
വരിക കർണ്ണനേ വധിച്ചു വൈകാതെ,
ഭുവനൈകധനുർദ്ധരനായ് വാഴ്ക നീ.
ഭുവി പല കാലം മമ സഹോദരാ!'
കനിഞ്ഞു ധർമ്മജനനുജൻ തന്നുടെ
ശിരസി ചുംബിച്ചങ്ങയച്ചാനന്നേരം.
ഹരി ചരാചരഗുരു മുരരിപു
ചരിതമായകളറിയരുതാൎക്കും.

---

ഇനതനയൻ=സൂര്യപുത്രൻ. ത്രിദശനായകൻ=ഇന്ദ്രൻ. ഭുവനൈകധനുർദ്ധരൻ=ലോകത്തിലെ ഏററവുംകേമനായ വില്ലാളി. ഭുവി=ഭൂമിയിൽ. ധർമ്മജൻ=ധർമ്മപുത്രൻ. ചരാചരഗുരു=ചരങ്ങളും അചരങ്ങളും ആയ എല്ലാററിൻേറയും ഗുരു.

### കൃഷ്ണൻെറ സമരപ്രേരണ

ഹരവിധിശതമഖമുഖസുര-
പതി രമാപതി ദയാനിധി വിഷ്ണു
വവിധാഭ്രപതിവരർ ചുഴന്നൊരു
വിബുധനാഥജരഥം കരേറിനാൻ.
നടന്നു വൻപട തുടന്നുടനുടൻ
തുടങ്ങി വാദ്യഘോഷവും ബഹുവിധം
നിറഞ്ഞു വാനവരുപരി സർവ്വരും,
മറഞ്ഞു ഭാനുബിംബവും പൊടിയാലെ.
പറഞ്ഞിതു കൃഷ്ണൻ വിജയനെ നോക്കി:-
"അറിഞ്ഞിതോ സുയോധനനൊരാശ്രയ-
മിവനൊഴിഞ്ഞൊരുമിനിയില്ലോക്ക നീ.
ഇവനല്ലോ മുന്നമധിക്ഷേപിച്ചതും,
മറഞ്ഞൊളിയമ്പെയ്തഭിമന്യുചാപം
മുറിച്ചവനെയും കൊല ചെയ്യിച്ചതും,
ഇവനല്ലോ ദുർഭാഷണങ്ങൾ ചെയ്തതും
പവനജൻതന്നെ പടയുടെ മദ്ധ്യേ;
ഇവനല്ലോ ധർമ്മാത്മജനെയെയ്തതും
ഇവനല്ലോ കൃഷ്ണാതുകിലഴിക്കെന്ന-
തവിനയത്താലേ പറഞ്ഞതും മുന്നം;

---

ഹര..................പതി=ശിവൻ, ബ്രഹ്മാവു്, ഇന്ദ്രൻ തുടങ്ങിയ ദേവന്മാക്കു നാഥനായുള്ളവൻ. വിബുധനാഥജരഥം=അജ്ജുനൻെറ തേരു്. ദുർഭാഷണങ്ങൾ ചെയ്ത=പഴിവാക്കു പറയുക. കൃഷ്ണാതുകിൽ=പാഞ്ചാലിയുടെ വസ്ത്രം. ഉഴറുക=ബദ്ധപ്പെടുക. മറുവലർ=ശത്രുക്കൾ. ഇതം=ഹിതം. [അർജ്ജുനനെ വീറുപിടിപ്പിക്കുന്നതിനു വേണ്ടിയാണു് ഈ വക പഴയ കഥകളൊക്കെ (പ്രത്യേകിച്ച ദ്രൗപദീവസ്ത്രാക്ഷേപവൃത്താന്തം മുതലായതു) കൃഷ്ണൻ

പശുസമന്മാർ പാണ്ഡവന്മാരെന്നതു
പല നൃപർ കേൾക്കെപ്പരിഹസിച്ചതും;
ഇവൻ തുണയായിട്ടരക്കില്ലത്തിലി-
ട്ടടച്ചു തീവെച്ചുകളഞ്ഞു നൂറവർ.
ഇവനെക്കൊല്ലുവാനുഴറുക വേണം
പവനപുത്രനു തുണയുമില്ലാരും.
മറവലർമുമ്പിൽ പലനേരമങ്ങ
പെരുമാറുന്നിതിങ്ങിവനറിഞ്ഞാലും."

ഇതി മധുരിപുവരുളിച്ചെയ്തപ്പോ-
ളിതമൊടു ബാണം പൊഴിച്ചു പാർത്ഥനും.
കുറഞ്ഞു പാഞ്ചാലാദികൾക്കു സങ്കടം
നിറഞ്ഞു കർണ്ണൻതന്നരികെ കൗരവർ.
അതിനു നേരെ കൂട്ടിനാൻ മഹാരഥ-
മതിവേഗത്തോടു മുകുന്ദനന്നേരം.
വിജയനെത്തേരിൽ വിളങ്ങിക്കാണായി
വിബുധകലധിപതിയോടുംകൂടി,
തരുണഭാസ്കരനരുണനോടുകൂ-
ടൊരുമിച്ചു തെളിഞ്ഞുദിച്ചതുപോലെ.
ഹരിയുതഹരിഹയതനയനെ
ഹരിണവാജിരാജിതരഥോപരി
ഹരിദശ്വാത്മജനൊടു പൊരുവാനായ്
വരുന്നതു കണ്ടു പറഞ്ഞു ശല്യരും:-

എടുത്തെടുത്തു പറയുന്നതു്.] വിബുധകലധിപതി=കൃഷ്ണൻ. തരുണഭാസ്കരൻ=ബാലസൂര്യൻ. അരുണൻ=സൂര്യന്റെ സാരഥി. ഹരിയുതഹരിഹയതനയൻ=കൃഷ്ണനോടുകൂടിയ അർജ്ജുനൻ. ഹരിണ..........പരി=വെള്ളക്കുതിരകളെക്കൊണ്ടു ശോഭിക്കുന്ന തേരിൽ. ഹരിദശ്വാത്മജൻ=കർണ്ണൻ. വലരിപുതനയൻ=വലരിപു

"പലരൊടും കാണാഞ്ഞിഹ ചോദിച്ചൊരു
വലരിപുതനയനെക്കണ്ടാലും നീ.
മുനികൾ മാനസതളിരിലും ഗോപ-
വനിതമാരുടെ മുലത്തടത്തിലും
ഇരുന്നരുളും മാധവനും താനുമായ്
പരന്ന വൻപടനടുവിലാമ്മാറ
വരുന്നതു നന്നായ്ക്കുളിഞ്ഞു കാൺക നീ
നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽക്കൂട്ടിത്തിറമൊടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടുമണിക്കിരീടവും
കുനുകുനെച്ചിന്നും കുറുനിരതന്മേൽ
നനുനനപ്പൊടിഞ്ഞൊരു പൊടി പററി
തിലകവുമൊട്ടു വിയർപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലീയുഗളഭംഗിയും
അടിയാരേക്കുറിച്ചൊരു കരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മട്ടമൊഴിമാരിൽ വളന്ന രാഗവും
കലഹം കണ്ടൊരത്ഭുതരസങ്ങളും
ചപലന്മാരൊടു കലന്ന ഹാസവു-
മെതിരിടുന്നോക്കു ഭയങ്കരതാവും,

വിൻെറ(ഇന്ദ്രൻെറ)തനയൻ,അർജ്ജുനൻ, ഗോപവനിത=ഗോപസ്ത്രീ. നിറന്ന=നിറമുള്ള, പ്രകാശിക്കുന്ന. തിറം=ഭംഗി. ചികുരം=തലമുടി. മണി=രത്നം. അണിക്കിരീടം=ഭംഗിയുള്ള കിരീടം. ചില്ലീയുഗളം=രണ്ടു പുരികക്കൊടികൾ. അടിയാർ=ആശ്രിതന്മാർ.

പലതുമിങ്ങിനെ നവനവരസ-
മിടയിടക്കുടിക്കലെന്ന നേത്രവും,
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക
സുമന്ദഹാസവുമധരശോഭയും,
തുളസിയും നല്ല സരസിജങ്ങളു-
മിളതായീടിന തളിരുകളുമായ്
ഇടകലൎന്നടനിളകും മാലകൾ
തടയും മുത്തുമാലകളും കൌസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരു കരതലവും കുങ്കുമം
മുഴുക്കെപ്പൂശിന തിരുമറുമാറും,
നിറഞ്ഞ മഞ്ഞപ്പൂന്തുകിലും കാഞ്ചികൾ
പദസരോരുഹയുഗവുമെന്നുടെ
ഹൃദയം തന്നിലങ്ങിരിക്കുംപോലെയ-
മ്മണിരഥംതന്നിലകം കുളുക്കവേ
മണിവൎണ്ണൻതന്നെത്തെളിഞ്ഞു കണ്ടു ഞാൻ

---

മട്ടമൊഴി=സുന്ദരി. സരസിജം=താമരപ്പൂ. തുളസി.........മാലകൾ=വനമാലകൾ. കൌസ്തുഭമണി=കൌസ്തുഭരത്നം. ഗളം=കഴുത്ത്. തിരുമറുമാറ്=തിരുമറു (ശ്രീവത്സലാഞ്ഛനം) ഉള്ള മാറിടം. മഞ്ഞപ്പൂന്തുകിൽ=നല്ല മഞ്ഞപ്പട്ട്. കാഞ്ചി=അരഞ്ഞാൺ. പദ.........യുഗം=താമരപ്പൂപോലെയുള്ള രണ്ടു കാലടികൾ. മണിവൎണ്ണൻ=ഇന്ദ്രനീലക്കല്ലിന്റെ നിറമുള്ളവൻ; ശ്രീകൃഷ്ണൻ.

"നിറന്ന പീലികൾ നിരക്കവേ കുത്തി" എന്നു തുടങ്ങി "മണിവൎണ്ണൻ തന്നെത്തെളിഞ്ഞു കണ്ടു ഞാൻ" എന്നതുവരെയുള്ള വരികളിൽ അതിമനോഹരമായ കേശാദിപാദവൎണ്ണനയാ

വിളയാടീടേണം വിജയനുമായി-
ട്ടിളകാതേ നിന്നു കുറഞ്ഞൊരു നേരം."
'തെളിക്ക തേ'രെന്നു പറഞ്ഞു കണ്ണനും
കളിച്ചു വില്ലൊലി വളർത്തിനാനപ്പോൾ.
കുരുവരൻതാനുമിളയവർകളും
ഗുരുതനയനും കൃപരും ഭോജനും,
അണഞ്ഞു ബാണങ്ങൾ പൊഴിഞ്ഞു മാധവൻ-
തിരുമെയ്തന്മേലും വിജയൻതന്മേലും.

---

ണ് അടങ്ങീട്ടുള്ളതു്. എഴുത്തച്ഛന്റെ ഭക്തിപാരമ്യത്തിനും ഭഗവദ്രൂപവർണ്ണനാപാടവത്തിനും ഒന്നാന്തരം ഉദാഹരണമെന്നു സുപ്രസിദ്ധമാണ് ഈ ഭാഗം. മൂലത്തിൽ ഇതിന്റെ സ്ഥാനത്തു് ശ്രീകൃഷ്ണനെ വർണ്ണിക്കുന്ന ഒരൊററ വാക്കുപോലുമില്ല.

"ഇതാ വരുന്നു ശ്വേതാശ്വം കൃഷ്ണസാരഥിയാം രഥം
ശത്രുക്ഷയം ചെയ്തു പോരിൽ; നീ ചോദിച്ചതില്ലയോ?
........................................................................
ധൈര്യം കൈക്കൊൾക രാധേയ! പാണ്ഡുപുത്രനൊടേല്ക്ക നീ
കിരീടിയിൽ പ്രീതനായ് തേർതെളിക്കും കൃഷ്ണനോടുമേ"

ഇതൊക്കെയാണ് ആ ഘട്ടത്തിലെ മൂലപദ്യങ്ങൾ. ആ സ്ഥിതിക്കു്,

"...................................എന്നുടെ
ഹൃദയം തന്നിലിരിക്കും പോലെയ-
മ്മണി രഥംതന്നിലകം കുളുർക്കവേ
മണിവർണ്ണൻ തന്നെത്തെളിഞ്ഞു കണ്ടു ഞാൻ"

എന്ന ഭാഗം ശല്യരുടെ വാക്കായിട്ടാണ് കിളിപ്പാട്ടിൽ കാണുന്നതെങ്കിലും, എഴുത്തച്ഛൻ പറയുന്നതായിട്ടേ കണക്കാക്കാൻ നിവൃത്തിയുള്ളൂ.

ഇളയവർകൾ=സഹോദരന്മാർ. ഗുരുതനയൻ=അശ്വത്ഥാ

DHARMARAM COLLEGE LIBRARY, BANGALORE. 19390

അരികളെശ്ശരനികരമെയ്തുട-
നരിഞ്ഞരിഞ്ഞിട്ടു നടന്നാനർജ്ജുനൻ.
അകമെ ഭീതിപൂണ്ടകന്നു കൗരവ-
രകലെക്കണ്ടു ഭീമനെ വിജയനും.
നരകരിരഥതുരഗപംക്തികൾ
നടുവിൽ പുക്കുകൊണ്ടനിലനന്ദനൻ
പെരുമാറുന്നതു,മരികുലാന്തകൻ
പലരൊടും പൊരുതിടർ പെടുന്നതും,
പരിചൊടു കണ്ടു പുരന്ദരാത്മജൻ
പരൻ പുരുഷനോടിവണ്ണം ചൊല്ലിനാൻ:-
'തളർച്ച ഭീമനു പൊരുതതിൻ നേരേ
തെളിക്ക തേരും മടിക്കരുതിപ്പോൾ.'
അതു കേട്ടു തേരുമതിൻനേരേ കൂട്ടി
മധുരേശൻ താനും, വിജയനും ചൊന്നാൻ.
"യുധിഷ്ഠിരക്കേതും വശക്കേടുമില്ല,
വധിക്കേണം ഭാനുതനയനെയിപ്പോൾ.
അനുഗ്രഹിക്കേണമതിന്നു ഭീ"മയെ-
ന്നടിതൊഴുതു് കൂപ്പിനാനടുത്തു ഫൽഗുനൻ.
അനക്ഷണമവനനുജ്ഞയും ചെയ്താൻ
കനക്കെ വേഗത്തിൽ തിരിച്ചു പാർത്ഥനും.

---

മാവു്. ശരനികരം—അമ്പിൻകൂട്ടം. നരക....ക്തികൾ=ആളുകൾ, ആനകൾ, തേരുകൾ, കുതിരകൾ. ഇവയുടെ കൂട്ടം. അനിലനന്ദനൻ—ഭീമൻ. അരികുലാന്തകൻ=ശത്രുവംശത്തിന്റെ അന്തകൻ. ഇടർപെടുക=സങ്കടപ്പെടുക. മധുരേശൻ=കൃഷ്ണൻ. ഭാനുതനയൻ=കർണ്ണൻ. ഫൽഗുനൻ=അർജ്ജുനൻ. അനക്ഷണം=ഉടനെ. അനുജ്ഞചെയ്ക=അനുവദിക്കുക. കനക്കവേഗത്തിൽ=വളരെ വേഗ

ത്രിഭുവനമൊക്കെ നടുങ്ങീടും ശംഖ-
ധ്വനിയും തേരുരുളൊലിയും വാദ്യവും
അനിലനന്ദനനലറം നാദവു-
മനുപമമായ ഞ്ഞണനിനാദവും
ത്വരിതമിന്ദ്രനന്ദനനടുത്തപ്പോൾ
കുരുവര സൈന്യം തിരിച്ചു മണ്ടിനാർ;
അതു കണ്ടപ്പോഴേ കൃപഭോജാദിക-
ളെതിർത്താ"രോടാട്ടിനൊരുവരുമിപ്പോൾ,
ഒരു തേരാളിയേ വിജയനുള്ളൂ"തെ-
ന്നരിവരർ ചുഴന്നണഞ്ഞു പോർ ചെയ്താർ.
ശരങ്ങൾ ശക്തികളെരിഞ്ഞ ചക്രങ്ങൾ
ചൊരിഞ്ഞു തേർത്തടം നിറഞ്ഞു മൂടിതേ.
മുറിഞ്ഞിതംബുജാക്ഷനും കിരീടിക്കും
കരിഞ്ഞു പാഞ്ചാലാദികൾക്കു കാന്തിയും
ജനകനെക്കാളുമധികം വേഗത്തി-
ലനിലനന്ദനനടുത്താനന്നേരം.
വളൻ നീലമാമലപോലേ ഭീമൻ
വളഞ്ഞ വൻപടനടുവെ പാഞ്ഞുടൻ
കരികളേയും വൻകുതിരകളെയും
നരവരരഥങ്ങളേയുമൊക്കവേ

ത്തിൽ. ശംഖധ്വനി=ശംഖിൻെറ ഒച്ച. ഒലി=ശബ്ദം. അനുപമം=എതിരില്ലാത്ത. ഞ്ഞണനിനാദം-ഞാണൊലി. ത്വരിതം=വേഗത്തിൽ. ചുഴ°ന്നു°=ചുററും. ശക്തി=വേൽ. എരിഞ്ഞ ചക്രങ്ങൾ=കത്തിജ്വലിക്കുന്ന ചക്രങ്ങൾ. അംബുജാക്ഷൻ=കൃഷ്ണൻ. കരിയുക=വാട്ടുക. കിരീടി=അർജ്ജുനൻ. ('ഭീമൻ അച്ഛനേക്കാൾ വേഗത്തിലടുത്തു' എന്നു വെച്ചാൽ വായുവേഗത്തിൽ

ഗദകൊണ്ടു തച്ചു പൊടിച്ചുകൊന്നുകൊ-
ന്നുദധിയിലോളമൊഴുകി ശോണിതം.
പുരന്ദരവായുതനയന്മാരുടെ
ശരഗദകൾകൊണ്ടുടൽ മുറിയാതെ
ഒരുവരുമില്ല കുരുവരന്മാരിൽ,
ശരണമാരെന്നു പരവശരായി
തരണിനന്ദനന്നരികിലായിതേ;
ശരങ്ങൾ തൂകിനാനവനുമന്നേരം
കരങ്ങളും കാലും മുറിഞ്ഞു പാണ്ഡവർ
പരന്നുചെന്നതു മുടങ്ങീതന്നേരം.
നടിച്ചു പാഞ്ചാലനരവരന്മാരു-
മടുത്തു കേകയനൃപതിവീരരും
അതുലവിക്രമമുടയ സാത്യകി
നകുലനും പിന്നെസ്സഹദേവൻതാനും
ദ്രുപദപുത്രിതൻ തനയവീരരും
വിജയൻതാനുമായണഞ്ഞു പോർ ചെയ്താർ.
അതിനവരൊടു പൊരുതു കണ്ണനു-
മതുകൊണ്ടെല്ലാരും തെളിഞ്ഞു വാഴ്ത്തിനാർ.
പവനനും തീയുമൊരുമിച്ചു പോലെ
പവനപുത്രനും വിജയനും കൂടി
പൊരുതൊടുക്കിനാനരികളെയൊക്കെ.
'ഹര ഹര ഹര ശിവ ശിവ'യെന്നു
പറഞ്ഞു നാരദൻ തെളിഞ്ഞിതേററവും.

---

അടുത്തു എന്നു സാരം.) ഉദധി=കടൽ. ശോണിതം=ചോര. പുരന്ദരവായുതനയന്മാർ=ഇന്ദ്രന്റെയും വായുവിന്റെയും പുത്രന്മാർ. (അർജ്ജുനനും ഭീമനും) ശരഗദകൾ=അമ്പുകളും ഗദയും. തരണീനന്ദനൻ=കണ്ണൻ. അതുലവിക്രമം=എതിരില്ലാത്ത പരാക്രമം.

### ദുശ്ശാസനവധം

പടയ്ക്കു സങ്കടം പെരുത്തതു കണ്ടു.
കടുക്കനെദ്ദുശ്ശാസനനുമെത്തിനാൻ.
മദിച്ചൊരാനയോടെതിർത്ത സിംഹത്തെ
ക്കണക്കെ മാരുതി കുതിച്ചു പാഞ്ഞുടൻ
'കൊതിച്ചിരുന്നിതിങ്ങടുത്തു കാണ്മാൻ ഞാൻ,
ചതിക്കൊല്ലായിനി പൊടുന്നനവെ നീ.
കരുത്തുകാട്ടുവാൻ മനസ്സുണ്ടിന്നെന്റെ
കരത്തിന്റെ ഫലം വരുത്തണമെടോ.'
ഗിരിവരോപരി വരിഷിക്കും പോലെ
ശരവരിഷം ചെയ്തിരുവരുമൊപ്പം
പൊരുത പോരുതൻ കടുമ ചൊല്ലുവാ-
നരുതരുതേതു,മനിലനന്ദനൻ
വിരവിനോടുക്രുടടുത്തു ചൊല്ലിനാൻ-
'വരിക വന്മദം കലർന്ന ദുർമ്മതേ!
വരമിഴിയാളാം ദ്രുപദപുത്രിതൻ
പുരികുഴൽ ചുററിപ്പിടിച്ചിഴച്ചതും,
തെരുതെരെത്തുകിലഴിച്ചതുമോരോ
പരിഭവം ഞങ്ങൾക്കകപ്പെടുത്തതും,

---

പെരുത്തതുകണ്ടു്=വർദ്ധിച്ചതുകണ്ടു്. കടുക്കനെ=പെട്ടെന്നു്. പൊടുന്നനവേ=വേഗത്തിൽ.(നീ പെട്ടന്നു് എന്റെകണ്മുമ്പിൽ നിന്നു് എന്നെ കബളിപ്പിച്ചു് പൊയ്ക്കളയരുതു് എന്നു സാരം.) ഗിരിവരോപരി വരഷിക്കുംപോലെ=വലിയപർവ്വതത്തിന്റെ മുകളിൽ മഴ പെയ്യുന്നതുപോലെ, ശരവരിഷം=ശരവർഷം. പോരുതൻ കടുമ=യുദ്ധത്തിന്റെ ഭയങ്കരത്വം. ചൊല്ലുവാനരുതരുതു്=പറയാൻ തീരെ സാധിക്കയില്ല. വന്മദം=വലിയ അഹങ്കാരം. ദുർമ്മതി=ദുഷ്ടൻ. വരമിഴി=സുന്ദരി. ദ്രുപദപുത്രി=പാഞ്ചാലി പുരികു

മറന്നതില്ല ഞാനതിന്നു നിന്നുടൽ
നരസുരാസുരർ പലരും കാണവേ
അടലിടെ കുത്തിപ്പൊട്ടിപ്പനിപ്പൊ’ഴെ-
ന്നിടിവെട്ടുംവണ്ണം പൊട്ടപൊട്ടെയാത്താൻ.
കുതിരകളെ കൊന്നൊടുക്കി സൂതനെ-
ക്കൊലചെയ്തു തേരുമഴിച്ചാൻ മാരുതി.
ദൃഢപ്രജ്ഞൻ ദുശ്ശാസനനും കോപമോ-
ടെടുത്തു ശക്തികൾ ശരങ്ങൾ ചക്രങ്ങൾ
പൊഴിച്ചു ഭീമൻമെയ് മുറിച്ചു തേരതു-
മഴിച്ചു ചാടിയൊന്നിടിപോലെയാത്താൻ.
എടുത്തിതു ഗദ പുനരിരുവരും
നടിച്ചു തങ്ങളിൽ പൊരുത പോർപോലെ
അടുത്തൊരു യുദ്ധം നടിച്ചുണ്ടായതി-
ല്ലടൽക്കളമൊക്കെപ്പൊടിച്ചിരുവരും.
അടിച്ചാരന്യോന്യം തടുത്താർ പിന്നെയും
കൊടുത്തുകൊള്ളുവാൻ പഴുതുനോക്കിയും
കൊടുത്തു കൊള്ളാതെ കഴിപ്പാൻ നോക്കിയും
തടുത്തു വാങ്ങിയുമടുത്തു തുങ്ങിയും
നടിച്ചിരുവരും പൊരുതതുനേരം
പൊടിച്ചിതു ദുശ്ശാസനനുടെ ഗദ

ഴൽ=തലമുടി. തുകിൽ=വസ്ത്രം. പരിഭവം=അപമാനം. നരസു രാസുരർ=മനുഷ്യരും ദേവന്മാരും അസുരരും. അടലിടെ=യുദ്ധത്തിനിടയ്ക്കു°. ആർത്താൻ=ഗർജ്ജിച്ചു. സൂതൻ=തേരാളി. അഴിച്ചാൻ =നശിപ്പിച്ചു. മാരുതൻ=ഭീമൻ. ദൃഢപ്രജ്ഞൻ=ദൃഢമായ(ഉറച്ച) പ്രജ്ഞ(ബുദ്ധി) ഉള്ളവൻ, ഉൾക്കട്ടിയുള്ളവൻ. ശക്തി=വേൽ. അടല്ക്കളം=പോർക്കളം. കൊടുത്തുകൊള്ളാതെ=പ്രഹരം അങ്ങോട്ടു

പിടിച്ചാനന്നേരമണഞ്ഞു ഭീമനെ-
ക്കടിച്ചു മുഷ്ടികഠം ചുരുട്ടിക്കത്തീയും
പൊടിച്ചൊഴകിന്ന രുധിരം കൈകൊണ്ടു-
വടിച്ചുവീഴ്ത്തിയും മിഴിയിലെച്ചോര
ഝടച്ചും മുഷ്ടികൊണ്ടിടിച്ചും പല്ലുകഠം
കടിച്ചുമൂഴിയിൽ പതിച്ചുമപ്പൊഴേ
പുരണ്ടെഴുന്നേറവം തിരണ്ട കോപത്താ-
ലുരുണ്ട കണ്ണിണ പൊടിയാൽ മൂടിയും
കഴത്തിൽ ക്രുത്തുമൂത്തിരിക്കുന്ന നഖം
പതിച്ചു വായ്പ്പൊട്ടു പറിച്ചുമെത്രയും
തിരിച്ചു കമ്പം കെട്ടിയും ചരണങ്ങഠം
ഞെരിച്ചും കൈത്തലം തിരിച്ചുമാകുലാൽ
പറിച്ചു മൂക്കൊട്ടു തലമുടി ചോര
തെറിച്ചു നാലുദിക്കിലും ചിതറിയും
ഉരത്തൊട്ടു പാഞ്ഞുമുരസ്സു തങ്ങളിൽ
കരത്തൊട്ടു കരമുരച്ചുമൂഴിയിൽ
ഉറച്ചു നിൽക്കയും ചവിട്ടു കൊണ്ടുപോയ്
തെറിച്ചു വീണുപോയുരുണ്ടുമപ്പൊഴേ
ഭയം വരുമാറു കലഹം കണ്ടവർ
ജയം വരും ദുശ്ശാസനനെന്നു ചിലർ,
ജയം വരും വൃകോദരനെന്നു ചിലർ,
ഭയം തെളിഞ്ഞു കാൺകടവെന്നു ചിലർ,

---

കൊട്ടുത്തും എന്നാൽഇങ്ങോട്ടുകിട്ടാതെസൂക്ഷിച്ചും. രുധിരം=ചോര. ചരണങ്ങഠം കമ്പംകെട്ടുക=കാലുകഠം ചുററിപ്പിണയ്ക്കുക. ഉരത്തോട്ട്=ശക്തിയോടുകൂടി; ഊക്കോടുകൂടി. ഉരസ്സ്=മാറിടം. വൃകോദരൻ=ഭീമൻ. കാങ്കടവ്=കാങ്ക + അടവ്=അടവുമുറകഠം

ഭയം വരും കണ്ടാലെനിക്കെന്നു ചിലർ,
ഭയങ്കരമിതു സമര,മെന്നെല്ലാം
പറഞ്ഞു തങ്ങളിൽ വിവദിക്കുന്നേരം
കുറഞ്ഞൊന്നു മാറിക്കളഞ്ഞു മാരുതി
ചുവട്ടിൽ മാറിനിന്നടി രണ്ടും വാരി
ചുവട്ടിലാക്കി മേൽക്കരയേറിക്കര-
മമർത്തു നന്നായിച്ചവിട്ടിനിന്നുകൊ-
ണ്ടമർത്ത്യമർത്ത്യന്മാർ പലരും കാണവേ
ചളിപ്പു കൈവിട്ടങ്ങെടുത്തു കൈവാളാൽ
പൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും
തുടുതുടെപ്പൊടിച്ചുടനുടനുടൻ
ചുടുചുടെത്തിളച്ചുരുവിയാർപോലെ
തുടുതുടെ വന്ന രുധിരപൂരത്തെ-
ക്കുടുകുടെക്കുടിച്ചലറിച്ചാടിയും
പെരുവെള്ളംപോലെ വരുന്ന ശോണിത-
മൊരുതുള്ളിപോലും പുറത്തുപോകാതെ
കവിണ്ണു നന്നായിക്കിടന്നുകൊണ്ടുടൻ
കവിൾത്തടം നന്നായ് നിറച്ചിറക്കിയും
മദിച്ചു മാരുതി ചിരിച്ചു ചൊല്ലിനാൻ
'മതിർത്തിതു നാവുമുദരവുമെല്ലാം.'
കുടർമാല മെല്ലെന്നെടുത്തുകൊണ്ടുടൻ
തുടർമാലപോലെ കഴുത്തിലിട്ടുകൊ-

---

കാണുക. വിവദിക്ക=പറയുക, തർക്കിക്ക. അമർത്ത്യമർത്ത്യന്മാർ=ദേവന്മാരും മനുഷ്യരും. ചളിപ്പ്=മടി; അറപ്പ്. രുധിരപൂരം=രക്തപ്രവാഹം. ശോണിതം=ചോര. മതിർത്തിതു=മധുരിച്ചു, തൃപ്തി

ണ്ടടൽക്കളമെല്ലാം പൊടിപൊട്ടുംവണ്ണ-
മുടനുടൻ ചാടിത്തുടമേലേ തച്ചും
"പശുസമർ പാണ്ഡുസുതന്മാരെന്നല്ലോ
പറഞ്ഞിതു മുന്നം പലരും കേൾക്കവേ.
പരിഹാസത്തോടു മദിച്ചു കൈകൊട്ടി-
ച്ചിരിച്ചു കൃത്താടി നടന്നു നിങ്ങളും.
'പശുസമന്മാർ കൗരവരെന്നിക്കാലം
പറഞ്ഞു ഞാൻതാനുമിതാ കൃത്താടുന്നേൻ.
ഇനിയിക്കള്ളന്മാർകുലത്തിൽ മൂത്തവ-
നെനിക്കൊരുനാളെക്കളിക്കണ്ടായ്വരും.
പൊരുതവനെയുമൊടുക്കി രാജ്യവും
പൊരുളും നൽകുവനരചനുതന്നെ
പൊടുക്കനെവേ"യെന്നുരത്ത മാരുതി
നടിച്ചു നൎത്തകിയോടു കലന്നൊരു
നടപ്രവരനെക്കണക്കെ മത്തനായ്,
നരഹരി ഹിരണ്യനെപ്പിളന്നൊരു
കുരുതിയുമണിഞ്ഞിരിപ്പതുപോലെ
നടക്കുന്നേരമടൽക്കളമെല്ലാം
പൊടിച്ചു മാററാരെയൊടുക്കി വേഗത്തിൽ
കുരുവരസഹോദരന്മാരും വന്നു
പൊരുതാർ മാരുതിയവരെയും കൊന്നാൻ.

---

പൂണ്ടു. കള്ളന്മാർകുലം=കള്ളന്മാരുടെ കൂട്ടം. മൂത്തവൻ=ജ്യേഷ്ഠൻ (ദുര്യോധനൻ). പൊരുൾ=സമ്പത്ത്. അരചൻ=രാജാവ്, ധൎമ്മപുത്രൻ. പൊടുക്കനെവേ=താമസിയാതെ. നൎത്തകി=നടി. നൎത്തകിയോടു കലന്ന=നടിയോടു കൂടിയ. നടപ്രവരൻ=നല്ല ഒരു നടൻ. മത്തൻ=ഗൎവ്വിഷ്ഠൻ, മദിച്ചവൻ. നരഹരി=നരസിംഹം.

പെരുത്ത ദുഃഖവും ഭയവും കൈക്കൊണ്ടു
കുരുക്കളൊക്കവേ തിരിച്ചു മണ്ടിനാർ.
അടുത്തിതു സേനാപതി തനയനാം
പടുത്വമേറിടും വൃഷസേനൻ വീരൻ.
അവനോടു യുദ്ധം കൊടുതായിച്ചെയ്തു
പവനനന്ദനൻ തളർന്നിതു ചെമ്മേ.
അകലുംമുന്നെ വന്നടുത്താനന്നേരം
നകുലനും വാളും പരിചയുമായി;
പകലവനുടെ മകനുമമ്പിനാൽ
ശകലിച്ചാൻ വാളും പരിചയുമപ്പോൾ.
നകുലനുവന്ന പരിഭവം കണ്ടോ-
രതുലവിക്രമമുടയ പാഞ്ചാലൻ
അരികത്തു തന്റെ മരുമക്കളൈവ-
രൊരുമിച്ചുണ്ടെന്നൊരുറപ്പുതന്നാലേ
വിരവിനോടു കൂടടുത്താനന്നേര-
മരികൾകൂട്ടത്തിലകപ്പെട്ടാനവൻ.
അരിഞ്ഞുപോയുടൽ ശരങ്ങളാലെന്ന
പരവശതയോടടുത്തു സാത്യകി.
ഇടിയൊടു നേരായ് മുഴങ്ങും നാദത്തോ-
ടിടകലർന്നിതു പടയതുനേരം.
വൃഷസേനൻ കർണ്ണൻ കൃപരും ഭോജരും
വിഷധരധ്വജൻ ഗുരുതനയനും
മരിക്കേണം പക്ഷേ ജയിക്കേണമെന്ന-
ങ്ങുറച്ചു നന്നായി ശ്രമിച്ചു പോർ ചെയ്താർ.

---

മാററാർ=ശത്രുക്കൾ. സേനാപതിതനയൻ=സേനാനായകന്റെ (കർണ്ണന്റെ) പുത്രൻ. പകലവനുടെ മകൻ=സൂര്യപുത്രൻ, കർണ്ണൻ. ശകലിക്ക=കഷണമാക്കുക. വിഷധരധ്വജൻ=ദുര്യോധനൻ. ഗുരുതനയൻ=അശ്വത്ഥാമാവ്. മരിക്കേണംപക്ഷേജയിക്കേണമെന്നു

നകുലൻ പാഞ്ചാലിയുടെ തനയന്മാർ
പകലവന്നു നേരിയന്ന പാഞ്ചാലൻ
അനിലനന്ദനനരിയ സാത്യകി-
യനുപമനയേ വിജയൻ താനുമായ്
കലഹിക്കുന്നേരം വൃഷസേനൻ വീരൻ
പല ഹയങ്ങളെ കൊലചെയ്തു പിന്നെ
സകലലോകേശവിജയന്മാരുടൽ
ശകലനംചെയ്തു പവനജൻ തന്റെ
രഥവുമെയ്യൊക്കെ പൊടിച്ചലറുമ്പോൾ
'പൊരു നീ ചെയ്ത കരുമനയെല്ലാം
പൊരിക നന്നെ'ന്നു പറഞ്ഞു പാർത്ഥനും
ഒരു ശരം തെരഞ്ഞെടുത്തതുകൊണ്ടു
വിരവൊടു തലയറുത്താനന്നേരം.

### കർണ്ണാർജ്ജുനയുദ്ധം

അടുത്തു കർണ്ണനും വിജയനോടപ്പോ-
ളെടുത്തു ബാണങ്ങൾ തൊടുത്തുടനുടൻ
കൊടുത്താനർജ്ജുന,നിനതനയനും
പടുതമോടവ മുറിച്ചതിൽ പരം
ചൊരിഞ്ഞാനമ്പുകൾ മഴപെയ്യുമ്പോലെ
നിറഞ്ഞു പോക്കളമിടകലർന്നപ്പോൾ

---

റച്ച്=ഒന്നുകിൽ മരണം, അല്ലെങ്കിൽ ജയം, എന്നുനിശ്ചയിച്ച്. പകലവന്നു നേരിയന്ന=സൂര്യന്നു തുല്യം തേജസ്വിയായ. അനുപമൻ=എതിരില്ലാത്തവൻ. ഹയം=കുതിര സകലലോകേശവിജയന്മാരുടൽ=കൃഷ്ണന്റെയും അർജ്ജുനന്റെയും ദേഹം. ശകലനംചെയ്തു=മുറിപ്പെടുത്തുക. പവനജൻ=ഭീമൻ. കരുമന=ഉപദ്രവം, നാശം. പൊരുതു നീ ചെയ്ത കരുമന=നീ യുദ്ധം ചെയ്തു വരുത്തിയ നാശം. പാർത്ഥൻ=അർജ്ജുനൻ.

മറഞ്ഞു ദിക്കുകൾ തരണിബിംബവും
പറഞ്ഞു കണ്ടുനിന്നവരും തങ്ങളിൽ:
വിജയം കർണ്ണനു വരുമെന്നു ചിലർ,
വിജയം പാർത്ഥനു വരുമെന്നു ചിലർ,
ശിവനോടു പറഞ്ഞിതു വിരിഞ്ചനു-
മിവിടെപ്പാർത്ഥനു വരുമത്രേ ജയം.
പലരുമിങ്ങനെ പറയും നേരത്തു
കലഹവുമതിഭയങ്കരമായി.
മലകളും പല കടലു മാശര-
കുലവുമഞ്ചിടുംപടി ഹനുമാനും
അലറിടുന്നിതു തെരുതെരെയപ്പോൾ
ചലിതമോടുടനുറച്ചു കൌരവർ
കുറഞ്ഞതില്ല പോക്കിരുവരുമേതും
പറഞ്ഞു ശല്യരോടിനതനയനും:
പടയോടുകൂടെപ്പൊരുതു ഫൽഗുന-
'നടലിലെന്നെന്നെക്കൊന്നൊടുക്കിടുന്നാകിൽ'
പ്രവൃത്തി ശേഷമെന്തതു ചൊൽകെ'ന്നപ്പോൾ
പ്രവൃദ്ധതാപേന പറഞ്ഞു ശല്യരും:
"അതു വരുന്നാകിലനന്തരം യദു-
പതിയെയും ധനഞ്ജയനെയും കൊന്നു

---

ഇനതനയൻ=സൂര്യപുത്രൻ. പടുത്വം=സാമാർത്ഥ്യം. അതിൽ പരം=അതിനേക്കാളധികം. തരണിബിംബം = സൂര്യബിംബം. വിരിഞ്ചൻ=ബ്രഹ്മാവു്. അലകടൽ=തിരകളടിച്ചുകൊണ്ടിരിക്കുന്ന സമുദ്രം, കോളിളകിയ കടൽ. ആശരകുലം=രാക്ഷസന്മാർ. അഞ്ചുക=ഭയപ്പെടുക. ചലിതം ഇളക്കം, പരിഭ്രമം. കുറഞ്ഞതില്ല പോക്കിരുവരും=രണ്ടുകൂട്ടരും യുദ്ധത്തിനു തീരെ പോരാത്തവരല്ല. അടവു്=യുദ്ധമുറ. പ്രവൃദ്ധതാപേന=വർദ്ധിച്ച സങ്കടത്തോടുകൂടി. അതു വരുന്നാകിൽ=അങ്ങനെ സംഭവിക്കുന്ന പക്ഷം. യദു

ജയം കുരുകുലവരനു നൽകുവാൻ
ഭയം കളക ഭാസ്കരതനയ! നീ."
അരുണനന്ദനനതു കേട്ടേററവു-
മരുണനേത്രത്തോടണഞ്ഞാനന്നേരം.
രഘുകുലവരനിശിചരവര-
രണനിശമനമനുഭവിപ്പിപ്പാൻ
വിബുധനായകതനയനന്നേരം
വബുധകളധിപതിയോടു ചൊന്നാൻ:-
"ജയ ജഗല്പതേ! ജയ ജനാർദ്ദന!
ജയ നാരായണ! ജയ മധുരിപോ!
തരണിനന്ദനൻ വധിക്കിലെന്നെ നി-
ന്തിരുവടിയെന്തു നിനച്ചതു പിന്നെ?
അരുളിച്ചെയ്യണമടിയനോടതെ"-
ന്നുരപെറും ജിഷ്ണു പറഞ്ഞതു നേരം

---

പതി=കൃഷ്ണൻ. ധനഞ്ജയൻ=അർജ്ജുനൻ. കുരുകുലവരൻ=ദുര്യോധനൻ. ഭാസ്കരതനയൻ=കർണ്ണൻ. അരുണനന്ദനൻ=സൂര്യപുത്രൻ. അരുണനേത്രം=ചുവന്ന കണ്ണ്. (ശല്യരുടെ വാക്കുകൾ കർണ്ണന്റെ കോപത്തേയും പരാക്രമത്തേയും വർദ്ധിപ്പിക്കുന്നു. അതാണ് 'കണ്ണുകൾ ചുവപ്പിച്ച് യുദ്ധത്തിനു ചെന്നു' എന്നു പറഞ്ഞതു്.) രഘു........പ്പിപ്പാൻ=രാമരാവണയുദ്ധം അനുഭവത്തിൽ വരുത്തുവാൻ. വിബുധനായകതനയൻ=ഇന്ദ്രപുത്രൻ, അർജ്ജുനൻ. വിബുധകളധിപതി=കൃഷ്ണൻ. മധുരിപു=മധു എന്ന അസുരന്റെ ശത്രു. തരണിനന്ദനൻ=സൂര്യപുത്രൻ. ഉരപെറും=വിഖ്യാതനായ. ജിഷ്ണു=അർജ്ജുനൻ. (അർജ്ജുനന്റെ പത്തു പര്യായങ്ങളിൽ ഒന്നാണിതു്.)

അർജ്ജുനൻ, ഫൽഗുനൻ, പാർത്ഥൻ, കിരീടി, ശ്വേതവാഹനൻ, ബീഭത്സു, വിജയൻ, ജിഷ്ണു, സവ്യസാചി, ധനഞ്ജയൻ.

'രിപുകുലത്തെ ഞാനടയസ്സംഹരി-
ച്ചവനി ധമ്മജൻ തനിക്കു നൽകുവൻ.'
അവനുമന്നേരം ചരണതാരിൽ വ്യ-
ണവനതനായിട്ടുണത്തിച്ചീടിനാൻ:
"അതുക്രുടാതെ ഞാനിവനെക്കൊല്ലുവാ-
നനുജ്ഞ നിന്തിരുവടിയരുളണം."
മുറകെക്കൂട്ടിനാൻ മധുരിപു തേരും
കുറവുക്രുടാതെയടുത്തു കണ്ണനും;
മുറിഞ്ഞിതമ്പുകൊണ്ടുടലിരുവക്കും
മുറ മുറയായിത്തുടങ്ങി നാരിമാർ. 1070

എന്നിവയാണു് ആ പത്തു പര്യായങ്ങൾ.) അടയ = മുഴുക്കെ. അവനി=ഭൂമി, രാജ്യം.

കണ്ണാർജ്ജുനന്മാർ തുല്യവീര്യന്മാരായ രണ്ടു വില്ലാളികളായിരുന്നു. രണ്ടുകൂട്ടക്കും അതറിയുകയും ചെയ്യാം. 'ഒന്നുകിൽ ജയം, അല്ലെങ്കിൽ മരണം' എന്ന ദൃഢനിശ്ചയത്തോടുകൂടിയാണു് രണ്ടുപേരും പോക്കളത്തിൽ ഇറങ്ങീട്ടുള്ളതും. അവക്കു പരസ്പരം ഭയവും ബഹുമാനവും ഒരുപോലെ ഉണ്ടായിരുന്നു എന്നുവേണം വിചാരിക്കാൻ. തങ്ങളുടെ ഭാവിയെപ്പററി രണ്ടുപേക്കും തോന്നിയ സംശയം ഏകരൂപമായതു് ഇതുകൊണ്ടുതന്നെയാണു്. മഹാഭാരതം മൂലത്തിൽ അജ്ജുനൻെറ ചോദ്യത്തിനു ശ്രീകൃഷ്ണൻ പറയുന്ന മറുപടി കുറച്ചുകൂടി ഊജ്ജസ്വലമായി കാണുന്നുണ്ടു്.

"സ്ഥാനാൽ സൂര്യൻ പതിച്ചേക്കാം, തകന്നേക്കാം ധരിത്രിയും.
തണുത്തേക്കാമഗ്നി, കണ്ണൻ കൊല്ലില്ലാ നിന്നെയജ്ജുന!
എങ്ങാനുമതു വന്നെങ്കി,ലിതാ ഞാൻ തീത്തു ചൊല്ലുവൻ:
കണ്ണനേയും ശല്യനേയും പോരിൽ ഞാൻതന്നെ കൊല്ലുവൻ"

ഇവയാണു് മൂലത്തിലെ പദ്യങ്ങൾ.

അനുജ്ഞ=അനുമതി. ഉടൽ=ശരീരം. നാരിമാർ മുറമുറയായിത്തുടങ്ങി=സ്ത്രീകൾ മുറയ്ക്കു മുറവിളികൂട്ടിത്തുടങ്ങി. ശര........

ശരശകലിതകരിതുരഗങ്ങൾ
കരചരണമററടനടൻ വീണും
മഴപെയ്യുമ്പോലെ പൊഴിഞ്ഞു ബാണങ്ങൾ
പുഴകളെപ്പോലെയൊഴുകി ശോണിതം.
ഹര ഹര ഹര ഹര ഹരയെന്നും
ശിവ ശിവ ശിവ ശിവ ശിവയെന്നും
അരിമയോടുകൂടടുത്തു ചൊല്ലിയു-
മരുവയർ മേൽനിന്നിറങ്ങിപ്പുൽകിയും
തെരുതെരേ വീരർ മരിക്കുന്നോരുടെ
പെരുവഴിയായിച്ചമഞ്ഞു ഭാസ്കരൻ-
തിരുവടിയുടൽ നടുവത്തുനേരം.
തെരഞ്ഞു ബാണങ്ങളെടുത്തു കണ്ണനു-
മെരിഞ്ഞ കോപമോടടുത്തതു നേരം,
പ്രളയകാലത്തു ദിനകരബിംബ-
മളവില്ലാതോളമുദിച്ചതുപോലെ,

---

ഗങ്ങൾ=അമ്പുകൊണ്ടു നുറുക്കപ്പെട്ട ആനകളും കുതിരകളും. കരചരണം=കൈകാലുകൾ. ശോണിതം=രക്തം. അരിമ=സ്നേഹം. അരുവയർ=സുന്ദരിമാർ. മരിക്കുന്നോരുടെ പെരുവഴിയായിച്ചമഞ്ഞു=മരിക്കുന്നവർക്കു യാത്രചെയ്യാനുള്ള രാജപാതയായിത്തീർന്നു. ഭാസ്കരൻ........നടുവു്=സൂര്യമണ്ഡലത്തിന്റെ മദ്ധ്യഭാഗം. (യുദ്ധത്തിൽ മരിക്കുന്നവർ സൂര്യമണ്ഡലം വഴി വീരസ്വർഗ്ഗം പ്രാപിക്കുമെന്നും, ദേവസ്ത്രീകൾ ആ വീരന്മാരെ വരിക്കുമെന്നും സങ്കല്പം.

"യുദ്ധത്തിൽ മരിക്കുന്ന വീരന്മാരിനൻവഴി
നാകത്തിൽ ചെന്നെത്തുന്നുവെന്നല്ലോ ചൊല്ലിക്കേൾപ്പൂ;
അത്തരം വീരന്മാരെദ്ദേവനാരിമാരെന്നു-
മുൾത്താരിൽ മോദത്തോടു പുല്കുന്നു സാഭിമാനം"

എന്നും മററുമുള്ള പൗരാണികവാക്യങ്ങൾ ഈ അവസരത്തിൽ സ്മർത്തവ്യങ്ങളാണു്.) ദിനകരബിംബം=സൂര്യബിംബം. ത്രിഭുവ

ത്രിഭുവനമെല്ലാം ദഹിപ്പാൻ കല്പാന്ത-
ദഹനനുജ്ജ്വലിച്ചണയുന്നപോലേ,
അടുത്തു നേരമതിനുടേ നേരേ
പ്രളയകാലാനുഗുണമരുദനു-
ഗതഘനാഘനനിഭകളേബര-
പ്രിയസഖിയായ ധനഞ്ജയനോടും
ശരമയാസാരം തുടങ്ങി പ്ലാവന-
കരന്മാരായിതു ശിവ ശിവ ശിവ!
ദിനകരസുതശരകിരണങ്ങൾ
ശമനംചെയ്യുന്ന സുരപതിസുത-

---

നം=മൂന്നു ലോകവും. കല്പാന്തദഹനൻ=പ്രളയകാലത്തെ അഗ്നി. കല്പാന്തം=പ്രളയകാലം. ഉജ്ജ്വലിക്ക=ആളിക്കത്തുക. പ്രളയ... സഖി=പ്രളയകാലത്തുണ്ടാകുന്നതുപോലുള്ള കൊടുങ്കാററിനാൽ പായിക്കപ്പെടുന്ന കാർമ്മേഘക്കൂട്ടത്തെപ്പോലെ ശോഭിക്കുന്ന ദേഹത്തോടുകൂടിയ ശ്രീകൃഷ്ണന്റെ ചങ്ങാതി. ശരമയാസാരം=ശരങ്ങളുടെ ധാരമുറിയാത്ത വർഷം. പ്ലാവനാകരന്മാർ=വെള്ളത്തിൽ മുക്കുന്നവർ. (ശരപ്രവാഹത്തിൽ ലോകത്തെ മുഴുവൻ മുക്കിക്കളഞ്ഞു എന്നർത്ഥം.) ദിനകരസുതശരകിരണങ്ങൾ=കർണ്ണന്റെ അമ്പുകളുടെ തേജസ്സ്. ശമനം ചെയ്യുക=ശമിപ്പിക്കുക, അടക്കുക. സുരപ........രിഷങ്ങൾ=അർജ്ജുനന്റെ ശരവർഷം.

ഇവിടത്തെ യുദ്ധവർണ്ണന പ്രത്യേകം ശ്രദ്ധേയമാണ്. സൂര്യപുത്രനായ കർണ്ണൻ അസംഖ്യം സൂര്യബിംബങ്ങളുദിച്ചതുപോലെയാണ് അർജ്ജുനനെ സമീപിച്ചതു്; പ്രയോഗിച്ചതാകട്ടേ, കത്തിയെരിയുന്ന അസ്ത്രങ്ങളും. അർജ്ജുനനോ? മഴപെയ്യിക്കാൻ ശക്തിയുള്ള കാർമേഘങ്ങളെപ്പോലുള്ള ദേഹത്തോടുകൂടിയ കൃഷ്ണന്റെ ചങ്ങാതിയും, മേഘവാഹനനായ ഇന്ദ്രന്റെ മകനും; കർണ്ണനെ എതിർക്കുന്നതു 'ശരമയാസാരം' കൊണ്ടാണുതാനും.

ശരവരിഷങ്ങൾ ദഹിച്ചിട്ടുംവണ്ണ-
മെരിയുമസ്ത്രങ്ങൾ പൊഴിഞ്ഞു കൎണ്ണനും;
അരിഞ്ഞരിഞ്ഞവ കളഞ്ഞു ഫൽഗുനൻ
ചൊരിഞ്ഞാനമ്പുകൾ പലതരത്തിലും.
രഘുവരനിശാചരവരസമ
രണവിലോകനകുതുകമോടുടൻ
ഇരുവരോടു നേരൊരുവരില്ലെന്നു
സുരമുനിജനം പുകഴ്ത്തീടുന്നേരം,
കലശസംഭവതനയനാദരാൽ
കലിപുരുഷനാകിയ കുരുകുല-
പ്പെരുമാൾതന്നോടു പറഞ്ഞിതെത്രയും
ചെരിക ലാളിച്ചു, "വരികരച! നീ
പല ഗുണങ്ങളോടവനിയും വാണു
പല കാലം വാഴ്ക നൃപശിഖാമണേ!
മതി മതി രണ,മതിഭയം വരു-
മതിചതുരത കലൎന്ന ശ്ശൂരന്മാർ
സുരവരദിനകരസുതന്മാരോ-
ടൊരുവരില്ല നേർ ധനുസ്സെട്ടത്തിൽ.

---

സൂൎയ്യനിൽനിന്നുണ്ടാകുന്ന അത്യുഷ്ണത്തെ ശമിപ്പിക്കാൻ കാർമേഘങ്ങൾക്കും അവയിൽനിന്നുണ്ടാകുന്ന 'പെരുമഴ'യ്ക്കും മാത്രമല്ലേ കഴിയൂ?

രഘു...................കുതുകം=രാമരാവണന്മാരുടേതുപോലുള്ള യുദ്ധം കാണാനുള്ള കൗതുകം. കലശസംഭവതനയൻ=ദ്രോണപുത്രനായ അശ്വത്ഥാമാവു്. കലിപുരുഷൻ=പുരുഷരൂപംപൂണ്ട കലി. കുരുകുലപെരുമാൾ=ദുൎയ്യോധനൻ. അതിചതുരത=വലിയ സാമൎത്ഥ്യം. സുരവരദിനകരസുതന്മാർ=ഇന്ദ്രപുത്രനും സൂൎയ്യ

പിഴച്ചീലേതുമൊരടവുകളാക്കെ-
മൊഴിച്ചുപോകയില്ലിവരിരുവരും.
നിരക്കണം പാണ്ഡുതനയന്മാരൊ,ടി
ന്നൊരിക്കലും വൈരം നിനയ്ക്കരുതിനി.
പിണക്കം നല്ലവരൊടു നന്നല്ലേതു-
മിണക്കം വേണ്ടുവതവരൊടു നൂനം.
മൊഴിഞ്ഞതെന്തൊന്നു മുകുന്ദനെന്നാല-
തൊഴിഞ്ഞു ചെയ്കയില്ലിവരറിഞ്ഞാലും.
തുണ നാരായണനവർകൾക്കെപ്പോഴും;
പണിയുണ്ടോ പിന്നെജ്ജയിച്ചുകൊള്ളുവാൻ?
പടത്തലവന്മാരിരുവരേയും ഞാ-
നടൽക്കളമതിൻനടുവിൽ പുക്കുകൊ-
ണ്ടകറവാൻ, പക്ഷേ പറഞ്ഞാലു,മെന്നാൽ
പകച്ചുപോകാതെയിനിയുള്ള കാലം
അകക്കുരുന്നേറെത്തെളിഞ്ഞു ധർമ്മജൻ
നിനക്കു രാജ്യവും പകുത്തു തന്നിടും.
ഉടപ്പമേറിടുമവരുമായ് നന്നാ-
യടുത്തവണ്ണം മേദിനിയും വാണു നീ
സുഖിച്ചിരിപ്പതിന്നുദിക്ക മാനസം,
നശിക്കുമല്ലായ്കിലടലിൽ നീ താനും.
രവിതനയനേ വിജയൻ കൊല്ലു,മൊ-
രപജയമവനകപ്പെടാ താനും."
ഗുരുസുതനിതു പറഞ്ഞതുനേരം
കുരുപതിതാനുമവനൊടു ചൊന്നാൻ:—

---

പുത്രനും. നിരക്കുക=സന്ധിയാവുക. ഉടപ്പം=ചാച്ച്. മേദിനി=ഭൂമി. അടൽ=യുദ്ധം. അടുത്തതമ്പി=ദുശ്ശാസനൻ. രുധി

"അടുത്ത തമ്പിതന്നുടേ രുധിരത്തെ-
ക്കുടിച്ചതെങ്ങിനേ മറന്നിടുന്നു ഞാൻ!
അവരുമായ് സുഖിച്ചവനി വാഴുവാ-
നവകാശം വന്നാലതു പൊറുതിയോ?
എനിക്കവരെയുമവർകൾക്കെന്നെയും
മനക്കുരുന്നിൽ തേറരുതറിഞ്ഞാലും."
പലവുമിത്തരം പറയുന്നനേരം
വലരിപുതനയനുമംഗേശനും
പലവിധമസ്ത്രങ്ങളും പ്രയോഗിച്ചു
ഫലം വന്നീലേതുമതിന്നൊരുവർക്കും.
വിജയൻ പാവകശരമയച്ചതു
വരുണാസ്ത്രംകൊണ്ടു തടുത്തു കർണ്ണനും.
എടുത്തു പാർജ്ജന്യമയച്ചു ഫൽഗുനൻ
തടുത്തു വായവ്യമതിനാലംഗേശൻ.
ഝടിതി പാർവ്വതമയച്ചിതർജ്ജുനൻ
തടുത്തു വജ്രാസ്ത്രമതിനാലംഗേശൻ.
പല ദിവ്യാസ്ത്രങ്ങളിരുവരുമൊപ്പം
തുലിതന്മാരായി പ്രയോഗിക്കുന്നേരം
ദലിതദേഹനായ് ചമഞ്ഞിതു പാർത്ഥൻ
ചലിതചിത്തനായിതു മുകുന്ദനും.
കലിതമോദമോടണഞ്ഞു കൌരവർ
നിലവിളിച്ചിതു നിവിരെയന്നേരം.

---

രം=ചോര. അവകാശം വന്നാൽ=ഇടയായാൽ. പൊറുതി=സഹിക്കാവുന്നതു്. തേറുക=സ്മരിക്കുക. പാവകശരം=ആഗ്നേയാസ്ത്രം. ദലിതദേഹൻ=ഉടൽ മുറിഞ്ഞവൻ. ചലിതചിത്തൻ=മനസ്സിളകിയവൻ. കലിതമോദം=വർദ്ധിച്ച സന്തോഷം. നിവിരെ=ഉറക്കെ. നിലവിളിച്ചിതു നിവിരെ=ഉച്ചത്തിൽ ഗർജ്ജിച്ചു.

## കണ്ണവധം

അടുത്തു പാർത്ഥനോടുരചെയ്തു ഭീമ-
"നൊട്ടക്കിടേണം കണ്ണനെ നിമിഷം നീ.
പടയ്ക്കിളക്കമുണ്ടറിഞ്ഞിതോ ഭവാൻ?
നടുക്കമുൾക്കൊണ്ടു തിരിച്ചു മണ്ടുകിൽ,
ഒരുത്തരുമില്ല പൊറുപ്പിച്ചുകൊൾവാൻ;
കരുത്തരായുള്ളോർ കിഴച്ചിരിക്കുന്നു.
ഉരത്തിരിക്കുന്ന ശരത്തിനാലൊക്കെ
തരക്കേടുണ്ടെന്നു ധരിച്ചിരിക്കണം.
എനിക്കുമുണ്ടൊട്ടു തളർച്ചയിന്നിപ്പോൾ
മനക്കുരുന്നേതുമിളക്കമെന്നിയേ
വധിക്ക കണ്ണനെ,യവനിതുകാലം
ചതിക്കും നമ്മെയെന്നറിഞ്ഞിരിക്കണം."

മുകുന്ദനിന്ദിരാരമണൻ ഗോവിന്ദ-
നഖണ്ഡനംബുജനയനൻ മാധവൻ
അരുളിച്ചെയ്തിതു പവനനന്ദനൻ
പറഞ്ഞതുപോലെ പലതരമപ്പോൾ
ചൊരിഞ്ഞിതു ശരനികരമർജ്ജുനൻ
ചൊരിഞ്ഞിതു ചോര രവിതനയനും.
കരിഞ്ഞിതു ഭാവം കുരുവരന്മാർക്കും
ചരിഞ്ഞിതു നിന്ന ചതുരംഗങ്ങളും.
പൊരിഞ്ഞു തീക്കണം തെറിച്ചിടുംവണ്ണം
തെരഞ്ഞു ബാണങ്ങളയച്ചു കണ്ണനും

---

നടുക്കം=ചാഞ്ചല്യം. തിരിച്ചുമണ്ടുക=പിൻതിരിഞ്ഞോടുക. പൊറുപ്പിക്ക=അടക്കിനിർത്തുക. കിഴയ്ക്കുക=ക്ഷീണിക്കുക. ഉരത്തിരിക്കുന്ന=വളരെ ശക്തിയുള്ള, ഭയങ്കരമായ. നികരം=കൂട്ടം. രവിതനയൻ=കണ്ണൻ. ചരിഞ്ഞു=വീണു. ചതുരംഗങ്ങൾ=നാലംഗപ്പ

കരഞ്ഞു മണ്ടുന്നു കരിവരന്മാരും
പിരിഞ്ഞു കേഴുന്നു പരന്ന കാലാളും.
തിരിഞ്ഞു നില്പവരവയവങ്ങളെ-
യരിഞ്ഞരിഞ്ഞിട്ടുതുടങ്ങി പാൎത്ഥനും.
കുറഞ്ഞീലേതുമേ രവിസുതൻ, ബാണം
മുറിഞ്ഞു വീണുവീണടൽക്കളമെല്ലാം
നിറഞ്ഞു ഭാനുമണ്ഡലവുമന്നേരം
മറഞ്ഞു ദിക്കുകൾ തിരിക്കായീലാൎക്കും
മുറിഞ്ഞു വീഴുന്നു രഥങ്ങളുമെല്ലാം
കുറഞ്ഞു കൎണ്ണന്റെ വിരുതു സൎവ്വവും.

ഒരു മുഹൂൎത്തത്തിന്നിടയ്ക്കു കൎണ്ണനു
തെരുതെരേ മരിച്ചിതു പടയെല്ലാം.
മുറിഞ്ഞു വീഴുന്നു മദഗജങ്ങളും
തിരിഞ്ഞു മണ്ടുന്നു തുരഗപംക്തിയും.
ശരങ്ങൾകൊണ്ടുടൻ മുഴുവൻ മൂടുന്നു
മുറിഞ്ഞുവീഴുന്നു കൊടിമരങ്ങളും.
പടയ്ക്കു നാശം വന്നതു കണ്ടു കൎണ്ണ-
നടുത്തു നാഗാസ്ത്രമെടുത്തു വേഗത്തിൽ
തൊടുത്തു പാണ്ഡവൻ മിഴികൾക്കു നേരേ;
പടുത്വമോടു ശല്യരുമുരചെയ്തു.
“പിഴയ്ക്കുമമ്പതങ്ങയയ്ക്കൊല്ലാ കൎണ്ണാ!
കഴുത്തിനു നേരേയയയ്ക്കൂ”ന്നു ശല്യർ

---

ടകൾ. കുറഞ്ഞീ........സുതൻ=കൎണ്ണനും ഒട്ടും കുറച്ചില്ല. അടൽക്കളം=പോൎക്കളം. ഭാനുമണ്ഡലം=സൂൎയ്യമണ്ഡലം. തിരിക്കായീല=തിരിച്ചറിയാൻ കഴിഞ്ഞില്ല. തുരഗപംക്തി=കുതിരക്കൂട്ടം. പടുത്വം=സാമൎത്ഥ്യം. ചതിക്കൊല്ലാ സത്യം പിഴയ്ക്കൊല്ലാ=യുദ്ധ

പറഞ്ഞതുകേട്ടു പറഞ്ഞു കർണ്ണനും
"പറഞ്ഞതു നന്ന,തറിഞ്ഞു വൈകാതേ
തൊടുത്ത ബാണം ഞാനെടുത്തിനി വീണ്ടും
തൊടുക്കയില്ലെന്നു ധരിച്ചിരിക്കണം."
ജ്വലിച്ച നാഗാസ്ത്രമണയുന്നനേരം
ജ്വലിച്ചിതു ചിത്തം സുരജനങ്ങൾക്കും.
"തിരിക്കയില്ലയ്യോ ശര,മിതുകൊണ്ടു
മരിക്കുന്നായോ നീ മമ സഹോദര?
ചതിക്കൊല്ലാ സത്യം പിഴയ്ക്കൊല്ലാ''യെന്ന-
ങ്ങതിപ്രമോദേന പറഞ്ഞു കർണ്ണനും.
വിധിബലമയ്യോ ശിവ ശിവയെന്നു
വിഷണ്ണന്മാരായിച്ചമഞ്ഞിതേവരും.
തെളിഞ്ഞിതശ്വസേനനുമതുനേരം
വിളങ്ങി തക്ഷകമുഖങ്ങളുമെല്ലാം.
പല നിലയിലും പല പ്രകാരവും
പല നാളും കാത്ത പരൻ പുരുഷനും
നിനച്ചുകൊണ്ടു പാണ്ഡവനുടെ രഥം
നിലത്തൊരെവിരലമർത്തു താഴ്ത്തിനാൻ.
മുടിയൊടുകൂടെയെരിഞ്ഞു പാണ്ഡവൻ-
മകുടവുംകൊണ്ടു നടന്നു ബാണവും.

---

ത്തിനു പുറപ്പെടുമ്പോൾ കർണ്ണൻ ദുര്യോധനനോടു് "ഞാൻ തിരിക്കില്ലര്ജ്ജുനനെപ്പോരിൽ കൊല്ലാതെ ഭാരത!" എന്നു സത്യം ചെയ്തിരുന്നു. ആ സത്യമാണു് ഇവിടെ വിവക്ഷിതം. [ഖാണ്ഡവവനം ദഹിപ്പിച്ചതുനിമിത്തം അശ്വസേനനും തക്ഷകനും (രണ്ടു സർപ്പങ്ങൾ) അർജ്ജുനന്റെ നേരെ വിരോധമുണ്ടായിരുന്നു. ഇപ്പോൾ അർജ്ജുനനു് ആപത്തുവരാൻ പോകുന്നതു കണ്ടു്

പുനരിരുവരും പെരുമഴപോലെ
പുനരപി വേഗാലെടുത്തു ബാണങ്ങൾ
പൊഴിഞ്ഞതിനാലേ നിറഞ്ഞിതുഴിയും
പൊഴിഞ്ഞൊഴുകുന്നു രുധിരവാരിയും.
മറഞ്ഞിതു ഖരകിരണബിംബവും
നിറഞ്ഞിരുട്ടായിച്ചമഞ്ഞു ലോകവും.
അകന്നു കണ്ടുനിന്നവർകളുമെല്ലാം
പകന്നു ഭാവവും പകലവനപ്പോൾ.
വിരവൊടർജ്ജുനനൊരു ശരംകൊണ്ടു
വിളങ്ങും കുണ്ഡലം കളഞ്ഞാനന്നേരം.
വിജയനേയും കേശവനെയുമെയ്തു
വിഗതഭീതിയോടടുത്തു കൎണ്ണനും.
ഝടിതി തേരുരുളവനിയിൽ താണു
തടഞ്ഞിളകാതേ ചമഞ്ഞിതന്നേരം.
ഒരു ശസ്ത്രാസ്ത്രങ്ങൾ വഴിയെ തോന്നീല
ഗുരുശാപത്തിനാലതുമകപ്പെട്ടു.

---

അവർ സന്തോഷിക്കുന്നു.] ഖരകിരണബിംബം=സൂൎയ്യബിംബം. പകലവൻ=സൂൎയ്യൻ. പകന്നു ഭാവവും പകലവനു്=സൂൎയ്യൻെറ ഭാവവും പകന്നു; സൂൎയ്യനും വല്ലാതായി. (പുത്രൻെറ ദയനീയമായ നിലകണ്ടും ആസന്നമായ മരണത്തെ ഓൎത്തും സൂൎയ്യനു സങ്കടം തോന്നി എന്നു സാരം.) വിജയൻ=അർജ്ജുനൻ. കേശവൻ=കൃഷ്ണൻ. വിഗതഭീതിയോടു്=പേടികൂടാതെ. ഝടിതി=വേഗത്തിൽ. തേരുരുൾ=രഥചക്രം. അവനി=ഭൂമി.

**കൎണ്ണനു കിട്ടിയ ഗുരുശാപം**—താൻ ഒരു ബ്രാഹ്മണനാണെന്നു പറഞ്ഞിട്ടാണു് കൎണ്ണൻ പരശുരാമൻെറ അടുക്കൽ ആയുധവിദ്യ അഭ്യസിച്ചതു്. ഒരു ദിവസം ഉച്ചയ്ക്കു് പര

ജഗതി ദാനശീലരിൽ മുൻപുള്ളവൻ
ജനമനോഹരൻ വിമലനംഗേശൻ
നിരൂപിച്ചു വിധിബലമിതെന്നതും
വരുമിപ്പോൾ മമ മരണമെന്നതും
വളരെ ധർമ്മം ചെയ്തവൎക്കപജയം
വരികയില്ലെന്നതൊരു പൊളിയത്രെ.

---

ശുരാമൻ ശിഷ്യന്റെ മടിയിൽ തലവെച്ചു് ഉറങ്ങുകയായിരുന്നു. ഒരു കീടം വന്നു് കർണ്ണന്റെ കാലിന്മേൽ കടിച്ചു. സഹിക്കവയ്യാത്ത വേദന തോന്നിയെങ്കിലും, ഗുരുവിന്റെ നിദ്രയ്ക്കു ഭംഗം വരുമെന്നു കരുതി കർണ്ണൻ അനങ്ങാതെയിരുന്നു. ഗുരു ഉറക്കമുണർന്ന അവസരത്തിൽ കീടം കടിച്ച സ്ഥലത്തു് ചോരപൊടിഞ്ഞിരിക്കുന്നതു കണ്ടു. കർണ്ണനോടു് ചോദിച്ചു് അദ്ദേഹം കാൎയ്യം മനസ്സിലാക്കി. ഒരു ബ്രാഹ്മണനു് ഇത്ര സഹനശക്തി കാണുകയില്ലെന്നും, പരമാൎത്ഥം തുറന്നുപറയണമെന്നും, പരശുരാമൻ ആവശ്യപ്പെട്ടു. കർണ്ണനു സത്യം പറയേണ്ടിവന്നു. "കളവുപറഞ്ഞു പഠിച്ച വിദ്യ വേണ്ടസമയത്തു തോന്നാതെപോകട്ടെ" എന്നദ്ദേഹം ശപിച്ചു. ഇതാണു് കർണ്ണനുപററിയ ഗുരുശാപം.

കർണ്ണൻ ഒരിക്കൽ അറിയാതെ ഒരു ബ്രാഹ്മണന്റെ പശുവിനെ കൊന്നുകളയുകയാൽ, "യുദ്ധത്തിൽ ആപൽഘട്ടം വരുമ്പോൾ നിന്റെ രഥചക്രം പൂഴിയിൽ ആണ്ടുപോകട്ടെ" എന്നു് ആ ബ്രാഹ്മണനും കർണ്ണനെ ശപിക്കുകയുണ്ടായി.

ജഗതി=ലോകത്തിൽ. ദാനശീലരിൽ മുമ്പൻ=വലിയ ദാനശീലൻ. (കർണ്ണന്റെ ദാനശീലം പ്രസിദ്ധമാകുന്നു. പിതാവായ സൂൎയ്യൻ മുന്നറിവു നല്കീട്ടും, ആത്മനാശത്തെപ്പോലും വകവെയ്ക്കാതെ, തന്റെ കവചകുണ്ഡലങ്ങൾ ബ്രാഹ്മണവേഷധാരിയായ ദേവേന്ദ്രനു ദാനംചെയ്ത ആളാണു് കർണ്ണൻ. മഹാകവി ഉള്ളൂരിന്റെ 'കർണ്ണഭൂഷണം', ഭാസമഹാകവിയുടെ 'കർണ്ണഭാരം' മുതലായ കൃതികളിൽ ഈ ഇതിവൃത്തമാണു് പരാമൃഷ്ടമായിട്ടുള്ളതു്.) വിമലൻ=പരിശുദ്ധൻ. അംഗേശൻ=കർണ്ണൻ. അപജയം=

പറഞ്ഞിതു പുനരനുജനോടേവം.
"അറിഞ്ഞിതാരേറെയറിവു നിന്നോളം?
അധർമ്മം ചെയ്കയില്ലൊരുനാളും ഭവാ-
നതു മനസ്സിൽ ഞാനറിഞ്ഞിരിക്കുന്നു.
വിരവൊടു തേരിങ്ങുയർത്തികൊൾവോള-
മൊരു ശരമെയ്യാതിരിക്കണമിപ്പോൾ"
പറഞ്ഞു തേരുരുളെടുപ്പാൻ ഭാവിച്ചി-
ട്ടൊരുതരത്തിലുമിളകീലാ ചക്രം.
അരുളിച്ചെയ്തിതു മുകുന്ദനന്നേരം:-
പെരികെ നന്നു നീ പറഞ്ഞ,തൊന്നുമേ
തിരിഞ്ഞില്ലേതും നീ പറഞ്ഞ,തിന്നി നീ
പറഞ്ഞിടേണം ഞാനറിഞ്ഞിടുംവണ്ണം
'ജയതി ധർമ്മ'മെന്നൊരു മൊഴി ചൊന്ന-
തറിഞ്ഞു നിന്നോടു പറഞ്ഞതാരിപ്പോൾ?
എവിടെപ്പോയിരുന്നിതു മുന്നം ധർമ്മ,-
മെവിടേനിന്നിപ്പോളിവിടേക്കു വന്നു?
പലവുരു നിങ്ങൾ പലരുമൊന്നിച്ചു
പൊരുതു കള്ളച്ചൂതുകപ്പെടീച്ചന്നും,
നൃപതിതന്നുടെ സഭയികൽനിന്നു
ദ്രുപദപുത്രിയെ പിടിച്ചിഴച്ചന്നും,
പതിവ്രതയാകുമവളുടെ തുകി-
ലധികം വേഗത്തിൽ പിടിച്ചഴിച്ചന്നും,
അരക്കില്ലത്തിലിട്ടടച്ചു തീയും വെ-
ച്ചൊരുക്കി സംസ്കാരാദികൾ നിങ്ങളന്നും,

---

തോൽവി. പൊളി=കളവു്. അനുജൻ=സഹോദരനായ അർജ്ജുനൻ. ജയതി ധർമ്മം=ധർമ്മം ജയിക്കുന്നു. മുന്നം=മുൻപു്. അവവർ=

പവനപുത്രനു വിഷംകൊടുത്തതും-
മവനെപ്പാമ്പിനാൽ കടിപ്പെടുത്തതും,
അതികുമാരനാമഭിമന്യുതന്നെ
വധിച്ചു കൂടാഞ്ഞു വിഷണ്ണന്മാരായി
അറുവരൊന്നിച്ചിട്ടറുകുലയായോ-
രറിവുകൂടാതെ ചതിച്ചുകൊന്നതും
പലനാളും നിങ്ങൾ പലരുമൊന്നിച്ചു
പല തരം ചെയ്തോരധർമ്മകർമ്മങ്ങൾ
ഫലിച്ചി,തന്നെങ്ങു ജയിക്കുന്നു ധർമ്മം?
ഫലിക്കയില്ലല്ലേ? സ്വകർമ്മമെന്നിയേ.
ഇനിയെന്തു പാർത്ഥ! പതുക്കെ നില്ക്കുന്ന-
തിനതനയനെ വധിക്ക വൈകാതെ.
ഇവനൊരാണിയെന്നറിക നൂറവർ-
ക്കിവനറിഞ്ഞത്രേ ചതികളെപ്പേരും."
പ്രഗത്ഭതയുള്ള ധനഞ്ജയനേവം
ജഗൽപതിയുടെ വചനം കേട്ടപ്പോൾ
നിശിതമായൊരു മയിർവാളമ്പെട്ടു-
ത്തുചിതമെന്നു കാണുമവർക്കു തോന്നുമാ-
റരുണനന്ദനൻ തലയറുത്തുടൻ
ധരണിയിലിട്ടാൻ ഝടിതി ഫൽഗുനൻ.
ജയ ജയ ശബ്ദം ജഗതി പൂരിച്ചു
ജയം വിജയനു ലഭിച്ചതുമൂലം.
തപനമണ്ഡലം ഝടിതി ഭൂമിയിൽ
പതനംചെയ്തതുകണ്ടക്കെ കർണ്ണൻതൻ-

---

ആറു പേർ. (ധർമ്മയുദ്ധമുറയ്ക്കു വിപരീതമായി ആറു മഹാരഥന്മാർ ഒന്നിച്ചു ചേൻ്നാണു് അഭിമന്യുവിനെ കൊന്നതു്. കർണ്ണനും ആ കള്ളപ്പോരിൽ പങ്കുണ്ടായിരുന്നു.) നിശിതം=മൂർച്ചയുള്ള.

വദനപങ്കജം പതിച്ചു ഭൂമിയി-
ലുയൎന്നു ദേഹിയുമൊളിയൊടുകൂടെ;
നടന്നു കൌരവരതിശോകത്തൊടും.
വിവിധമംഗലസ്തുതികൾ വാദ്യങ്ങൾ
വിബുധഭൂസുരജയനിനാദങ്ങൾ
പവനജനലറിന നിനാദവും
ഭുവനവാസികൾ പുകഴ്ത്തും നാദവും
സവനഭോജനതരുണിഗാനവും
പുടപുഴങ്ങുമാറിവറെറക്കൊണ്ടുടൻ
കടൽപോലെയുള്ള പടയുമായ് പാൎത്ഥൻ
ഉടലിൽ സ്വേദശോണിതങ്ങളുമണി-
ഞ്ഞടൽനിലംതന്നിൽ വിളങ്ങിടുന്നേരം,
കുസുമവൃഷ്ടിയും തലയിലേറേററ
മധുരിപുവുമായ് നടന്നു മെല്ലവേ.
അനുപമനായ വിജയൻതാനുമാ-
യിനസുതാത്മജൻ ചരണതാരിണ
തൊഴുതു വീണുടൻ നമസ്കരിച്ചിതു
തൊഴുതെഴുന്നേററ സപദി ധൎമ്മജൻ
അഖിലലോകേശമുഖവും നോക്കിനാ-
നനുജന്മാരെയുമണച്ചു പുല്കിനാൻ.
തലയിലശ്രുക്കൾ പലവുരു വീഴെ-
പ്പലവുരു മുകൎന്നിതു നരപതി.

---

മയിർവാളമ്പ്=ഒരുതരം അമ്പ്. സവനഭോജനതരുണിഗാനം =ദേവസ്ത്രീകളുടെ പാട്ട്. പുടപുഴങ്ങുക=പ്രതിദ്ധ്വനിക്ക. സ്വേദശോണിതങ്ങൾ=വിയൎപ്പും ചോരയും. കുസുമവൃഷ്ടി=പുഷ്പവൃഷ്ടി. ഇനസുതാത്മജൻ=സൂൎയ്യപുത്രനായ കാലന്റെ മകൻ.

ARAM COLLEGE LIBRARY, BANGALORE. 19390

'പെരികെ നന്നല്ലോ വിജയൻ കൎണ്ണനെ-
പ്പൊരുതു കൊന്നതെ'ന്നരുൾചെയ്തു കൃഷ്ണൻ.
ചെറ്റു പുഞ്ചിരി കലൎന്നു ധൎമ്മജൻ
മുരഹരനൊടു പറഞ്ഞിതീവണ്ണം:-
"അതു പുനരെന്തു വിചിത്രമായതു
മധുരിപോ! മലർമകൾമണവാള!
നിഖിലലോകവുമകത്തടക്കിയും
പുറത്തു കാട്ടിയുമതിനെ രക്ഷിച്ചും
പല കാലങ്ങളും പല പ്രകാരവും
ചില ലീലകളിലെഴുന്ന മായയിൽ
മുഴുകി മോഹിച്ചു മരുവുന്ന ലോകം
മുഴുവൻ നിൻതിരുവടിയല്ലോ നൂനം.
അടിയാരാം ഞങ്ങൾക്കുടയ നിന്തിരു-
വടി തുണയായാലരുതാതെയുണ്ടോ
ജഗതി സംപ്രതി ചെറ്റു കാൎയ്യ"മെ-
ന്നണിമിഴികളിലൊഴുകും നീരൊടു
യുധിഷ്ഠിരൻ പറഞ്ഞളവു ലോകങ്ങൾ-
ക്കധിഷ്ഠാനമായ മുരരിപു ചൊന്നാൻ:-
"ശമദമയമനിയമസത്യങ്ങ-
ളമിതസൽഗ്ഗുണമുടയ നിന്നുടെ
ഛലവിമുഖമാം വിമലകൎമ്മത്തിൻ-
ഫലമിതു ജയം വരുന്ന,തിന്നിയും

---

ശമ.....സത്യങ്ങൾ=ശമവും (ഇന്ദ്രിയനിഗ്രഹം) ദമവും (ബാഹ്യവൃത്തിനിഗ്രഹം) യമവും (അഹിംസാബ്രഹ്മചൎയ്യാദികൾ) നിയമവും(തപശ്ശൌചാദികൾ)സത്യവും അമിതസൽഗ്ഗുണം=അളവില്ലാത്ത നല്ല ഗുണങ്ങൾ. ഛലവിമുഖം=നിൎവ്വ്യാജമായ. വിമലകൎമ്മം=

പല പ്രകാരവും ജയം വരുമെന്നും
നലമുള്ള നിങ്ങൾ സുഖിച്ചു വാഴ്കെ"ന്നും
മധുരമായുടനരുളിച്ചെയ്യൊരു
മധുരാനാഥനും വിജയനും മററും
അനിലനന്ദനദ്രുപദന്മാരൊട്ടു-
മനുപമനായ യമതനയനും
തെളിഞ്ഞു കൈനിലയകത്തു മേവിനാർ;
വിളങ്ങി മററുള്ള സുഹൃജ്ജനങ്ങളും.

പലനേരം പറഞ്ഞരുതേതുമെന്നു
പറഞ്ഞടങ്ങിനാൾ കിളിമകൾതാനും.

ശ്രീ മഹാഭാരതം കിളിപ്പാട്ടിൽ കണ്ണപർവ്വം കഴിഞ്ഞു.

---

സൽകമ്മം. മധുരാനാഥൻ=കൃഷ്ണൻ. അനിലനന്ദനദ്രുപദന്മാർ=ഭീമസേനനും ദ്രുപദരാജാവും. യമതനയൻ=ധമ്മപുത്രർ. പല......തേതും=വളരെ നേരമായി കഥപറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ക്ഷീണിച്ചു തനിക്കു് ഇനി ഒട്ടും പറയാൻ ശക്തിയില്ല.

DC Library
*00019390*
T61 H23

മഹാഭാരതം

# കൎണ്ണപൎവ്വം

എഴുത്തച്ഛൻ

വ്യാഖ്യാതാ:

എ.ഡി.ഹരിശൎമ്മ

T61/H23